ഉഴവൂർ ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട്

"ഉഴവൂരിലൂടെ....." 1996



കേരളം

കോട്ടയം ജില്ല


MAP OF
KOTTAYAM DISTRICT
SCALE - 1 INCH = 3 MILES
REFERENCE
DISTRICT BOUNDARY
TALUK BOUNDARY
BLOCK BOUNDARY
IMPORTANT ROADS
RAILWAYS
LAKES
RIVERS
ERNAKULAM DISTRICT
TO ERNAKULAM
TO MOOVATTUPUZHA
TO THODUPUZHA
PIRAVAM ROAD R.S
VAIKOM ROAD R.S
MEENACHIL TALUK
VAIKOM TALUK
VAIKOM BLOCK
KADUTHURUTHY BLOCK
UZHAVOOR BLOCK
LALOM BLOCK
PALAI
BRATTUPETTA BLOCK
TO VAGAMON
ETTUMANOOR R.S
ETTUMANOOR BLOCK
KOTTAYAM TALUK
KOTTAYAM R.S
MANIPADY BLOCK
IDIKKI DISTRICT
PALLOM BLOCK
PONKUNNAM
TO KUMILI
KANJIRAPALLY
CHINGAVANAM R.S
VAZHOOR BLOCK
MADAPPALLY BLOCK
CHANGANACHERY TALUK
KANJIRAPPALLY BLOCK
TALUK
CHANGANACHERY R.S
R.R. MANIMALA
FROM RANNI
ALLEPPEY
FROM ALLEPPEY
DISTRICT
FROM TRIVANDRUM
QUILON DISTRICT

ഉഴവൂർ ഗ്രാമപഞ്ചായത്ത്

വികസനറിപ്പോർട്ട് *1996*

അധികാരം ജനങ്ങൾക്ക്

ഉഴവൂർ ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണ സമിതി

ചെയർമാൻ	:	ശ്രീ. ജോസ് ചെറുകര (പ്രസിഡന്റ്)
വൈസ് ചെയർമാൻമാർ	:	ശ്രീ പി.എസ്. സിറിയക് (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
		ശ്രീമതി സുഷമ രാമചന്ദ്രൻ (വൈസ് പ്രസിഡന്റ്)
കൺവീനർ	:	ജെ. ജോൺ തറപ്പിൽ
ജോ. കൺവീനേഴ്സ്	:	ശ്രീ എം.യു. സ്റ്റീഫൻ മുടക്കാലിൽ
		ശ്രീ സി.റ്റി. ഫിലിപ്പ് ചെമ്മനാട്ട്

റിസോഴ്സ് ഗ്രൂപ്പ്

1. കൃഷിയും ജലസേചനവും
ചെയർമാൻ : ശ്രീ. ജെ. ജോൺ തറപ്പിൽ (D.R.P)
കൺവീനർ : ശ്രീ വി.സി. സിറിയക്ക്

2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
ചെയർപേഴ്സൺ : ശ്രീമതി ശ്യാമളാ പുരുഷോത്തമൻ (പഞ്ച. മെമ്പർ)
കൺവീനർ : ശ്രീ. എൻ.ജെ. ജോർജ്ജ് നിരപ്പിൽ

3. വിദ്യാഭ്യാസം
ചെയർപേഴ്സൺ : ശ്രീമതി സുഷമ്മ രാമചന്ദ്രൻ (വൈ. പ്രസിഡന്റ്)
കൺവീനർ : ശ്രീ. റ്റി.സി. തോമസ് ദീപ്തി

4. ആരോഗ്യം കുടിവെള്ളം
ചെയർമാൻ : ശ്രീ. എം.എം. തോമസ് (പഞ്ച. മെമ്പർ)
കൺവീനർ : ശ്രീ. റോയി മലയിൽ

5. വ്യവസായം ടൂറിസം
ചെയർമാൻ : ശ്രീ. ജോർജ്ജ് ജോസഫ് (പഞ്ച. മെമ്പർ)
കൺവീനർ : ശ്രീ. കെ.ജെ. മാത്യു, പുറത്തൂട്ട്

6. ഗതാഗതം ഊർജ്ജം
ചെയർമാൻ : ശ്രീ. പി.എസ്. സിറിയക്ക് (സ്റ്റാഡിംഗ് കമ്മിറ്റി ചെയർമാൻ)
കൺവീനർ : കെ.എൻ. മാധവൻ നായർ വസന്താലയം

7. സാമൂഹ്യക്ഷേമം ഭവനനിർമ്മാണം
ചെയർമാൻ : ശ്രീ. ജോസ് ചെറുകര (പ്രസിഡന്റ്)
കൺവീനർ : ശ്രീ. കെ.യു. ജോസഫ് തൊട്ടിയിൽ

8. സംസ്ക്കാരം
ചെയർമാൻ : ശ്രീ. എം.യു. സ്റ്റീഫൻ മുടക്കാലിൽ (D.R.P)
കൺവീനർ : ശ്രീ. ഏ.ജെ. ഫിലിപ്പ് ആനാലിപ്പാറയിൽ

9. വനിതാക്ഷേമം
ചെയർപേഴ്സൺ : ശ്രീമതി. ബീനാ സെബാസ്റ്റ്യൻ (പഞ്ചാ. മെമ്പർ)
കൺവീനർ : ശ്രീമതി. എം.എൻ. രാജമ്മ കുന്നത്തുവയലിൽ

10. സഹകരണം
ചെയർമാൻ : ശ്രീ. സി.റ്റി. ഫിലിപ്പ് ചെമ്മനാട്ട് (D.R.P)
കൺവീനർ : ശ്രീ. പി.സി. മാത്യു വാഴപ്പിള്ളിൽ

11. പട്ടികജാതി പട്ടികവർഗ്ഗം
ചെയർമാൻ : ശ്രീ. രാധാകൃഷ്ണൻ കുഞ്ഞൻ (പഞ്ചാ. മെമ്പർ)
കൺവീനർ : ശ്രീ. കെ.ജി. നാരായണൻ കുന്നത്തുവയലിൽ

12. വിഭവസമാഹരണം
ചെയർമാൻ : ശ്രീ. മാത്യു ജോസഫ് (പഞ്ചാ. മെമ്പർ)
കൺവീനർ : ശ്രീ. ബിനോയി മാത്യു വൻപുഴ

ഉഴവൂരിന്റെ നാമം ഉയരങ്ങളിൽ.....



ശ്രീ. കെ.ആർ. നാരായണൻ

ഉപരാഷ്ട്രപതി



ശ്രീ. ജോസഫ് ചാഴികാടൻ

എക്സ്. എം.എൽ.എ.

ശ്രീ. കെ.എം. മാണി
എം.എൽ.എ



ശ്രീ. ജോയി നടുക്കര എം.പി.

ശ്രീ. പി.സി. തോമസ് എം.പി.



ശ്രീ. ഈ.ജെ. ആഗസ്തി
ജില്ലാ പഞ്ചായത്ത് മെമ്പർ

മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ

ശ്രീ. എം.എ. ജോസഫ്
മറ്റപ്പിള്ളി



ശ്രീ.കെ. എസ്. തോമസ്
കൂന്തമറ്റം



ഡോ. സി.ജെ. ജോസഫ്
ആനന്ദഭവൻ



ശ്രീ. മാത്യു ജോസഫ്
നീറാംപുഴ



ശ്രീ. പി.എസ്. സിറിയക്
പുതിയ കുന്നേൽ



ഭാരതസ്വാതന്ത്ര്യത്തിന്റെ 50-ാം പിറന്നാൾ ആഘോഷിക്കുന്ന വേളയിൽ സമൂഹത്തിന്റെ സമൂല വികസനത്തെ സദുദ്ദേശത്തിൽ രൂപം കൊടുത്തിട്ടുള്ള ജനകീയാസൂത്രണ പ്രക്രിയയിൽ നമ്മുടെ പഞ്ചായത്തിന്റെ വികസനരേഖയ്ക്ക് ആശംസയെഴുതുന്നത് സന്തോഷകരമാണ്. എല്ലാം ഭംഗിയായി ഭവിക്കാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ

എം.സി. കുര്യാക്കോസ്

പ്രസിഡന്റ്

ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്

ഉഴവൂർ

10-01-1997

ഭരണസമിതി

പ്രസിഡന്റ്

ജോസ് ചെറുകര

വൈസ് പ്രസിഡന്റ്

സുഷമ രാമചന്ദ്രൻ

മെമ്പർ

ബീന സെബാസ്റ്റ്യൻ

സ്റ്റാ. ക. ചെയർമാൻ



പി.എസ്. സിറിയക്

മെമ്പർ

മാത്യു ജോസഫ്

മെമ്പർ

എം.എം. തോമസ്

മെമ്പർ



രാധാകൃഷ്ണൻ കുഞ്ഞൻ

മെമ്പർ

ജോർജ് ജോസഫ്

സെക്രട്ടറി



കെ.ജെ. ആന്റണി

മെമ്പർ

ശ്യാമള പുരുഷോത്തമൻ

കൺവീനർ



ജെ. ജോൺ തറപ്പിൽ

ജോ. കൺവീനർ

എം.യു. സ്റ്റീഫൻ

ജോ. കൺവീനർ



പി.സി. ഫിലിപ്പ്

ആഫീസ് സ്റ്റാഫ്



ഉഴവൂർ ഗ്രാമപഞ്ചായത്ത് വികസനറിപ്പോർട്ട്

ഉള്ളടക്കം

I. ആമുഖം

II. പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

III. സാമൂഹിക സാംസ്ക്കാരിക ചരിത്രം

IV. ഭൂപ്രകൃതിയും വിഭവങ്ങളും

V. വികസനമേഖലകൾ

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണം
3. വ്യവസായം
4. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5. ആരോഗ്യം കുടിവെള്ളം
6. വിദ്യാഭ്യാസം
7. സാമൂഹ്യക്ഷേമം ഭവനനിർമ്മാണം
8. സംസ്കാരം
9. വനിത
10. സഹകരണം
11. പട്ടികജാതി പട്ടികവർഗ്ഗം
12. വിഭവസമാഹരണം

VI. ഉപസംഹാരം

I. ആമുഖം

ഇൻഡ്യൻ ഭരണഘടനയുടെ 73-74 ഭേദഗതികളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത്‌രാജ് നഗരപാലികാ ബില്ലുകൾ പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. കേരളത്തിൽ പഞ്ചായത്ത് രാജ് നിയമം 94 ഏപ്രിൽ 23നും മുനിസിപ്പൽ നിയമം 94 ആഗസ്റ്റ് 6 നും നിലവിൽവന്നു. അതനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ 95 ഒക്ടോബർ 2ന് നിലവിൽ വരികയുണ്ടായി. അങ്ങനെ നമ്മുടെ രാഷ്ട്രപിതാവ് വിഭാവനം ചെയ്ത, രാജീവ്ഗാന്ധി തുടങ്ങിവച്ച ഗ്രാമസ്വരാജ് യാഥാർത്ഥ്യമാകാൻ പോവുകയാണ്. 9-ാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണവും നടപ്പാക്കലും ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണം നടാടെയാണല്ലൊ. താഴത്തെ തട്ടിൽ നിന്നുള്ള മുന്നനുഭവം നമുക്കില്ലാത്തുകൊണ്ട് ആ കുറവ് പരിഹരിക്കുന്നതിന് പല തരത്തിലുള്ള പരിശീലനവും ബോധവൽക്കരണവും ആവശ്യമാണ്.

ജനകീയ ആസൂത്രണപ്രസ്ഥാനത്തിലൂടെ നാം ഒമ്പതാം പഞ്ചവത്സരപദ്ധതിയിലേക്ക് അതിവേഗം നടന്നടുക്കുകയാണ്. 1996 ആഗസ്റ്റ് 17ന് ജനകീയ ആസൂത്രണപ്രസ്ഥാനം സംസ്ഥാനതലത്തിൽ ഔപചാരികമായി ഉൽഘാടനം ചെയ്യപ്പെട്ടു. അതിനുശേഷം ഒന്നാംഘട്ടമായ വിശേഷാൽ ഗ്രാമസഭകൾ വിളിച്ചു കൂട്ടുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടന്നു. അതിന്റെ ഭാഗമായി സംസ്ഥാന - ജില്ലാ - പ്രാദേശിക തലത്തിൽ പരിശീലനങ്ങൾ നടക്കുകയുണ്ടായി. ജില്ലാതലത്തിൽ പാലായിലുള്ള പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് 1996 സെപ്റ്റംബർ 8,9,10 തീയതികളിൽ നടത്തിയ പരിശീലന ക്യാമ്പിൽ ഉഴവൂർ പഞ്ചായത്തിൽ നിന്നും ശ്രീമാന്മാരായ പഞ്ചായത്ത് പ്രസിഡന്റ് ജോസ് ചെറുകര, എം.യു. സ്റ്റീഫൻ മുടക്കാലിൽ, സി.റ്റി. ഫിലിപ്പ് ചെമ്മനാട്ട്, എം.എം. തോമസ് മറ്റപ്പള്ളിക്കുന്നേൽ, ജെ.ജോൺ തറപ്പിൽ, യു.എസ്. ഗോപാലൻനായർ മിഴാവില എന്നിവർ പങ്കെടുത്തു. 1996 സെപ്റ്റംബർ 22 നു പഞ്ചായത്തുതല ഏകദിന ശില്പശാല ഉഴവൂരുള്ള തെരുവത്തുഹാളിൽ വച്ച് നടത്തപ്പെട്ടു. അതിൽ 78 അംഗങ്ങൾ പങ്കെടുത്തു. 23-9-96 മുതൽ 4-10-96 വരെ ഉഴവൂരിലെ 9 വാർഡുകളിൽ വിശേഷാൽ ഗ്രാമസഭകൾ നടക്കുകയുണ്ടായി. ഗ്രാമസഭകളിൽ ശരാശരി 82 അംഗങ്ങൾ പങ്കെടുത്തു. ഗ്രാമസഭകളിൽ 12 വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുചർച്ചകൾ നടന്നു. ഓരോ വിഷയത്തേയും സംബന്ധിക്കുന്ന പ്രശ്നങ്ങൾ, കണക്കുകൾ, സ്ഥിതിവിവരങ്ങൾ ഇവ ക്രോഡീകരിച്ച് ചർച്ചചെയ്ത് കഴിയുന്നത്ര പരിഹാരം നിർദ്ദേശിക്കുന്ന ഗ്രാമസഭാറിപ്പോർട്ടുകൾ തയ്യാറാക്കി. ഓരോ ഗ്രൂപ്പിനു ഈരണ്ടു ലീഡർമാരെ തെരെഞ്ഞെടുത്തു.

1996 ഒക്ടോബർ 28 ന് ഉഴവൂരുള്ള പുതുപ്പറമ്പിൽ ഉതുപ്പുമെമ്മോറിയൽ ഹാളിൽ വച്ച് ഒൻപതു വാർഡുകളിൽനിന്നും 12 വിഷയഗ്രൂപ്പുകളുടെ ഈരണ്ടു വീതമുള്ള 216 ലീഡർമാർക്കുവേണ്ടി ഏകദിന പരിശീലന ക്ലാസ് നടത്തുകയുണ്ടായി. പ്രസ്തുത ക്ലാസ്സിൽ 108 പേർ പങ്കെടുത്തു. അവിടെവച്ച് ഓരോ വിഷയത്തിനും പഞ്ചായത്ത് അടിസ്ഥാനത്തിൽ ടാസ്ക് ഫോഴ്സിനെ തെരെഞ്ഞെടുത്തു. വിവിധ സർക്കാർ ആഫീസുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിനും പഠനപര്യടനം നടത്തി വിവരങ്ങൾ ശേഖരിക്കുന്നതിനും സന്നദ്ധപ്രവർത്തകരെ തിരെഞ്ഞെടുത്തു.

1996 നവംബർ 8,9,10 തീയതികളിൽ ഉഴവൂരുള്ള പുതുപ്പറമ്പിൽ ഹാളിൽ വച്ച് 8 പഞ്ചായത്തുകളിൽ നിന്നുള്ള റിസോഴ്സ് ഗ്രൂപ്പിനുവേണ്ടി ബ്ലോക്കുതലത്തിൽ രണ്ടാംഘട്ട സെമിനാർ നടത്തപ്പെട്ടു. പ്രസ്തുത സെമിനാറിൽ ഈ പഞ്ചായത്തിൽ നിന്നും 14 അംഗങ്ങൾ പങ്കെടുത്തു. അതിനുശേഷം പഞ്ചായത്തു വികസനറിപ്പോർട്ടു തയ്യാറാക്കുന്നതിനുവേണ്ട പരിശീലനം സിദ്ധിച്ച ഡി.ആർ.പി. മാർ പഞ്ചായത്തു മെമ്പറന്മാർ, ഉദ്യോഗസ്ഥർ, പ്രാദേശിക വിദഗ്ദ്ധർ, ടാസ്ക് ഫോഴ്സ് കൺവീനറന്മാർ എന്നിവരടങ്ങുന്ന കർമ്മസമിതി രൂപീകരിക്കുകയുണ്ടായി.

1996 ഡിസം. 2,3,4 തീയതികളിൽ പഞ്ചായത്തുതലത്തിൽ ഓരോ ഗ്രൂപ്പിന്റെയും ചർച്ച നടന്നു. തുടർന്ന് പര്യടനം (ട്രാൻസ്‌വാക്ക്) നടന്ന് ഭൂപ്രകൃതി, മൺതരകൾ, വിളകൾ എന്നിവയെപ്പറ്റി പഠനം നടത്തി.

പഞ്ചായത്ത് വികസനറിപ്പോർട്ടും പ്രസ്തുത റിപ്പോർട്ടിനെ ആസ്പദമാക്കിയുള്ള പ്രോജക്ട് റിപ്പോർട്ടും ക്രർമ്മപദ്ധതി തയ്യാറാക്കുന്നതിലേക്ക് ബ്ലോക് തലത്തിൽ 1996 ഡിസംബർ 20,21 തീയതികളിൽ കുറവിലങ്ങാട് ഗാനം ആഡിറ്റോറിയത്തിൽ വച്ച് മൂന്നാംഘട്ട പരിശീലനം നടത്തുകയുണ്ടായി. പ്രസ്തുത സെമിനാറിൽ ഈ പഞ്ചായത്തിൽ നിന്നും 15 കർ മ്മസമിതി അംഗങ്ങൾ പങ്കെടുത്തു.

സമഗ്രമായൊരു വികസനറിപ്പോർട്ട് തയ്യാറാക്കി അതു ചർച്ചചെയ്ത് അവസാനരൂപം നൽകിയിരിക്കുകയാണ്. ഇനിയും സ്കീമുകൾ തയ്യാറാക്കേണ്ടിയിരിക്കുന്നു.

ജനകീയാസൂത്രണം വളരെ എളുപത്തിൽ സംഘടിപ്പിച്ചെടുക്കാവുന്ന ചെറിയ സംരംഭമല്ല. നമ്മുടെ ആവശ്യങ്ങൾ അനവധിയാണ്. വിഭവങ്ങളും അനവധിയുണ്ട്. വിഭവവിനിയോഗം പൂർണ്ണമായി നടത്തണം. ആവശ്യമായവ സമാഹരിക്കുകയും വേണം. പഞ്ചായത്തിനെ മുഴുവനായി മുന്നിൽകണ്ടുകൊണ്ടുള്ള വികസനമാണ് ആവിഷ്ക്കരിക്കേണ്ടത്. ഈ പഞ്ചായത്തിനെ വളരെ രൂക്ഷമായി ബാധിക്കുന്ന ഒരു പ്രശ്നം കുടിവെള്ളത്തിന്റേതാണ്. അതിന് അടിയന്തിരപ്രാധാന്യം കൊടുക്കേണ്ടിയിരിക്കുന്നു. അടുത്തുള്ള മറ്റു പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തി ബ്ലോക്കിന്റെയും ജില്ലയുടെയും സഹകരണത്തോടുകൂടിയ ഒരു വൻ പദ്ധതിക്കുമാത്രമേ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ സാധിക്കുകയുള്ളു.

പഞ്ചായത്തു സംവിധാനത്തിന് ഭരണഘടനയുടെയും സംസ്ഥാനനിയമസഭയുടെയും പിൻബലം ലഭിച്ചിട്ടുണ്ടെങ്കിലും അതിന്റെ അനുദിന പ്രവർത്തനത്തിന് ആവശ്യമായ ചട്ടങ്ങൾ ഇനിയും പൂർത്തിയായിട്ടില്ല. ആസൂത്രണത്തിലും അതിന്റെ നിർവ്വഹണത്തിലും ഓരോ തലത്തിലും ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ അതതുതലത്തിൽതന്നെ നിർവ്വഹിക്കാൻ കഴിയുന്ന തരത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നവിധം ചട്ടങ്ങൾ നിലവിൽവരുമെന്ന് നമുക്ക് പ്രത്യാശിക്കാം. ഗവണ്മെന്റിന്റെ ഈ പുതിയ കാൽവെയ്പ്പിൽ ജനങ്ങൾക്കു വലിയ പ്രതീക്ഷയുണ്ട്. ഐശ്വര്യപൂർണ്ണമായ ഒരു ഭാവി നാം സ്വപ്നം കാണുന്നുണ്ട്. നമ്മുടെ സ്വപ്നങ്ങൾ പൂവണിയണമെങ്കിൽ ഇനിയും ധാരാളം പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ടതായിവരും. എങ്കിലും നമുക്കു നിരാശയില്ല. ജനങ്ങളുടെ സമ്പൂർണ്ണ പിന്തുണ ലഭിച്ചാൽ അസാദ്ധ്യമായി നമുക്കൊന്നുമില്ല. നമുക്ക് പ്രതീക്ഷയോടെ മുന്നേറാം.

ജോസ് ചെറുകര

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്.

II. ഉഴവൂർ ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

ഗ്രാമ പഞ്ചായത്തിന്റെ പേര്	-	ഉഴവൂർ ഗ്രാമപഞ്ചായത്ത്
ഗ്രേഡ്	-	ഫസ്റ്റ് ഗ്രേഡ്
ഉൾപ്പെടുന്ന വില്ലേജുകൾ	-	ഉഴവൂർ, മോനിപ്പള്ളി (ഭാഗികം)
ബ്ലോക്കു പഞ്ചായത്ത്	-	ഉഴവൂർ
താലൂക്ക്	-	മീനച്ചിൽ
ജില്ല	-	കോട്ടയം
വിസ്തീർണ്ണം	-	2667.3 ഹെക്ടർ
ജനസംഖ്യ	-	18092 (96 ഡിസംബർ 1)
ഗ്രാമപഞ്ചായത്തു വാർഡുകൾ	-	9
വീടുകളുടെ എണ്ണം	-	3819
വോട്ടറന്മാർ	-	11396 (96 ജനു. 1)
പാർലമെന്റ് വോട്ടറന്മാർ	-	മൂവാറ്റുപുഴ (975024)
അസംബ്ലി വോട്ടറന്മാർ	-	പാലാ (128384)

1952-ൽ തിരുകൊച്ചി നിയമസഭ പാസാക്കിയ പഞ്ചായത്ത് ആക്ട് അനുസരിച്ച് ഉഴവൂർ പഞ്ചായത്ത് നിലവിൽ വരുകയുണ്ടായി. വെളിയന്നൂർ ആസ്ഥാനമായുള്ള പഞ്ചായത്തിന് ശ്രീ. പി.കെ. ഗോവിന്ദപ്പിള്ള (പ്രസി.) ശ്രീ. പത്രോസ് കുരുവിള കുംഭംകുഴയ്ക്കൽ (മുപ്രാപിള്ളിൽ) (വൈസ്. പ്രസി.) ശ്രീ ജോസഫ് ചാഴികാട്ട്, ലൂക്കാ ലൂക്കാ വെട്ടിക്കൽ, റവ.ഫാ. തോമസ് വെട്ടിമറ്റം, മാണി ഇത്താക്ക് കുന്നത്തു പുത്തൻ പുര എന്നിവർ അംഗങ്ങളായുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയായിരുന്നു.

മോനിപ്പള്ളി, ഉഴവൂർ, പെരുവന്താനം, കരുനെച്ചി എന്നീ കരകളുള്ള ഉഴവൂർ വില്ലേജും, വെളിയന്നൂർ, അരീക്കര, പുതുവേലി, താമരക്കാട്, പൂവക്കുളം എന്നീ കരകളുള്ള വെളിയന്നൂർ വില്ലേജും ചേർന്നുള്ള ഭൂവിഭാഗം ആയിരുന്നു ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നത്.

മൊത്തം പതിനൊന്നു വാർഡുകളായി തിരിച്ചു 1953 ജൂലൈ മാസത്തിൽ ആദ്യത്തെ തെരഞ്ഞെടുപ്പു നടന്നു.

1953-ൽ നിലവിൽ വന്ന ഒന്നാം പഞ്ചായത്തു കമ്മറ്റി

ശ്രീ. എം.എം. ജോസഫ് മറ്റപ്പള്ളിൽ (പ്രസി.)

ശ്രീ. എം.ജെ. അബ്രാഹം മയിലാടുംകുന്നേൽ (വൈസ് പ്രസി.)

ശ്രീ. പി.വി. ചാണ്ടി പച്ചിലാംമാക്കീൽ

ഡോ. സിറിയക്ക് കണ്ടത്തിൽ

ശ്രീ. എ.ആർ. ശിവരാമൻ നായർ അറയ്ക്കൽ

ശ്രീ. കെ.കെ. മാത്യു കപ്പടക്കുന്നേൽ

ശ്രീ. ജോസഫ് ചാഴികാടൻ (എം.എൽ.എ.)

ശ്രീ. വി.സി. ചുമ്മാർ കട്ടയ്ക്കമറ്റത്തിൽ

ശ്രീ. കെ.വി. നാരായണൻ നമ്പൂതിരി

ശ്രീ. കെ.വി. രാമൻ നമ്പൂതിരി

ശ്രീ. സി.കെ. കേളൻ ചേറാടിയിൽ

1957-ൽ ശ്രീ എം.എ. ജോസഫ് രാജിവയ്ക്കുകയും തുടർന്ന് ശ്രീ. എം.ജെ. അബ്രാഹം 1963 വരെ പ്രസിഡന്റായിരിക്കുകയും ചെയ്തു. പിന്നീട് കെ. പത്രോസ് തോട്ടത്തിൽ ശ്രീ. വി.എം. ജോൺ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

1963 ഡിസംബറിൽ തെരഞ്ഞെടുക്കപ്പെട്ട രണ്ടാം പഞ്ചായത്തു കമ്മറ്റി.

ശ്രീ. കെ.എ. തോമസ് കുന്തമറ്റത്തിൽ (പ്രസി.)

ശ്രീ. ഇ.ജെ. ലൂക്കോസ് എള്ളങ്കീൽ (വൈ. പ്രസി.)

ശ്രീ. വി.ജി. ഭാസ്കരൻനായർ വള്ളോംപറമ്പിൽ

ശ്രീ. മത്തായി ദേവസ്യാ മാടപ്പാട്ട്

ശ്രീ. വി.ഐ. ഗീവർഗീസ് കുന്നത്തുമ്യാലിൽ

ശ്രീ. വി.യു. ജോൺ വരിക്കാനിൽ

ശ്രീ. ഒ.റ്റി. ജോസഫ് ഓക്കാട്

ശ്രീ. എം.ഇ. പത്രോസ് മേക്കര

ശ്രീ. കെ.റ്റി. കുര്യൻ കാരപ്പിള്ളിൽ

ശ്രീ. പി.കെ. ബാലകൃഷ്ണപിള്ള പൂവക്കുളത്ത്

ശ്രീമതി ലക്ഷ്മിക്കുട്ടി മാധവൻ പറച്ചാലിൽ (നോമിനേറ്റഡ് മെമ്പർ)

തുടർന്ന് പി.കെ. ബാലകൃഷ്ണപിള്ള വി.യു. ജോൺ, വി.ഐ. ഗീവർഗീസ് മത്തായി ദേവസ്യാ എന്നിവർ കമ്മറ്റിയിൽ നിന്നും രാജിവച്ചു. അദ്ധ്യാപകരായിരുന്ന വി.ജി. ഭാസ്കരൻനായർ, ഒ.റ്റി. ജോസഫ്, ഇ.ജെ. ലൂക്കോസ്, കെ.റ്റി. കുര്യൻ, എം.ഇ. പത്രോസ് എന്നിവരും പിന്നീട് രാജിവച്ചു തുടർന്നു നടന്ന ഉപതെരെഞ്ഞെടുപ്പിൽ ശ്രീ. സി.ജെ. ജോസഫ് കൊടിഞ്ഞി, ശ്രീ. കെ.സി. ജോൺ കുന്നുംപുറത്ത്, ശ്രീ. സി.ആർ. ശങ്കരൻ നായർ ചേറാടിയിൽ, ശ്രീ. ലൂക്കാ ഔസേഫ് പുത്തൻപുരയ്ക്കൽ ശ്രീ. കെ.വി. പൈലികുയിലംപാറ, ശ്രീ. എം.ഐ. അബ്രാഹം മുറിങ്ങോലത്ത്, ശ്രീ. ഇ.യു. കുര്യാക്കോസ് ഇല്ലിക്കൽ ശ്രീ. റ്റി.പി. ഗോവിന്ദ കൈമൾ, ശ്രീ. കേളൻ നാരായണൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

1966-ൽ ശ്രീ. കെ.എസ്. തോമസ് പ്രസിഡന്റു സ്ഥാനം രാജിവയ്ക്കുകയും തൽസ്ഥാനത്ത് ശ്രീ. സി.ജെ. ജോസഫ് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ശ്രീ. കെ.വി. പൈലി കുയിലമ്പാറ വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു.

23-11-72 ലെ 31790 സ്പെഷ്യൽ ഉത്തരവു പ്രകാരം വെളിയന്നൂർ, ഉഴവൂർ വില്ലേജുകളെ അടിസ്ഥാനമാക്കി വെളിയന്നൂർ, ഉഴവൂർ പഞ്ചായത്ത് വിഭജിക്കപ്പെട്ടു. അങ്ങനെ ഉഴവൂർ ആസ്ഥാനമായി ജയ്ഹിന്ദ് പബ്ലിക് ലൈബ്രറി ഹാളിൽ ഉഴവൂർ പഞ്ചായത്ത് മാറി പ്രവർത്തനം ആരംഭിച്ചു. ഈ പഞ്ചായത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി അംഗങ്ങൾ.

ശ്രീ. സി.ജെ. ജോസഫ് (പ്രസിഡന്റ്)

ശ്രീ. കെ.വി. പൈലി (വൈ. പ്രസി.)

ശ്രീ. കെ.എസ്. തോമസ്

ശ്രീ. കെ.സി. ജോൺ

ശ്രീ. സി.ആർ. ശങ്കരൻനായർ

ശ്രീ. എം.ഐ. അബ്രാഹം

ശ്രീമതി ലക്ഷ്മിക്കുട്ടി മാധവൻ

ഈ കമ്മറ്റി 1978 വരെ തുടർന്നു.

1979 സെപ്തംബറിൽ നിലവിൽവന്ന മൂന്നാം പഞ്ചായത്തു കമ്മറ്റി

ശ്രീ. സി.ജെ. ജോസഫ് (പ്രസി.)

ശ്രീ. വി.ജി. ഭാസ്കരൻനായർ (വൈ.പ്രസി.)

ശ്രീ രവീന്ദ്രനാഥൻ ചീരൻ

ശ്രീ. വി.കെ. ഗോപി വേടോത്ത്

ശ്രീ. എ.കെ. കുര്യൻ പുതിയകുന്നേൽ

ശ്രീ. എം.എസ്. രവി മമ്പിള്ളിൽ

ശ്രീ. എൻ.ജെ. ജോർജ് നാലൊന്നുംപടവിൽ

ശ്രീ. പി.വി. തോമസ് പാലയ്ക്കത്തടം.

ശ്രീമതി ശോശാമ്മ ജോസഫ് വിജിവിഹാർ

ഈ കമ്മറ്റി മുതൽ വനിതക്കും ഹരിജനും ഓരോ സംവരണ സീറ്റുകൾ ഉൾപ്പെടെ ആകെ 9 വാർഡുകളാണ് ഉണ്ടായിരുന്നത്.

1988 ജനുവരിയിൽ തെരഞ്ഞെടുക്കപ്പെട്ട നാലാം പഞ്ചായത്തു കമ്മറ്റി.

ശ്രീ. മാത്യു ജോസഫ് (പ്രസി.)

ശ്രീമതി. ജോസഫീന തോമസ് (വൈ. പ്രസി.)

ശ്രീമതി. ഗീത ഗോപാലകൃഷ്ണൻ പെരുമ്പേപതിക്കൽ

ശ്രീ. വി.ആർ. തങ്കപ്പൻ വടുതലപ്പറമ്പിൽ

ശ്രീ. ജെ.ജോൺ തറപ്പിൽ

ശ്രീ. കെ.ആർ. രാജശേഖരൻ നായർ കൊട്ടാരത്തിൽ

ശ്രീ. ജോസഫ് ജോർജ് കാനാട്ട്

ശ്രീ. പി.എസ്. സിറിയക്ക് പുതിയകുന്നേൽ

ശ്രീ. എം.ഐ. അബ്രാഹം മുരിങ്ങോലത്ത്

ഈ കമ്മറ്റി മുതൽ വനിതാ സംവരണസീറ്റുകൾ രണ്ടായി വർദ്ധിക്കുകയുണ്ടായി.

1990 സെപ്തംബറിൽ ശ്രീ. മാത്യു ജോസഫ് പ്രസിഡന്റു സ്ഥാനവും ശ്രീമതി ജോസഫീനാ തോമസ് വൈ. പ്രസി. സ്ഥാനവും രാജി വയ്ക്കുകയുണ്ടായി. തൽസ്ഥാനങ്ങളിലേക്ക് പ്രസിഡന്റായി ശ്രീ. പി.എസ്. സിറിയക്ക് പുതിയകുന്നേലും വൈസ് പ്രസിഡന്റായി ശ്രീ. എം.ഐ. അബ്രാഹം മുരിങ്ങോലത്തും തെരഞ്ഞെടുക്കപ്പെട്ടു.

ഈ കമ്മറ്റി 1995 ഒക്ടോബർ മാസത്തിൽ തെരഞ്ഞെടുക്കപ്പെട്ടു ഇപ്പോഴത്തെ കമ്മറ്റി നിലിവിൽ വരുന്നതുവരെ അധികാരത്തിൽ തുടർന്നു.

1994-ൽ നിലവിൽ വന്ന പഞ്ചായത്ത്രാജ് നിയമം അനുസരിച്ച് 1995 ഒക്ടോബർ 2 ന് അധികാരത്തിൽ വന്ന ഇപ്പോഴത്തെ **5-ാം പഞ്ചായത്തു കമ്മറ്റി അംഗങ്ങൾ.**

ശ്രീ. ജോസ് ചെറുകര (പ്രസി.)

ശ്രീമതി. സുഷമ രാമചന്ദ്രൻ സുരമ്യ (വൈ.പ്രസി.)

ശ്രീമതി. ശ്യാമള പുരുഷോത്തമൻ കളപ്പുരയ്ക്കൽ

ശ്രീമതി. ബീന സെബാസ്റ്റ്യൻ പുല്ലന്താനിക്കൽ

ശ്രീ. എം.എം. തോമസ് മറ്റപ്പള്ളിക്കുന്നേൽ

ശ്രീ. പി.എസ്. സിറിയക്ക് പുതിയകുന്നേൽ (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)

ശ്രീ. മാത്യു ജോസഫ് നീറാമ്പുഴ

ശ്രീ. ജോർജ്ജ് ജോസഫ് പാലയ്ക്കത്തടം

ശ്രീ. രാധാകൃഷ്ണൻ കുഞ്ഞൻ ചക്കാലക്കൽ

പഞ്ചായത്തിന് സ്വന്തമായി കെട്ടിടം പണിയുകയും 22-8-90-ൽ പുതിയ ആഫീസിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

പാർലമെന്റിൽ ശ്രീ. പി.സി. തോമസും നിയമസഭയിൽ ശ്രീ. കെ.എം. മാണിയും നമ്മെ പ്രതിനിധീകരിക്കുന്നു. 94 ലെ പഞ്ചായത്തുരാജ് നിയമപ്രകാരം 95-ൽ നടന്ന ആദ്യത്തെ ജില്ലാ പഞ്ചായത്തിലേക്ക് ശ്രീ. ഇ.ജെ. ആഗസ്തിയും ബ്ലോക്കു പഞ്ചായത്തിലേക്ക് ശ്രീ. എം.സി. കുര്യാക്കോസും തെരഞ്ഞെടുക്കപ്പെട്ടു.

താഴെ പറയുന്ന ഗവണ്മെന്റ് ആഫീസുകളാണ് ഈ പഞ്ചായത്തിൽ ഉള്ളത്.

ഗവണ്മെന്റ് ഹോമിയോ ഡിസ്പെൻസറി മോനിപ്പള്ളി.

പോസ്റ്റോഫീസ് മോനിപ്പള്ളി.

ഗവ. മൃഗാശുപത്രി മോനിപ്പള്ളി.

എം.വി.ഐ.പി. സബ് ഡിവിഷൻ ആഫീസ് മോനിപ്പള്ളി.

വില്ലേജ് എക്സ്റ്റൻഷൻ ആഫീസ് മോനിപ്പള്ളി.

വില്ലേജ് ആഫീസ് മോനിപ്പള്ളി.

ഫാമിലി വെൽഫെയർ സെന്റർ മോനിപ്പള്ളി.

ഫാമിലി വെൽഫെയർ സെന്റർ പയസ്മൗണ്ട്.

പോസ്റ്റോഫീസ് പയസ്മൗണ്ട്.

ഫാമിലി വെൽഫെയർ സെന്റർ കരുനെച്ചി.

വില്ലേജ് ആഫീസ് ഉഴവൂർ.

പോസ്റ്റോഫീസ് ഉഴവൂർ.

ടെലഫോൺ എക്സ്ചേഞ്ച് ഉഴവൂർ.

ടെലഫോൺ സബ് ഡിവിഷൻ ആഫീസ് ഉഴവൂർ.

സബ് ട്രഷറി ഉഴവൂർ.

വില്ലേജ് എക്സ്റ്റൻഷൻ ആഫീസ് ഉഴവൂർ.

ഐ.സി.ഡി.പി. സബ് സെന്റർ ഉഴവൂർ.

പി.എച്ച്. സെന്റർ ഉഴവൂർ.

കൃഷിഭവൻ ഉഴവൂർ.

ഇലക്ട്രിസിറ്റി ജെ.ഇ. ആഫീസ് ഉഴവൂർ.

III. ഭൂപ്രകൃതിയും വിഭവങ്ങളും

ഉയർന്ന മലകളും അവയ്ക്കുമേൽ സമതലങ്ങളും മൊട്ടക്കുന്നുകളും, ചെരുവകളും തോടുകളും നിറഞ്ഞ മനോഹരമായ ഭൂപ്രകൃതിയാൽ അനുഗൃഹീതമാണ് നമ്മുടെ ഉഴവൂർ ഗ്രാമപഞ്ചായത്ത്.

ശ്രേഷ്ഠമായ കാലാവസ്ഥയും, ഫലഭൂയിഷ്ഠമായ മണ്ണും ആവശ്യത്തിലധികം വെള്ളവും, വിവിധതരം സസ്യങ്ങളും വിവിധ നൈപുണ്യങ്ങൾ ചേർന്ന മനുഷ്യരും മൃഗങ്ങളും, പക്ഷികളും ഇവിടെയുണ്ട്. ഇവയുടെ സമഗ്രമായ വിനിയോഗം ഓരോ വ്യക്തിയുടെയും തന്മൂലം ഗ്രാമത്തിന്റെയും ശേഷി വർദ്ധിപ്പിക്കും.

ഈ ഓരോ തരത്തിലുള്ള വിഭവങ്ങളുടെ സമഗ്രവും ആസൂത്രിതവുമായ വിനിയോഗത്തിന് നമ്മുടെ കാഴ്ചപ്പാടും അഭിപ്രായവും അഭിപ്രായ ക്രോഡീകരണവും വഴി വികസന മേഖലയിൽ സ്കീമുകൾ തയ്യാറാക്കി നടപ്പിലാക്കുന്നു. നടപ്പിലാക്കിയവ അനുഭവിക്കുകയും പരിപാലിക്കുകയും ചെയ്യുമ്പോൾ സ്വയം പര്യാപ്തതയിൽ എത്തിയെന്നു പറയാം.

I ഭൂപ്രകൃതി

11 കി.മി. കിഴക്കു പടിഞ്ഞാറായി നീളവും തെക്കുവടക്കായി ശരാശരി 5 കി.മീ. വീതിയും ഉള്ള ഈ ഉഴവൂർ ഗ്രാമപഞ്ചായത്ത് പൊതുവെ 20^0 ഡിഗ്രി പടിഞ്ഞാറോട്ട് ചരിവുള്ളതാണ്. 18092 ജനസംഖ്യയും 2667 ഹെക്ടർ വിസ്തീർണ്ണവുമുള്ള ഈ പഞ്ചായത്തിൽ 20% കുന്നിൻ പ്രദേശങ്ങളും 50% ചരിവിടങ്ങളും 30% താഴ്വരകളും ആകുന്നു. സമുദ്രനിരപ്പിൽ നിന്ന് — മീറ്റർ വരെ ഉയരത്തിലുള്ള ഈ പഞ്ചായത്ത് — രേഖാംശത്തിലും — ഉത്തര അക്ഷാംശത്തിലും സ്ഥിതി ചെയ്യുന്നു.

1. ഉയർന്ന കുന്നിൻപ്രദേശങ്ങൾ

ഇടക്കോലി, പുൽപ്പാറ, നെടുമ്പാറ, കലാമുകുളം, ആനക്കല്ലുമല, കുന്നപ്പള്ളിമല, മണിയാക്കുപാറ, നെടുമ്പാറപ്പുറം, ചെമ്മല, പയസ്മൗണ്ട്, മുതുകുളം, മീമ്പന്താനം എന്നിവയാണ് ഉയർന്ന പ്രദേശങ്ങൾ. ഇതിൽ പുല്പാറ, നെടുമ്പാറ, ആനക്കല്ലുമല, ചെമ്മല മീമ്പന്താനം എന്നിവടങ്ങളിൽ പാറക്കെട്ടുകൾ തെളിഞ്ഞു കാണാം. വെട്ടുകല്ലു ചേർന്ന ചരൽമണ്ണാണ് കൂടുതലും. ജലസംരക്ഷണ പ്രവർത്തനങ്ങൾ കുറവായ്കയാൽ നീർവാർച്ച കൂടുതലാണ്. റബ്ബറാണ് പ്രധാന കൃഷി. തെങ്ങും മറ്റു ഫലവൃക്ഷങ്ങളും ഉണ്ട്. ജനസാന്ദ്രത താരതമ്യേന കുറവാണ്. ഗതാഗത സൗകര്യത്തിന്റെ കുറവും ജലദൗർലഭ്യവും പൊതുസ്ഥലങ്ങളുടെ അഭാവവുമാണ് ഇതിനുകാരണം.

2. ചെരിവിടങ്ങൾ

മൊത്തം വിസ്തീർണ്ണത്തിൽ 1400 ഹെ. ഭൂമിയും ചെരിവിടങ്ങളാണ്. ഇതിൽ പാറക്കെട്ടുകൾ 10% വരും. ഇളക്കുകല്ല് ചേർന്ന ചെമ്മണ്ണാണ് കൂടുതലും. എറ്റവും കൂടുതൽ കൃഷിയിടങ്ങൾ ഇവിടെയാണ്. തോട്ടവിളകളും നാണ്യവിളകളും ഉണ്ട്. മുഖ്യ തോട്ടവിള റബ്ബറാണ്. തെങ്ങ്, കപ്പ, ഇഞ്ചി, കച്ചോലം, കുരുമുളക് തുടങ്ങിയവും ഇവിടെയുണ്ട്. ശരാശരി ജനവാസമുള്ള ഇവിടെ ഭാഗികമായ ഗതാഗത സൗകര്യമേയുള്ളു. പല തോടുകളുടെയും ഉത്ഭവം ചെരിവിടങ്ങളിൽ നിന്നാണ്. മണ്ണൊലിപ്പ് കൂടുതലായും ഉണ്ടാകുന്നത് ഇവിടെയാണ്. ഭാഗികമായ മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങളേ നടത്തിയിട്ടുള്ളു.

3. താഴ്വരകൾ

ഇതിൽ 150 ഹെക്ടർ ഭൂമിയും നെൽപ്പാടങ്ങളായിരുന്നു. നല്ലൊരു ഭാഗം മറ്റു കൃഷികൾക്കും വാസഗൃഹങ്ങൾക്കുമായി വഴിമാറി. തോടുകളുടെ സമീപസ്ഥലങ്ങൾ ഫലഭൂയിഷ്ടമാണ്. ഒരുപ്പുനിലങ്ങളാണ് കൂടുതലും. നീർവാർച്ച നടത്താവുന്ന ഇവിടെ മറ്റു കൃഷികളും ചെയ്തു വരുന്നു. ചെളിമണ്ണാണ് പ്രധാനമായുള്ളത്. സമതലങ്ങൾ കൂടുതൽ ഉള്ളതിനാലും റോഡു ഗതാഗതം, പൊതുസ്ഥലങ്ങൾ, മാർക്കറ്റുകൾ, ആരാധനാലയങ്ങൾ, സ്കൂളുകൾ എന്നിവയെല്ലാം ഇവിടെയാണ്. ജീവിത സൗകര്യങ്ങൾ തേടി തുണ്ടുഭൂമികൾ വാങ്ങി വീടുവയ്ക്കുന്ന ഒരു പ്രവണത കൂടിവരുന്നു. ചെരിവിടങ്ങളിലും കുന്നിൻ പ്രദേശങ്ങളിലും വികസനം എത്താത്തതു കൊണ്ടാണെന്ന് പറയാം. ഫലഭൂയിഷ്ഠത അനുസരിച്ച് ഭൂമിക്ക്

സെന്റിന് 3000 മുതൽ 5000 രൂപാ കുന്നിൻ പ്രദേശങ്ങളിൽ വിലയുള്ളപ്പോൾ സമതലങ്ങളിൽ സൗകര്യങ്ങൾ ഒത്ത ഭൂമിക്ക് 1 ലക്ഷം രൂപാ വരെ ഇപ്പോൾ വിലയുണ്ട് നാലഞ്ച് വർഷമായി ഈ ഡിമാന്റ് വർദ്ധിച്ചുവരികയാണ്.

II. കാലാവസ്ഥ

കൊല്ലവർഷം എന്ന പേരിൽ അറിയപ്പെടുന്ന മലയാള മാസങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് വേനൽക്കാലം, മഴക്കാലം, തണുപ്പുകാലം എന്നിവയെ വിളിച്ചിരുന്നത്.

ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ കാലവർഷവും, ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷവും കാണുന്നു. രണ്ടു മൺസൂൺ കാലത്തുമുള്ള കാറ്റും വെള്ളപ്പൊക്കവും കൃഷിയിടങ്ങൾക്ക് നാശം ഉണ്ടാക്കാറുണ്ട്. സെപ്തംബർ മാസത്തിൽ ഒറ്റപ്പെട്ട മഴകളും പതിവാണ്. ഡിസംബർ, ജനുവരി മാസത്തിൽ പെയ്യുന്നത് ഇടമഴയെന്നും മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പെയ്യുന്നത് പുതുമഴയെന്നും പറയുന്നു. തുലാവർഷത്തിന്റെ കുറവ്, അത് പെട്ടെന്ന് അവസാനിക്കുന്നത്, ഇടമഴയുടെ കുറവ്, പുതുമഴയുടെ താമസം എന്നിവ വേനലിന്റെ കാഠിന്യം വർദ്ധിപ്പിക്കുന്നു. ആണ്ടുതോറും ശരാശരി 3000 മി.മീ. മഴ ഇവിടെ ലഭിക്കുന്നു.

ജലലഭ്യത

പുറത്തുനിന്നും ഒരു തോടും ഒഴുകി ഈ പഞ്ചായത്തിലൂടെ പോകുന്നില്ല. പ്രത്യുത ശരാശരി 4 കോടി ഘനമീറ്റർ ജലം ഇവിടെ പെയ്യുന്ന മഴമൂലം വിവിധ തോടുകളിലൂടെ ഒഴുകി പുറത്തേയ്ക്ക് പോകുന്നു. സ്ഥലങ്ങളുടെ കുത്തനെയുള്ള കിടപ്പും ജല ആഗീരണശേഷിക്കുറവുമാണ് ഈ നീരൊഴുക്കിന് പ്രധാന കാരണം. അതുകൊണ്ടുതന്നെ മഴ മാറിയാൽ പറമ്പും തോടുകളും അനവധി കുളങ്ങളും കിണറുകളും വറ്റി വരളുന്നു. പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകളുടെ സ്ഥിതി V.I ജല സേചനത്തിൽ അനുബന്ധമായി പട്ടിക കൊടുത്തിട്ടുണ്ട്. ഉയർന്ന ഭൂവിഭാഗങ്ങൾക്കുള്ളിലാണ് ഭൂഗർഭ ജലം കൂടുതലായും കാണുന്നത്. ഈ ജലം പൊതുവേ കുടിക്കുന്നതിന് യോജിച്ചതായി കാണുന്നില്ല.

IV. ഭൂമിയും ഭൂവിനിയോഗവും

ഈ പഞ്ചായത്തിലെ 3 തരം ഭൂവിഭാഗങ്ങളെപ്പറ്റി ഭൂപ്രകൃതിയിൽ ചുരുക്കമായി പ്രതിപാതിച്ചു. V.I കൃഷിയിൽ അനുബന്ധമായി കാർഷിക വിനിയോഗത്തെ സംബന്ധിച്ചും ചേർത്തിട്ടുണ്ട്. റോഡുകളും പുറമ്പോക്കുകളുമായ 135 ഹെക്ടർ സ്ഥലമാണ് പ്രധാനമായും മറ്റൊരിനം. മുൻപുണ്ടായിരുന്ന കാവുകൾ മുഴുവൻ തന്നെ കൃഷിയിടങ്ങളായിത്തീർന്നു. മൈതാനങ്ങളും പ്രതിപാതിക്കുവാൻ വിസ്തീർണ്ണമില്ലെങ്കിലും 5 ഹെക്ടറോളം ഭൂമിയുണ്ട്.

V. ജൈവ[illegible] സമ്പത്ത്

സസ്യങ്ങൾ (ഔഷധച്ചെടികൾ) ഓരില, മൂവില, ആടലോടകം, തഴുതാമ, കരിങ്കുറിഞ്ഞി, കുറുംതോട്ടി, കാട്ടുജീരകം, ഉമ്മം, ചെത്തി, കരിങ്ങോട്ട, കാട്ടുകൊടി, ബ്രഹ്മി, ആനച്ചുവടി, കൊടിത്തൂവ, അമൃത്, ഇഞ്ച, വെളുത്തിയമരി, നീലയമരി, തുളസി, കൃഷ്ണകാന്തി, കറ്റാർവാഴ, ഇലക്കള്ളി, ചെമ്പരത്തി, അമൽപ്പൊരി, സർപ്പഗന്ധി, ശതാവരി, നറുനീണ്ടി, ശംഖുപുഷ്പം, ആവണക്ക്, കിഴ്കാനെല്ലി, കൈയൂന്നി, പുളിയില, പുളിയാരില, ആര്യവേപ്പ്, ഒറ്റച്ചെവിയൻ, മുയൽച്ചെവിയൻ, കറുക, നീർമാതളം, തിപ്പലി, കടലാവണക്ക്, വള്ളിപ്പാല, പാൽമുതക്, പാതിരി, പലകപ്പയ്യാനി.

ജന്തുക്കൾ

കാലികൾ, ആന, ആട്, എരുമ, പോത്ത്, പന്നി, പട്ടി, പൂച്ച, മുയൽ, കുറുക്കൻ, കാട്ടുപാക്കാൻ, കാട്ടുമുയൽ, ഉടുമ്പ്, അണ്ണാൻ, നീർനായ്, മരപ്പെട്ടി, തൊരപ്പൻ, വെള്ളെലി, പെരുച്ചാഴി, കീരി.

50 വർഷം മുമ്പുണ്ടായിരുന്നവ

മുള്ളൻപന്നി, കാട്ടുപന്നി, ഈനാംപേച്ചി, പന്നിഎലി.

പാമ്പുകൾ

ചേര, മൂർഖൻ, നീർക്കോലി, മഞ്ചട്ടി, അണലി, ചേനത്തണ്ടൻ, കുഴിയണലി, പനറാകൽ, വളകഴപ്പൻ, പിച്ചലപാമ്പ്, വില്ലൂന്നി.

പക്ഷികൾ

കോഴി ഉപ്പൻ, കാക്ക, കുയിൽ, കാക്കത്തമ്പുരാട്ടി, ആനറാഞ്ചി, കാറകാൻ, വെളിർ, പരുന്ത്, എറിയൻ, പുള്ള്, മണ്ണാത്തിപ്പുള്ള്, ഇരട്ടത്തലയൻ, മഞ്ഞപ്പക്ഷി, മരംകൊത്തി, കരുവി, ഓലാഞ്ഞാലി, മൂങ്ങാ, നത്ത്, പ്രാവ്, തത്ത, ചൂള, ചൂളക്കാക്ക, പൊന്മാൻ, കരികിലാംപെട, അരിപ്രാവ്, പനങ്കൂളൻ, കുളക്കോഴി, കാട്ടുകോഴി, വവ്വാൽ, അട്ടമുറിയൻ.

മത്സ്യങ്ങൾ

വരാൽ, മുഷി, പരൽ, മനഞ്ഞിൽ, കൂരി, വട്ടോൻ, ആരോൻ, ഞണ്ട്, തോട്ടു ചെമ്മീൻ, ചില്ലാൻ കൂരി, മുണ്ടിയാരോൻ, അണലി, ധർമ്മൻ, കുറുവ.

മറ്റു മരങ്ങൾ.

തെങ്ങ്, കമുക്, കശുമാവ്, കൊക്കോ, റബ്ബർ, ആൽ, അകിൽ, വട്ട, പൊങ്ങല്യം, മാഞ്ചിയം, മഹാഗണി, തേക്ക്, വീട്ടി, ആഞ്ഞിലി, പ്ലാവ്, മാവ്, പഞ്ഞി, ബദാം, കുടപ്പന, ചൂണ്ടപ്പന, മരോട്ടി, മരുത്, പേര, വാളൻപുളി, കുടംപുളി, ഏഴിലംപാല, പേഴ്, ഞാവൽ, വേങ്ങ, ഇടന, വെട്ടി, ഈന്ത്, തേരകം, മുരിക്ക്, മുരിഞ്ഞ, കലയം, അരയാൽ, പേരാൽ, ഈറ്റ, ഇല്ലി, ചേർ, ഇരുപ്പ, മണിമരുത്, തെള്ളി, കരിന്തകര, മുരിക്ക്, മുരിങ്ങ, സിൽവർ ഓക്ക്, ചൂള, വാക, നെല്ലി.

കുറ്റിച്ചെടികൾ

കൊങ്ങണി, കാശാവ്, പുല്ലാന്തി, ഞാറ, ഐ.മു. പച്ച, പാണൽ, കുരികിൽ, കൈത, തഴ, ഒട്ടൽ, തോട്ടുവാർ, ഒതളം, തകര, തൊട്ടാവാടി, പനച്ചേൻ.

മറ്റു മരങ്ങളിൽ പടർന്നു വളരുന്നവ

പരുവൽ, കുരുമുളക്, കൊടി, ഇത്തിൾ, ഓടൽ, പേരാൽ, ഞരള, ചേല.

VI മനുഷ്യ വിഭവം

പ്രധാന വിഭവമാണ് മനുഷ്യൻ. ശക്തിയും ബുദ്ധിയുമാണ് ഏതിന്റെയും ഉറവിടം. ഇവ രണ്ടും ഉപയോഗിച്ച് മറ്റെല്ലാ വിഭവങ്ങളും വിനിയോഗം ചെയ്യുമ്പോൾ നാം പുരോഗതി പ്രാപിക്കുന്നു.

തൃപ്തികരമായ വിദ്യാഭ്യാസ, ആരോഗ്യ നിലവാരങ്ങളാണ് ഉള്ളത്. ജനനനിരക്ക് മരണനിരക്കിനെക്കാൾ കൂടുതലാണ്.

പഞ്ചായത്തിലെ ജനസംഖ്യ

1991 ലെ സെൻസസ് പ്രകാരം ജനസംഖ്യ				1996 ഡിസം 1 ലെ ജനസംഖ്യ
വാർഡ്	പു.	സ്ത്രീ.	ആകെ.	
1	888	887	1775	2200
2	838	842	1680	1826
3	812	828	1640	1870
4	775	756	1531	1638
5	1169	1103	2272	2378
6	949	908	1857	2223
7	683	672	1355	1931
8	795	786	1581	1891
9	909	887	1796	2135
ആകെ	7818	7669	15487	18092

ഇന്നുള്ള 18000 ജനങ്ങളിൽ വിവിധ മേഖലകളിൽ വാർഡു തലത്തിലുള്ള തൊഴിൽ പങ്കാളിത്തം.

നമ്പർ	മുഖ്യ തൊഴിൽ		1	2	3	4	5	6	7	8	9	ആകെ
1	കർഷകർ	പു.	395	210	160	85	235	261	65	390	301	2102
		സ്ത്രീ.	20	16	40	19	35	28	12	50	182	888
2	കർഷക തൊഴിലാളികൾ	പു.	140	138	100	100	68	145	56	70	82	899
		സ്ത്രീ.	90	39	55	45	32	63	32	75	68	499
3	വ്യാപാര/ വ്യവസായം	പു	20	39	7	11	39	31	24	60	60	291
		സ്ത്രീ.	4	-	3	5	2	1	3	5	-	23
4	കുടിൽവ്യവസായം	പു	8	9	-	3	-	37	6	6	12	81
		സ്ത്രീ.	4	2	1	1	-	18	6	8	4	44
5	കെട്ടിടനിർമ്മാണം	പു	32	20	40	7	108	30	26	30	25	318
		സ്ത്രീ.	21	22	55	3	20	6	16	20	14	177
6	ട്രാൻസ്പോർട്ടിംഗ്	പു	13	32	12	16	12	16	22	10	32	165
		സ്ത്രീ	-	-	-	-	-	-	-	-	-	-
7	വിദേശജോലി	പു	31	62	15	11	58	18	27	40	52	314
		സ്ത്രീ.	20	33	11	6	48	19	26	30	27	220
8	മറ്റ് സംസ്ഥാന ജോലി	പു	26	59	30	33	45	28	41	30	46	338
		സ്ത്രീ.	23	11	22	25	36	18	32	20	34	221
9	സർക്കാർ സേവനമേഖല	പു	31	53	18	21	18	19	6	25	26	217
		സ്ത്രീ.	11	18	19	13	9	7	2	15	18	112
10	സഹകാര്യമേഖല	പു	32	11	20	3	39	23	15	12	32	187
		സ്ത്രീ.	16	3	10	5	22	18	6	4	7	91
11	കരിങ്കൽപണി	പു	51	12	22	4	20	16	5	6	1	137
		സ്ത്രീ.	14	2	8	3	4	3	16	1	1	52
12	മരംമുറിക്കൽ	പു	13	27	15	5	18	11	6	2	2	99
		സ്ത്രീ.	6	-	12	3	-	1	-	1	-	23
13	കാലിവളർത്തൽ	പു	25	39	20	20	15	7	18	3	-	147
		സ്ത്രീ.	5	4	10	6	11	166	104	2	21	329
14	മറ്റ് ജില്ലയിനിന്നും ജോലിക്കെത്തിയവർ	പു	4	16	18	14	21	12	9	15	10	119
		സ്ത്രീ.	-	-	-	-	-	-	-	-	-	-
15	മറ്റുജോലികൾ	പു	3	5	7	2	12	1	21	10	8	69
		സ്ത്രീ.	1	-	4	-	-	-	-	-	-	5
	ആകെ		1059	877	739	469	927	1003	602	940	1065	7681

ഭൂപ്രകൃതി	ചെറിയചെരിവ്	കുന്നിൻമണ്ട	ചെരിവ്	സമതലം	ചെറിയ കുന്ന്	സമതലം	ചെരിവ്	കുന്ന്	ചരിവ്	സമതലം
മണ്ണുതരം	കരിങ്കല്ല്	ചരൽമണ്ണ് വലിയപാറക്കെട്ടുകൾ	ചെമണ്ണ് പാറക്കെട്ടുകൾ	കറുത്തമണ്ണ്	ചരൽമണ്ണ് പാറക്കല്ല്	തോണമണ്ണ് ജലം ആഗീരണം കുറവ്	ചെമണ്ണ്	ചരൽമണ്ണ് വെട്ടുകല്ല്	ചെങ്കല്ല്	ചെങ്കല്ല്
സസ്യാവരണം	റബ്ബർ	റബ്ബർ	റബ്ബർ തെങ്ങ്	നെല്ല് റബ്ബർ	റബ്ബർ	നെല്ല് റബ്ബർ	റബ്ബർ തെങ്ങ്	റബ്ബർ	റബ്ബർ	റബ്ബർ
പരിസ്ഥിതി	മണ്ണൊലിപ്പ്	പാറപൊട്ടിക്കൽ	മണ്ണൊലിപ്പ്	നെല്പാടം നികത്തൽ	മണ്ണൊലിപ്പ്	നെല്പാടം നികത്തൽ	മണ്ണൊലിപ്പ്	വെട്ടുകൽ ഖനനം	മണ്ണൊലിപ്പ്	നെല്പാടം നികത്തൽ
ജനവാസം	ശരാശരി	കുറവ്	ശരാശരി	വളരെ	ശരാശരി	വളരെ	ശരാശരി	കുറവ്	ശരാശരി	ശരാശരി
റോഡ്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
ജല ലഭ്യത	കുറവ്	ദരിദ്രം	ഭാഗികം	ഭാഗിക	ദരിദ്രം	ഭാഗികം	ദരിദ്രം	ദരിദ്രം	കുറവ്	കുറവ്
പൊതു സ്ഥലങ്ങൾ	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല

IV. സാമൂഹ്യസാംസ്ക്കാരിക ചരിത്രം

കോട്ടയം ജില്ലയിൽ വടക്കെ അതിർത്തിയോടടുത്ത് കിടക്കുന്ന മോനിപ്പള്ളി വില്ലേജിലെ മോനിപ്പള്ളിക്കരയും, ഉഴവൂർ വില്ലേജ് മുഴുവനായും സംയോജിപ്പിച്ച് രൂപം കൊടുത്തിട്ടുള്ളതാണ് ഉഴവൂർ ഗ്രാമപഞ്ചായത്ത്. പണ്ട് വടക്കുംകൂർ രാജാവിന്റെ വകയായിരുന്നു ഉഴവൂർ ഗ്രാമം. മോനിപ്പള്ളിയാകട്ടെ കൊച്ചി കരിങ്ങനം പള്ളി സ്വരൂപത്തിന്റെയും പൂമറ്റത്തിൽ മേനോന്റെയും വകയായിരുന്നു.

ഉഴവൂരിന്റെ ആദ്യനാമം ഉളവൂർ എന്നായിരിക്കണം. പിന്നീടത് എളൂരായി. ഇപ്പോൾ ഉഴവൂരായി. ഉഴവുകാരുടെ (കൃഷിക്കാരുടെ) നാട് എന്നതുകൊണ്ടാണ് ഉഴവൂർ എന്ന പേരു ലഭിച്ചതെന്ന് പറയപ്പെടുന്നു. തപാൽ മുദ്രകളിൽ ഒഴവൂർ (Ozhavoor) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ആയിരത്തിൽപ്പരം വർഷങ്ങൾ പഴക്കമുള്ള ഒരു സംസ്ക്കാരം ഈ പ്രദേശങ്ങൾക്കുണ്ട്. ബ്രാഹ്മണന്മാരും ക്ഷത്രീയരുമായിരുന്നു ഇവിടെ താമസിച്ചിരുന്നത്. അവർ നിർമ്മിച്ചതാണ് നൂറ്റാണ്ടുകൾ പഴക്കമുള്ള വിവിധ ക്ഷേത്രങ്ങൾ. ശതാബ്ദങ്ങൾ പഴക്കമുള്ള കരുനെച്ചി ക്ഷേത്രം അന്നും ഇന്നും പ്രസിദ്ധമാണ്. ക്ഷേത്രത്തോടനുബന്ധിച്ച് നിരവധി കൊട്ടാരങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അവയെല്ലാം കാലാന്തരത്തിൽ നശിച്ചുപോയി. പുരാതനമായ ഉഴവൂർ ശാസ്താംകുളം ക്ഷേത്രവും അതിൽ കുടികൊള്ളുന്ന ദേവിയുമായി ബന്ധപ്പെടുന്ന പല ഐതീഹ്യങ്ങളും നിലവിലുണ്ട്. വളരെക്കാലം പഴക്കമുള്ള അരീക്കര ശിവക്ഷേത്രം പിൽക്കാലത്ത് കൊള്ളയടിക്കപ്പെടുകയുണ്ടായി. ക്ഷേത്രത്തിന്റെ സ്വർണ്ണക്കൊടിമരവും മറ്റും അമ്പലച്ചിറയിൽ ഉള്ളതായി ഐതീഹ്യങ്ങളുണ്ട്. മോനിപ്പള്ളിയുടെ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന് പാഴൂർ, കിടങ്ങൂർ എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളുമായി ബന്ധങ്ങളുണ്ടെന്നാണ് ഐതീഹ്യം.

അഞ്ഞൂറോളം വർഷങ്ങൾക്കുമുമ്പ് മെച്ചപ്പെട്ട കൃഷിയിടങ്ങൾ തേടി കടുത്തുരുത്തി, നീണ്ടൂർ, കുറവിലങ്ങാട്, മുളക്കുളം എന്നിവിടങ്ങളിൽനിന്നും ക്രിസ്ത്യാനികൾ ഉഴവൂർ, മോനിപ്പള്ളി പ്രദേശങ്ങളിലേക്ക് കുടിയേറി. ഉഴവൂരുകാർക്ക് വൈദീകരുടെ സേവനം ലഭിച്ചിരുന്നത് കടുത്തുരുത്തി പള്ളയിൽ നിന്നായിരുന്നു. ഉദാരമതിയും ബഹുമാന്യനുമായ ചിറ്റേടത്ത് കൈമളിനോട് ജന്മിഭോഗം കൊടുത്ത് ലഭിച്ച ഉഴവൂർ കുന്നിൽമുകളിൽ ബ. കുമ്മനത്ത് ഇട്ടൂപ്പുകത്തനാരുടെ നേതൃത്വത്തിൽ 1631-ൽ ഒരു പള്ളി സ്ഥാപിക്കപ്പെടുകയുണ്ടായി. അതാണ് പ്രസിദ്ധമായ സെൻമറ് സ്റ്റീഫൻസ് ഫെറോനാ പള്ളി. പിൽക്കാലത്ത് ഉഴവൂർ ദേവാലയത്തിന്റെ ശാഖകളായി ഇടക്കോലി (1911) മോനിപ്പള്ളി (1890) പയസ്മൗണ്ട് (1959) ചേറ്റുകുളം (1990) എന്നിവിടങ്ങളിൽ പള്ളികൾ സ്ഥാപിക്കപ്പെട്ടു. കുറവിലങ്ങാട്ടു പള്ളിയുടെ ശാഖയായി മോനിപ്പള്ളിയിൽ ചീങ്കല്ലേലും (1952) മുത്തോലപുരം പള്ളിയുടെ ശാഖയായി ആച്ചിക്കലും (ഉദയഗിരി) (1981) പള്ളികൾ സ്ഥാപിക്കപ്പെട്ടു. ഉഴവൂരിൽ വടക്കുഭാഗത്തു ഒരു സി.എസ്.ഐ. ദേവാലയവും (1935) കിഴക്കുഭാഗത്തു യഹോവസാക്ഷികളുടെ രാജ്യഹാളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മുൻകാലങ്ങളിൽ ഒരു പള്ളി സ്ഥാപിച്ചാൽ അതിനെ സംബന്ധിച്ച് പാട്ടുകൾ രചിക്കപ്പെടുമായിരുന്നു. ഉഴവൂർ ദേവാലയത്തെക്കുറിച്ച് പുരാതനമായ ഒരു പാട്ട് ഉള്ളതു കൂടാതെ യശഃശരീരനായ എണ്ണം പ്ലാശേരിൽ ലൂക്കാസാർ രചിച്ച പാട്ട് താളലയത്തിൽ ഇന്നും പാടാറുണ്ട് (പാരിടമഴകിൽ പരിപാലിപ്പാൻ.....)

ഉഴവൂർ പഞ്ചായത്തിലെ കുരുനെച്ചി ക്ഷേത്രം, ശാസ്താംകുളം ക്ഷേത്രം, മോനിപ്പള്ളി ക്ഷേത്രം എന്നിവയോടനുബന്ധിച്ച് കരയോഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മോനിപ്പള്ളിയിൽ ഒരു എസ്.എൻ.ഡി.പി. മന്ദിരവും എൻ.എസ്.എസ്. കരയോഗ മന്ദിരവും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. സുദൃഢമായ മതസൗഹാർദ്ദവും അന്യൂനതമായ പരസ്പര സ്നേഹവും കളിയാടുന്ന ഒരു പ്രദേശമാണ് ഉഴവൂർ പഞ്ചായത്ത്. ക്രൈസ്തവരുടെ കുടിയേറ്റത്തോടെ ഹിന്ദു - ക്രിസ്ത്യൻ സംസ്ക്കാരങ്ങൾ പരസ്പരം ഉൾക്കൊണ്ട് സാമൂഹിക ജീവിതത്തിനും ആചാരങ്ങൾക്കും മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിശാലഹൃദയനായിരുന്ന ചിറ്റേടത്തു കൈമളെ ആദരിക്കുന്നതിന്റെ ഭാഗമായി ഉഴവൂർ പള്ളിത്തിരുനാളനോടനുബന്ധിച്ച് എല്ലാവർഷവും അദ്ദേഹത്തിന്റെ അനന്തരാവകാശികൾക്ക്

"അഞ്ചേകാലും കോപ്പും" നൽകിവരുന്നു. ഉഴവൂർ പള്ളിയിലെ തിരുനാൾ ഒരു പ്രാദേശിക ഉത്സവമെന്നോണം നാനാജാതി മതസ്ഥരും ഉത്സാഹപൂർവ്വം പങ്കെടുക്കുന്നുണ്ട്. വിവിധ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളിലും എല്ലാ വിഭാഗത്തിൽപ്പെട്ടവരും പങ്കെടുക്കുന്നു.

പുരാതനകാലങ്ങളിൽ വിദ്യാഭ്യാസത്തിനായി ആശാൻകളരികളെയാണ് ആശ്രയിച്ചിരുന്നത്. മലയാള അക്ഷരങ്ങൾക്കും അക്കങ്ങൾക്കും പുറമെ ഹിന്ദുകുട്ടികളെ ശ്രീരാമോദന്തം, നീതിസാരം, തുടങ്ങിയവയും ക്രിസ്ത്യൻ കുട്ടികളെ വേദപാഠവും ആശാൻമാർ പഠിപ്പിച്ചിരുന്നു.

നൂറുവർഷങ്ങൾക്കു മുമ്പ് മോനിപ്പള്ളിയിൽ സർക്കാർ പ്രൈമറി സ്കൂൾ ആരംഭിക്കുകയുണ്ടായി. 1905ൽ ഉഴവൂരിൽ സെന്റ് ജോവനാസ് സ്കൂളും 1919-ൽ O.L.L. ഇംഗ്ലീഷ് മീഡിയം സ്കൂളും ആരംഭിച്ചു. 1927-ൽ N.S.S. മിഡിൽ സ്കൂളും 1933-ൽ ഹോളി ക്രോസ് മിഡിൽ സ്കൂളും മോനിപ്പള്ളിയിൽ ആരംഭിക്കുകയുണ്ടായി. 1950-ൽ ഉഴവൂർ O.L.L. ഇംഗ്ലീഷ് സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1979-ൽ മോനിപ്പള്ളി ഹോളിക്രോസ് യു.പി. ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. ഈ രണ്ട് ഹൈസ്കൂളുകളും ഈ പ്രദേശത്തെ വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനകരമായി നിലകൊള്ളുന്നു. 1968-ൽ ചീങ്കല്ലേലും 1979ൽ പയസ്മൗണ്ടിലും പ്രൈമറി സ്ക്കൂളുകൾ സ്ഥാപിക്കപ്പെട്ടത്, കൊച്ചുകുഞ്ഞുങ്ങളുടെ പ്രാഥമിക വിദ്യാഭ്യാസത്തിന് സഹായകരമായി. കൊച്ചുകുഞ്ഞുങ്ങളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർത്തു പഠിപ്പിക്കുവാൻ കുറേപ്പേരെങ്കിലും വ്യഗ്രതകാണിക്കുന്നുണ്ട്.

1913-ൽ ഉഴവൂരിൽ ഒരു കന്യാസ്ത്രീ മഠം സ്ഥാപിക്കപ്പെടുകയും അന്നുമുതൽ കുട്ടികളെ പഠിപ്പിക്കുന്നതിൽ അവർ ഭാഗഭാക്കാകുകയും ചെയ്യുന്നു. പിൽക്കാലത്ത് മോനിപ്പള്ളി, ചീങ്കല്ലേൽ പയസ്മൗണ്ട്, ഇടക്കോലി, ചേറ്റുകുളം എന്നിവിടങ്ങളിൽ മഠങ്ങൾ സ്ഥാപിക്കപ്പെടുകയും ക്രിസ്തീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കന്യാസ്ത്രികൾ അദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുകയും ചെയ്യുന്നു. ഇടക്കോലി, ഉഴവൂർ, ചേറ്റുകുളം, ആച്ചിക്കൽ, മോനിപ്പള്ളി, ചീങ്കല്ലേൽ എന്നിവിടങ്ങളിൽ ബ. കന്യാസ്ത്രീമാരുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന നേഴ്സറി സ്കൂളുകൾ കൊച്ചുകുഞ്ഞുങ്ങളെ സ്കൂൾ പഠനത്തിനായി ഒരുക്കുന്ന കാര്യത്തിൽ മാർഗ്ഗദീപങ്ങളാണ്. അക്ഷരജ്ഞാനത്തിനു പുറമെ സംഗീതം സാഹിത്യം, നൃത്തം, പ്രസംഗം തുടങ്ങിയ കലകളിലും കുഞ്ഞുങ്ങൾക്കു പരിശീലനം നൽകപ്പെടുന്നു. ഉഴവൂർ സ്ഥാപിക്കപ്പെട്ടിടുള്ള തിരു ബാലനഗർ കഷ്ട പ്പാടനുഭവിക്കുന്ന കുഞ്ഞുങ്ങൾക്ക് ആശാകേന്ദ്രമാണ്. റോസ്ഭവ൯ എന്ന പേരിൽ മോനിപ്പള്ളിൽ ബ. സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ ഒരു വൃദ്ധമന്ദിരം പ്രവർത്തിക്കുന്നു.

1919-ൽ O.L.L. ഇംഗ്ലീഷ് സ്കൂളിൽ പ്രഥമാദ്ധ്യാപകനായി സേവനമാരംഭിച്ച യശഃ ശരീരനായ ജോസഫ് ചാഴികാടൻ അവർകൾ പിന്നീട് ഈ നാടിന്റെ ജനപ്രതിനിധിയായി തെരെഞ്ഞെടുക്കപ്പെടുകയും ഈ പ്രദേശത്തിന്റെ സർവ്വതുഖമായ വളർച്ചയ്ക്കും വികസനത്തിനും കാരണക്കാരനാവുകയും ചെയ്തു എന്നത് എടുത്തുപറയേണ്ടിയിരിക്കുന്നു. കോട്ടയം പട്ടണവുമായി യാത്രാസൗകര്യമില്ലാതെ ഒറ്റപ്പെട്ടു കിടന്നിരുന്ന ഉഴവൂരിൽ ശ്രീ പട്ടംതാണുപിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്ത് 1954ൽ ശ്രീ ജോസ്ഫ് ചാഴികാടന്റെ ശ്രമഫലമായി കൊണ്ടുവന്ന കെ.എസ്.ആർ.ടി.സി. ബസ്സ് ഇന്നും മുടക്കം കൂടാതെ സർവ്വീസ് നടത്തുന്നു.. അദ്ദേഹം ഈ ഗ്രാമത്തിൽ ഒരു കോളേജ് സ്ഥാപിക്കാൻ കാരണക്കാരനായി എന്നത് നമുക്കെല്ലാവർക്കും അഭിമാനകരമാണ്. ഉഴവൂർ സർക്കാർ ആശുപത്രിയും (1946) ഉഴവൂർ വികസന ബ്ലോക്കും (1954) അനുവദിപ്പിച്ചത് അദ്ദേഹമാണ്. ഭാരതത്തിന്റെ ഉപരാഷ്ട്രപതി ശ്രീ കെ.ആർ. നാരായണൻ അവർകൾ ഈ നാടിന്റെ പുത്രനും O.L.L. ഇംഗ്ലീഷ് സ്കൂളിന്റെ സംഭാവനയുമാണ്. അതുപോലെതന്നെ തലശ്ശേരി രൂപതയുടെ പ്രഥമമെത്രാൻ ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി. കോഴിക്കോട് രാമകൃഷ്ണ മ ധിപതി ശ്രീ. സിദ്ധാനന്ദ, മോൺ. സ്റ്റീഫൻ ജയരാജ്, ശ്രീ. ഈ.ജെ. ലൂക്കോസ് Ex. M.L.A., ശ്രീ. തോമസ് ചാഴികാടൻ M.L.A. തുടങ്ങിയ നിരവധി പേർ ഈ സ്കൂളിന്റെ കൽപടവുകൾ ചവിട്ടി ഇറങ്ങിയവരാണ്. ഉഴവൂരിന്റെ വിദ്യാഭ്യാസരംഗത്തെ വളർച്ചയ്ക്ക് ഒരു നാഴികക്കല്ലെന്നോണം വർത്തിക്കുന്നത്. സെന്റ്. സ്റ്റീഫൻസ് കോളേജ് (1964) ആണ്. കോളേജ് വിദ്യാഭ്യാസം കയ്യെത്താദൂരത്തായിരുന്ന ഈ പ്രദേശത്തെ കുട്ടികൾക്കൊരു അനുഗ്രഹമാണിത്. ഉഴവൂരിന്റെ സാംസ്കാരിക ചരിത്രം തന്നെ തിരുത്തി എഴുതാവുന്ന പുരോഗതിക്ക് കാരണമാകുവാൻ ഈ കോളേജിനു കഴിഞ്ഞിട്ടുണ്ട്.



മോനിപ്പള്ളി രാജരാജേശ്വരി ഭഗവതി ക്ഷേത്രം



ഉഴവൂർ സെന്റ് സ്റ്റീഫൻസ് ഫൊറോന പള്ളി

ഭൂരിഭാഗവും കാടായി കിടന്നിരുന്ന ഈ പ്രദേശത്ത് കാട്ടുമൃഗങ്ങളുടെ നിരന്തരമായ ശല്യം ഉണ്ടായിട്ടും മനോവീര്യം നഷ്ടപ്പെടാതെ കർഷകർ കൃഷി ജോലികൾ യഥാസമയങ്ങളിൽ ചെയ്തിരുന്നു. കപ്പ, ഇഞ്ചി, നെല്ല്, നടുതലയിനങ്ങൾ തുടങ്ങിയവയായിരുന്നു പ്രധാന വിളകൾ. കൃഷിയിടങ്ങളിൽ ഏറുമാടങ്ങൾ സ്ഥാപിച്ച് കാവലിരിക്കുമായിരുന്നു. ചവറ്, ചാണകം, ചാരം തുടങ്ങിയവയായിരുന്നു വളമായി ഉപയോഗിച്ചിരുന്നത്. പണിസമയങ്ങളിൽ കർഷകൻ തൊപ്പിപ്പാള അണിയുമായിരുന്നു. പഞ്ഞമാസങ്ങളിൽ പനനൂറു കൊണ്ടുണ്ടക്കിയ പനംകഞ്ഞി കഴിക്കുമായിരുന്നു.

മുൻകാലങ്ങളിൽ പുരുഷന്മാർ വെള്ളമുണ്ടുടുക്കുകയും കുറിയമുണ്ട് തോളിലിടുകയും ചെയ്തിരുന്നു. ഹൈന്ദവസ്ത്രീകൾ വെള്ളമുണ്ടും റവുക്കയുമായിരുന്നു ധരിച്ചിരുന്നത്. ക്രിസ്ത്യാനിപ്പെണുങ്ങൾ വെള്ളമുണ്ടും ചട്ടയും ധരിച്ചിരുന്നു. ദളിത വിഭാഗത്തിൽപ്പെട്ടവർ അറയാനിയുടെ തൊലി ചതച്ച് വസ്ത്രമായി ഉപയോഗിച്ചിരുന്നു. വസ്ത്രധാരണത്തിന്റെ കാര്യത്തിൽ ഏറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. സാരി, ചുരിദാർ, നൈറ്റി എന്നിവയാണ് ഇപ്പോൾ സ്ത്രീകൾ പൊതുവേ ധരിക്കാറുള്ളത്.

ആഘോഷാവസരങ്ങളിൽ ക്രിസ്ത്യാനികൾ മാർഗ്ഗം കളിപ്പാട്ട്, പാടാറുണ്ട്. താളവും കൈവിരുതും മെയ്വഴക്കവും സമൃക്കായി സമ്മേളിക്കുന്ന നൃത്തവേദിയാണിത്. ക്നാനായക്കാരുടെ വിവാഹാഘോഷങ്ങളിലെ പ്രധാനപ്പെട്ട ഒരിനമാണ് പുരാതനപ്പാട്ട്. ഹിന്ദുക്കളുടെ വിവാഹവസരങ്ങളിലെ ആർപ്പും കുരവയും കൗതുകകരമാണ്. പരിശമുട്ടുകളി, തലയാട്ടംകളി, എന്നിവ ദളിത് വിഭാഗക്കാരുടെ വിനോദമാണ്. ചാത്തൻസേവ ചാവുതുള്ളൻ എന്നിവ ഇവരുടെ ഇടയിൽ നിലനിന്നിരുന്നു.

റേഡിയോ പാട്ടുകൾ കേൾക്കുവാൻ ഈ പ്രദേശത്തെ ജനങ്ങൾ അമ്പതുവർഷങ്ങൾക്കു മുമ്പ് ആകാംഷാഭരിതരായിരുന്നെങ്കിൽ ഇന്ന് അനേകം വീടുകളുടെ മേൽകൂരകളിൽ ടെലിവിഷൻ ആന്റിനകൾ ഉയർന്നു നിൽകുന്നത് ഒരു കാഴ്ചയാണ്.

സഹസ്രാബ്ദങ്ങൾക്കു മുമ്പ് ആവിർഭവിച്ച ഹൈന്ദവ സംസ്കാരവും ഈ നാടിനെ അനുഗ്രഹിച്ചുകൊണ്ട് തലയുയർത്തിനിൽക്കുന്ന ദേവാലയങ്ങളും, വിജ്ഞാനത്തിന്റെ പ്രഭ വിതറിക്കൊണ്ട് പ്രശോഭിച്ചു നില്ക്കുന്ന സരസ്വതിമന്ദിരങ്ങളും, നിസ്വാർത്ഥതയോടെ നാടിന്റെ വികസനത്തിനായി പ്രയത്നിച്ച കുറെ മനുഷ്യസ്നേഹികളും ഒത്തൊരുമിച്ചപ്പോൾ ഈ ഗ്രാമം ഇൻഡ്യ ഒട്ടാകെ പ്രസിദ്ധമായി. വിദ്യാഭ്യാസം ലഭിച്ച ഈ നാട്ടിലെ നല്ല സംഖ്യ യുവാക്കന്മാരും യുവതികളും വിദേശങ്ങളിൽ ജോലി ചെയ്യുന്നതുമൂലം സാമ്പത്തികമായി ഈ നാട് വളർന്നിട്ടുണ്ട്. എങ്കിലും ഒരു നല്ല വിഭാഗം ജനങ്ങൾക്കും ആധുനിക സൗകര്യങ്ങളോ, അത്യാവശ്യ സൗകര്യങ്ങളോ ലഭിച്ചിട്ടില്ല എന്നത് ഒരു സത്യമാണ്. ആ നിലയിൽ വികസനരംഗത്ത് ഇവിടെ ഇനിയും പലതും ചെയ്യേണ്ടതായിട്ടുണ്ട്.

V. വികസനമേഖലകൾ

V. (1) കൃഷിയും ജലസേചനവും

2667.3ഹെ. വിസ്തൃതിയുള്ള ഈ ഗ്രാമപഞ്ചായത്തിൽ 2424ഹെ. ഭൂമി വിവിധ കൃഷിക്കായി വിനിയോഗിച്ചിരിക്കുന്നു. കൃഷിക്ക് അനുഗ്രഹീതകാലാവസ്ഥയുള്ള ഇവിടെ കഴിഞ്ഞ കാൽ നൂറ്റാണ്ട് കൊണ്ട് കൃഷിയിൽ പ്രസക്തമായ മാറ്റങ്ങൾ ഉണ്ടായി. കുറുംകുപ്പ് കൃഷികളും നാണ്യവിളകളും 90% കുറവായി.

ഇന്നുള്ള തോട്ടവിളകൾ സ്ഥാനം പിടിക്കുന്നതിന്മുമ്പ് നാണ്യവിളകളും അതിന് മുമ്പ് ചോളം, നെല്ല്, വരക്, തുവര തുടങ്ങിയ ഭക്ഷ്യവിളകളുമായിരുന്നു അധികവും. 4 ദശാബ്ദങ്ങളായി ഭക്ഷ്യവിളകൾ പുരയിടങ്ങളിൽ നിന്ന് അപ്രത്യക്ഷമായി. വീണ്ടും നാണ്യവിളകൾ സ്ഥാനം പിടിച്ചെങ്കിലും കർഷകർ 25 വർഷം മുമ്പ് മുതൽ റബ്ബർ കൃഷിയിലേക്കു തിരിഞ്ഞു.

തികച്ചും ഭക്ഷ്യകമ്മി നിലനിന്നിരുന്നപ്പോൾ ഭക്ഷ്യവിളകളിൽ നിന്ന് കർഷകർ പിൻവാങ്ങിയത് കീടബാധയും ക്ഷുദ്രജീവികളുടെ ഉപദ്രവും ആയിരുന്നെങ്കിൽ ഉല്പാദമാന്ദ്യവും, വിലത്തകർച്ചയും നാണ്യവിളകളിൽനിന്ന് കർഷകരെ മാറാൻ നിർബന്ധിച്ചു. കൂടാതെ കർഷകഭൂപരിധി നിയമവും, തോട്ടവിളയായ റബ്ബർ കൃഷിക്ക് മുൻതൂക്കം നൽകുവാൻ കർഷകരെ പ്രേരിപ്പിച്ചു.

ക്രമ നമ്പർ	വിസ്തീർണ്ണം	ഭൂഉടമകളുടെ എണ്ണം
1.	1-10 സെന്റ്	908
2.	11-25 സെന്റ്	1247
3.	25-50 സെന്റ്	1429
4.	50-100 സെന്റ്	1523
5.	1-2 ഏക്കർ	1430
6.	2-5 ഏക്കർ	722
7.	5 ഏക്കറിനുമേൽ	106

കൃഷിയെ ആശ്രയിച്ച് മുഖ്യമായും ജീവിക്കുന്നവരാണ് അധികവും. 2504 കർഷകരും 1398 കർഷകതൊഴിലാളികളുമാണ് ഇവിടെയുള്ളത്. നല്ല കാലാവസ്ഥയും വിവിധ കൃഷികൾക്ക് ഫലഭൂയിഷ്ഠമായ മണ്ണും ഉള്ള ഈ പഞ്ചായത്തിൽ ഉൽപാദനക്ഷമത ഇനിയും വർദ്ധിക്കേണ്ടിയിരിക്കുന്നു (പട്ടിക കാണുക)

പ്രശ്നങ്ങളും, നിർദ്ദേശങ്ങളും

I കാർഷിക വിഭവങ്ങൾ

(1) റബ്ബർ

നഷ്ടമായ നാണ്യവിളകളുടെ സ്ഥാനത്തേക്ക് റബ്ബർ കൃഷി അതിവേഗം വ്യാപകമായി പ്രചരിച്ചു. ഭൂപരിധി സംരക്ഷണത്തിന് ചിലർ ധരിതമായി റബ്ബർ തോട്ടങ്ങളാക്കിയത് ചെറുകിടക്കാരെയും സ്വാധീനിച്ചു. റബ്ബർ ബോർഡിന്റെ സഹായധനം അക്കാലയളവിൽ ഏറെ സഹായകരമായി. അങ്ങനെ വിസ്തൃതി നോക്കാതെ തന്നെ റബ്ബർ കൃഷി വ്യാപകമായി. അര ഏക്കറിൽ താഴെയുള്ളവരുടെ റബ്ബർ ഉല്പാദനം കുറവായി കാണുന്നു. നല്ലയിനം റബ്ബർ മരങ്ങളണെങ്കിലും ശാസ്ത്രീയമായ കൃഷിരീതി അവലംഭിക്കാത്തതിനാലും സങ്കരകൃഷി ചെയ്യുന്നതിനാലും ഉല്പാദനക്ഷമത കുറവായി കാണുന്നു. ഭൂവിസ്തൃതി ഏറിയവർ ഭൂരിഭാഗവും ശാസ്ത്രീയമായ തോട്ടം പരിരക്ഷിക്കുന്നു. എന്നാൽ ആവരണ ചെടികളുടെ കുറവ് മണ്ണിന്റെ ജലാഗീകരണ ശേഷി കുറയ്ക്കുന്നു. കാലികളുടെ മേച്ചിലിന് റബ്ബർ തോട്ടം ഉപയോഗിക്കുന്നത് ദൗർബല്യമാണ്. ജൈവവളത്തേക്കാർ രാസവളപ്രയോഗമാണ് കൂടുതൽ കാണുന്നത്. പ്രതിവർഷം ചെലവാകുന്ന 480 മെട്രിക്ക് ടൺ രാസവളത്തിൽ 60% റബ്ബറിനാണ് ഉപയോഗിക്കുനനത്. ടാപ്പിംഗ് തൊഴിലാളികളുടെ കുറവ് ഉല്പാദന ക്ഷമതയെ ബാധിക്കുന്നു. പിങ്ക്രോഗം തടയുന്നതിന് കുമിൾനാശിനി പ്രയോഗവും അതുപോലെ മണ്ണുപരിശോധനയും വളരെ കുറവാണ്.

(2) തെങ്ങ

500 ഹെക്കറിലായി തെങ്ങുകൃഷി ചുരുങ്ങുകയാണുണ്ടയാത്. 20 വർഷം മുമ്പുണ്ടായിരുന്നതിനേക്കാൾ തെങ്ങുകൃഷി 1/10 ആയി ചുരുങ്ങി. നിയന്ത്രണാധീനമല്ലാത്ത കാറ്റുവീഴ്ചയാണ് പ്രധാന കാരണം. വേരുചീയൽ, കൂമ്പു ചീയൽ, എന്നീ രോഗങ്ങളുടെ ഉപദ്രവങ്ങളും തെങ്ങിന് ഭീഷണിയായി. ഇവിടെ നീർവാർച്ചയുള്ള പ്രദേശമായതിനാൽ റബ്ബർ, കൊക്കോ തുടങ്ങിയ കൃഷികൾ തെങ്ങിൽ തോപ്പു

കളിലേക്ക് വ്യാപിച്ചു. തെങ്ങിന് ചോലകളും, കാറ്റിന്റെ കുറവും, രോഗഹേതുവായി. തെങ്ങിന്റെ വേനൽക്കാല പരിചരണം ഉല്പാദനത്തെ ഏറെ ബാധിക്കുന്നു. ജലസേചനവും തെങ്ങിൻതോപ്പ് സംരക്ഷണവും കുറഞ്ഞിവരുന്നുതും ഒരു കാരണമാണ്. തെങ്ങിന് ഈ വർഷം കൃഷി ഭവൻ മുഖേന 215 ടൺ വളം വിതരണം നടത്തി. ഇത് പ്രോത്സാഹജനകമാണെങ്കിലും മൊത്തം തെങ്ങിന് ലഭിക്കാനുള്ള സാധ്യത ഉണ്ടാകേണ്ടതാണ്. ഇവിടെ 1970 നാമമാത്ര കേരകർഷകരും 688 ചെറുകിട കേരകർഷകരും 167 വൻകിടകർഷകരും ഉണ്ട്.

ഈ പഞ്ചായത്തിലെ തെങ്ങ് കർഷകർ

1. നാമമാത്ര കർഷകർ (1 ഏ. വരെ) - 1970
2. ചെറുകിട കർഷകർ (1-5 ഏ. വരെ) - 688
3. വൻകിട കർഷകർ (5 ഏ. മുകളിൽ) - 167

ഈ പഞ്ചായത്തിലെ തെങ്ങിന്റെ ആരോഗ്യനിലവാരം (വാർഡ് തിരിച്ച്)

വാർഡ്	രോഗം കൂടിയവ	രോഗം കുറഞ്ഞവ	രോഗം ഇല്ലാത്തവ
1	3890	1133	16706
2	817	2282	9214
3	3617	1282	11971
4	4145	1093	11207
5	2160	718	15114
6	1081	242	23712
7	4748	1604	15523
8	1854	545	14804
9	2924	365	7257
ആകെ	25236	9264	125508

തെങ്ങുകൃഷിയുടെ വ്യാപനത്തിനായി ഈ പഞ്ചായത്തിൽ 1600 അംഗങ്ങളുള്ള കേരകർഷക സമിതി പ്രവർത്തിക്കുന്നുണ്ട്. കൃഷിയുടെ വ്യാപ്തിയെ അടിസ്ഥാനപ്പെടുത്തി സമിതിയുടെ പ്രവർത്തനം മാറ്റേണ്ടതുണ്ട്. തെരെഞ്ഞെടുത്ത കുറെ കൃഷിയിടങ്ങൾ കൃഷിഭവന്റെയോ, നാളികേരബോർഡിന്റെയോ മാത്രം മേൽനോട്ടത്തിൽ കൃഷിചെയ്ത് കേരകർഷകർക്ക് പ്രചോദനവും ഉണർവ്വും ഉണ്ടാക്കാൻ ശ്രമിക്കണം.

(3) നെല്ല്

152.5 ഹെക്ടർ വിസ്തീർണ്ണമുണ്ടായിരുന്ന പാടശേഖരങ്ങൾ ഇന്ന് 105 ഹെക്ടർ കൃഷിയിലായി ചുരുങ്ങുകയാണുണ്ടായത്. ചേറ്റുകുളം, കൊഴിഞ്ഞിക്കട്ടയ്ക്കൽ, ഉഴവൂർ, പെരുമ്മാനം, അരീക്കര എന്നീ പാടശേഖരങ്ങളിലായി നെല്ല് കൃഷിചെയ്യുന്നു. അനവധി പാടശേഖരങ്ങൾ മറ്റ് കൃഷിയിലേക്ക് തിരിഞ്ഞു. അതിനു പ്രധാന കാരണം റബ്ബറിന്റെ രംഗപ്രവേശനമാണ്. നെൽപ്പാടങ്ങൾ നികത്തി വാസഗൃഹങ്ങൾ നിർമ്മിക്കുന്നതു മൂലവും, മറ്റ് വൻവൃക്ഷങ്ങളുടെയും റബ്ബർതോട്ടങ്ങളുടെയും സാമീപ്യം മൂലവും നെൽകൃഷി താനെ കുറഞ്ഞുകൊണ്ടിരിക്കുന്നു. റബ്ബർനടീൽ വ്യാപകമായതോടുകൂടി മണ്ണിന്റെ ജലസംരക്ഷണ ശേഷി കുറയുകയും, വർഷകാലങ്ങളിലൊഴിച്ച് തോട്ടിൽ വെള്ളത്തിന്റെ അളവ് വളരെയധികം കുറയുകയും ചെയ്യുന്നതിന്റെ ഫലമായി ഇരുപ്പുനിലങ്ങൾ ഒരുപ്പുനിലങ്ങളായും ഒരുപ്പു നിലങ്ങൾ കരഭൂമിയായി മാറുകയും ചെയ്തുകൊണ്ടിരിക്കുന്നു.

അശാസ്ത്രീയമായ രാസവളപ്രയോഗം മൂലം പാടങ്ങളുടെ തനിമ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. രോഗകീടങ്ങളുടെ അനീയന്ത്രിതമായ വ്യാപനം നെൽകർഷകന്റെഒരു ശാപമാണ്. തണ്ടുതുരപ്പൻ, ഗാളിച്ച, മൂഞ്ഞ, എന്നീ കീടങ്ങളും, ഓലരോഗം, പോളരോഗം എന്നിവയും നെല്ലിനെ ബാധിക്കുന്ന രോഗങ്ങളാണ്. നെല്ലിന്റെ ഉല്പാദനച്ചെലവും വിളവും തമ്മിൽ ഒരുതരത്തിലും പൊരുത്തപ്പെടുന്നില്ല. നെൽകർഷകത്തൊഴിലാളികളുടെ കുറവ് മൂലം ഈ രംഗത്ത് ഉല്പാദനമാന്ദ്യം ഉണ്ടാകുന്നു. നീർവാർച്ചയില്ലാത്ത പാടങ്ങൾ തരിശും ഇടുന്നു.

നിർദ്ദേശങ്ങൾ

a. മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്ന തരത്തിൽ പരിസ്ഥിതി സംരക്ഷണം നടപ്പാക്കുക.

b. നെൽപ്പാടങ്ങളെ ബാധിക്കുന്ന ചോലമരങ്ങൾ വെട്ടിമാറ്റുവാൻ നടപടി സ്വീകരിക്കുക.

c. കൂട്ടായ കൃഷിരീതിയും യന്ത്രവൽക്കരണവും വ്യാപകമാക്കുക.

d. ഉല്പാദനക്ഷമതയുള്ളതും രോഗപ്രതിരോധശക്തിയുള്ളതുമായ വിത്തിനങ്ങൾ ലഭ്യമാക്കുക.

e. നെൽകൃഷി ലാഭകരമല്ലാത്ത പാടങ്ങൾ മറ്റു കൃഷികൾ ചെയ്യുന്നതിന് അനുവദിക്കുക.

f. വിത്തിനങ്ങൾ, കൃഷിയായുധങ്ങൾ, വളം, കീടനാശിനി മുതലായവ സബ്സിഡി നിരക്കിൽ ലഭിക്കുന്നതിന് പാടശേഖരങ്ങളുടെ പ്രവർത്തനം ഏറെ കാര്യക്ഷമമാക്കുക.

(4) കുരുമുളക്

60 ഹെക്ടറിലായി കുരുമുളകു കൃഷി നടത്തുന്നു. കരിമുണ്ട, നാരായക്കൊടി, പന്നിയൂർ ഒന്ന്, നാടൻ ഇനങ്ങൾ മുതലായവ കൃഷി ചെയ്യുന്നു. ആകെ 100 ക്വിന്റൽ മുളക് ഉല്പാദിപ്പിക്കുന്ന ഈ പഞ്ചായത്തിൽ ഉല്പാദനക്ഷമത ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കുരുമുളകിന് അനുയോജ്യമായ കാലാവസ്ഥയും നീർവാർച്ചയുമുള്ള മണ്ണും ഈ കൃഷിയെ വർദ്ധിപ്പിക്കുവാൻ സഹായകമാണ്. എന്നാൽ മറ്റുകൃഷികളോടുള്ള താല്പര്യം ഈ കൃഷിയോട് കാണിക്കുന്നില്ല. കുരുമുളക് വള്ളിയുടെ തടങ്ങൾ സംരക്ഷിക്കുന്നതിന് ശാസ്ത്രീയമായ മുറകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ദ്രുതവാട്ടം, പിങ്കുരോഗം മുതലായവയാണ് കുരുമുളകുവള്ളിയുടെ പ്രധാന രോഗങ്ങൾ.

കുരുമുളകു സമിതി മുഖേന ബോർഡോ മിശ്രിതം തളിയ്ക്കൽ, വളപ്രയോഗം എന്നിവ ഫലപ്രദമാക്കണം. മാതൃകാ കൊടിത്തോട്ടങ്ങൾ പഞ്ചായത്തു തലത്തിൽ വ്യാപകമാക്കുന്നത് കൃഷിക്കാർക്ക് ഉത്തേജനം പകരുന്നതാണ്. താങ്ങുമരമായ മുരിക്ക് അപ്രത്യക്ഷമാകുന്നതിനാൽ സിൽവർ ഓക്ക് മരങ്ങൾ പ്രചരിപ്പിക്കുന്നകത് നന്നാണ്.

(5) കൊക്കോ

60 ഏക്കറിൽ ഈ പഞ്ചായത്തിൽ കൊക്കോ കൃഷിയുണ്ട്. 240 ടൺ കൊക്കോകുരു ഇവിടെ ഉല്പാദിപ്പിക്കുന്നു. തെങ്ങിൻതോപ്പുകളിൽ ഇടവിളയായും തോട്ടവിളയായും കൃഷിചെയ്തുവരുന്നു. പാടങ്ങളിൽ നീർവാർച്ചയുണ്ടാക്കി കൃഷി ചെയ്യുന്നുണ്ട്. കൊക്കോ ചെടിയുടെ തണ്ടിലും ഇലയിലും പിങ്കു രോഗം കാണപ്പെടുന്നു. കായ്ക്ക് കറവൽ രോഗവും കാണുന്നു. ഇതിന് ഫലപ്രദമായ നിവാരണമാർഗ്ഗം ബോർഡോ മിശ്രിതം തളിയ്ക്കലും വേപ്പിൻ പിണ്ണാക്ക് ഉൾപ്പടെയുള്ള ജൈവവളങ്ങളും മഗ്നീഷ്യം സൾഫേറ്റ് ഉൾപ്പെടെയുള്ള രാസവളങ്ങൾ പ്രയോഗിക്കലുമാണ്. 1970ൽ പച്ചക്കുരുവിന് 18രൂപ വിലയുണ്ടായിരുന്നെങ്കിൽ ഇന്നതിന് 19-50 രൂപായാണ് കാഡ്ബറി കൊടുക്കുന്നത്. ഇത് നിരാശാജനകമാണ്. കാഡ്ബറിയെന്ന അന്തഃരാഷ്ട്ര കുത്തക കമ്പനിയിൽനിന്നും കർഷകനെ രക്ഷിക്കുന്നതിന് സർക്കാർ സത്വരനടപടി സ്വീകരിക്കേണ്ടതാണ്. ഈ കൃഷിയിൽ എലി, അണ്ണാൻ എന്നിവയുടെ ശല്യമാണ് കർഷകനെ ഏറ്റവും വല്യക്കുന്നത്. ഇതിന് പരിഹാരം കാണേണ്ടിയിരിക്കുന്നു.

(6) മരച്ചീനി

ഇന്ന് പഞ്ചായത്തിൽ 200 ഏക്കർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്യുന്നുണ്ട്. 2600 ടൺ കപ്പ ലഭിക്കുന്നുണ്ട്. ആഹാരത്തിനായി നല്ലൊരു ഭാഗം ഇവിടെ ഉപയോഗിക്കുന്നു. റബ്ബർ കൃഷിയുടെ ആവിർഭാവം മൂലവും എലികളുടെ ബാഹുല്യം മൂലവും മരച്ചീനി കുറഞ്ഞുവരുന്നു. മിക്കവാറും പാടങ്ങളിലാണ് കൃഷി കൂടുതലായുള്ളത്. എലിശല്യത്തെ ഫലപ്രദമായി നേരിടാൻ സാധിച്ചാൽ മരച്ചീനി കൃഷി ലാഭകരമാക്കാം.

(7) വാഴ

ഫലവാഴകൃഷി പ്രാചീനകാലം മുതൽ ഇവിടെ നിലവിലുള്ളതാണ്. ഏത്തവാഴ, പൂവൻ വാഴ, പാളയംകോടൻ, ഞാലിപൂവൻ, കദളി, ചുണ്ടില്ലാൻ, റോബസ്റ്റ്, പെനാഗ്, ആറ്റുകണ്ണൻ, കണ്ണൻ മുതലായ ഫലവാഴകൾ പ്രധാനമായി കൃഷിചെയ്യുന്നു. തോട്ടകൃഷിയായി ഏത്തവാഴയും, പൂവനും കൃഷിചെയ്യുന്നു. 50 ഏക്കറിലായി 14 ടൺ ഇവിടെ ഉല്പാദിപ്പിക്കുന്നു. നമുക്കാവശ്യമായ വാഴപ്പഴം പുറത്തുനിന്നുമാണ് ഇറക്കുമതി ചെയ്യുന്നത്. കുരളടപ്പൻ, കൂമ്പുചീയൽ, തണ്ടുതുരപ്പൻ, ഇലപ്പുള്ളി, വണ്ട്ബാധ, വസന്ത മുതലായ രോഗങ്ങൾ മൂലം കൃഷിക്കാർ കടുത്ത പ്രതിസന്ധികൾ നേരിടുന്നു. ഫലപ്രദമായ രോഗപ്രതിരോധ നടപടികളും ജലസേചനസൗകര്യങ്ങളും നടപ്പിലാക്കിയാൽ വാഴകൃഷിലാഭകരമാക്കാം.

(8) കാപ്പി

മനുഷ്യന്റെ പ്രഥമപാനീയത്തിനുള്ള കാപ്പി കൃഷി പരിമിതമായിട്ടാണ് ഉള്ളത്. തികച്ചും കാലാവസ്ഥ നിയന്ത്രിക്കുന്ന ഒരിനം കൃഷിയാണ് കാപ്പി. 25 ഏക്കറിലായി 10 ക്വിന്റൽ കാപ്പിക്കുരുവാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. നാടൻ ഇനങ്ങളാണ് 70% കൃഷി. പരിചരണത്തിന്റെ കുറവ് ഉല്പാദനത്തെ സാരമായി ബാധിക്കുന്നുണ്ട്. കാപ്പിയുടെ പ്രൂണിംഗ് പരിശീലിപ്പിക്കേണ്ടതാണ്. ഉപാദനശേഷി കൂടിയ ഇനങ്ങൾ പ്രചിരിപ്പിക്കണം. ഭൂവിസ്തൃതി കണക്കാക്കിയാൽ മറ്റുവിളകൾക്കൊപ്പം വരുമാനം കാപ്പിയിൽനിന്നില്ല. എന്നാൽ ഇന്നത്തെ പണിച്ചെലവ് കണക്കാക്കിയാൽ ഇടവിള കൃഷിയായി ചെയ്യുന്നത് ലാഭകരവുമാണ്. കുരുമൊട്ടിടുന്ന കാലത്തുള്ള ജലസേചനം പ്രധാനമാണ്.

(9) കമുക്

തെങ്ങിൻതോപ്പുകളിലെ ഇടവിളയായ കമുക് അപ്രത്യക്ഷമാകുകയാണ്. നിയന്ത്രണാധീനമല്ലാത്ത

മാഹാളിരോഗം ഈ കൃഷിയെ സാരമായി ബാധിക്കുന്നു. ജലസേചനം ആവശ്യമുള്ള മണ്ണിലെ ജലാംശം കുറയുന്നതനനുസരിച്ച് ഓരോ വേനൽക്കാലത്തും ഉണങ്ങുന്നതായി കാണുന്നു.

(10) പച്ചക്കറികൾ

നമുക്കാവശ്യമുള്ള പച്ചക്കറികൾ അന്യനാടുകളിൽ നിന്ന് എത്തിക്കുന്നു.. പാവൽ, പടവലം, വഴുതന, ചീര, കോവൽ, വെള്ളരി, മത്തൻ, കുമ്പളങ്ങ എന്നിവയാണ് ഇപ്പോൾ ഇവിടെ ഉല്പാദിപ്പിക്കുന്നത്,. സമഗ്രമായ യത്നം ആരംഭിച്ച് സദാകാലത്തും ഉല്പാദനം നത്തേണ്ട ഒന്നാണ് പച്ചക്കറികൃഷി. തോട്ടവിളകളുടെ ആവിർഭാവം ഇതിന്റെ സാദ്ധ്യതയെ ഹനിക്കുന്നു. എന്നാൽ ഓരോ വീടുകളും പരിമിതമായെങ്കിലും ഏതാനും ഇനങ്ങൾ വളർത്തിയെടുക്കാവുന്നതാണ്. അതിനായി ഒരു സെന്റ് ഭൂമിയെങ്കിലും വീടിനോടു ചേർന്ന് കണ്ടെത്തി അവശ്യ കൃഷി നടത്തണം. അയൽകൂട്ടാടിസ്ഥാനത്തിൽ ഇത് സംയോജിപ്പിക്കുന്നത് കൃഷി പരിചരണം ഉത്തമമാക്കാം.

റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ മൺസൂൺ കാലത്ത് കാലാവസ്ഥയുടെ പ്രതികൂലാവസ്ഥയിൽ തൊഴിൽ നഷ്ടപ്പെട്ട് നട്ടംതിരിയുന്നത് കാണാം. റബ്ബറിന് ഷേഡ് ഉണ്ടെങ്കിലും നാലഞ്ച് മാസക്കാലം തൊഴിൽ പരിപൂർണ്ണമാകുന്നില്ല. ഈ കാലയളവിൽ ഒരു ഉപതൊഴിലായി പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കണം ആവശ്യമായ സഹായങ്ങളും പഞ്ചായത്തുതലത്തിൽ കൊടുക്കണം.

(11) കൈത

രണ്ട് ഹെക്ടറിലായി ഇത് കൃഷിചെയ്തു വരുന്നു. ഉദ്ദേശം 15 ടൺ കൈതച്ചക്കകളിവിടെ ഉല്പാദിപ്പിക്കുന്നുണ്ട്. വ്യവസായിക അടിസ്ഥാനത്തിൽ ഇത് വ്യാപകമായി വരുന്നു.

(12) ജാതി

ജാതി ജലസേചനസൗകര്യം ഉണ്ടെങ്കിൽ മാത്രം വിജയിക്കുന്ന കൃഷിയാണ്. ജാതി ഇടവിളയായി കൃഷിച്ചെയുന്നതാണ് ഉത്തമം. ജാതിയ്ക്കായുടെ വിലയിടിവ് ഈ രംഗത്ത് നിരാശ വളർത്തുന്നു.

(13) ഇഞ്ചി

ഇത് കാൽ നൂറ്റാണ്ടുമുമ്പുവരെ ഈ പഞ്ചായത്തിലെ പ്രധാന കൃഷിയായിരുന്നു ഇഞ്ചി. ഇഞ്ചി ഉണക്കി ചുക്ക് ഉണ്ടാക്കി ജീവനം നടത്തിവന്നിരുന്ന കുടുംബങ്ങൾ റബ്ബർ കൃഷിയലേക്ക് തിരിഞ്ഞതോടുകൂടി ഈ കൃഷി കുറഞ്ഞിരിക്കുകയാണ്. ഇതിനെ അലട്ടുന്ന പ്രശ്നങ്ങൾ കൃഷിച്ചെലവും രോഗങ്ങളുമാണ്. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കൃഷി ചെയ്യാവുന്നതുമാണ്. ഇഞ്ചിക്കണ്ടത്തിൽ പയർ, കാച്ചിൽ, ചീനി, വെള്ളരി, കൂർക്ക എന്നിവയും കൃഷി ചെയ്തുപോരുന്നു. പുരാതന കാലം മുതൽ ചുക്കിന്റെ പ്രധാന വിപണനകേന്ദ്രമായിരുന്നു മോനിപ്പള്ളി.

(14) മഞ്ഞൾ

ഇഞ്ചിപോലെ ഒരു സഹകൃഷി ഉല്പന്നമാണ് മഞ്ഞൾ. അതും നാമമാത്രമായി ചുരുങ്ങുകയാണ്. ഇഞ്ചിയെ അപേക്ഷിച്ച് പണിച്ചെലവും രോഗങ്ങളും കുറവുണ്ടെങ്കിലും സ്ഥലത്തിന്റെ കുറവ് ഈ കൃഷിയെ കുറയ്ക്കുന്നു. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കൃഷി ചെയ്യാം.

(15) കച്ചോലം

ഇഞ്ചി, മഞ്ഞൾ എന്നിവപോലെ നീർവ്വാർച്ചയുള്ള സ്ഥലങ്ങളിൽ ഈ സുഗന്ധ വിള കൃഷിചെയ്തുവരുന്നു. എലിശല്യവും വിലകുറവുമാണ് ഈ കൃഷിയുടെ കുറവിന് കാരണം.

(16) നടുതലകൾ

ചേന, ചേമ്പ്, കൂർക്ക, കിഴങ്ങ്, മധുരക്കിഴങ്ങ് വിവിധയിനം കാച്ചിൽ എന്നിവയാണ് നിലവിലുള്ള നടുതലകൾ. ഇവ കൂടുതലും തെങ്ങിൻതോപ്പുകളിൽ ഇടവിളയായി കൃഷി ചെയ്യുന്നു. തെങ്ങു കുറയുന്നതിനനുസരിച്ച് ഇവയും കുറയുന്നു.

2. ഉല്പന്നങ്ങളുടെ വിലയും വിപണനവും

ഈ പഞ്ചായത്തിൽ മോനിപ്പള്ളിയിലും ഉഴവൂരും രണ്ട് മാർക്കറ്റുകൾ ഉണ്ട്. മദ്ധ്യതിരുവതാംകൂറിലെ പ്രധാനമലഞ്ചരക്ക് വിപണിയായിരുന്ന മോനിപ്പള്ളിയിൽ ഈ കൃഷി കുറഞ്ഞതോടുകൂടി ശരിയായ വിപണന സൗകര്യം ഇല്ലെന്ന് തന്നെ പറയം. എല്ലാ വിഭവങ്ങളുടെയും തന്നെ വിപണനത്തിനായുള്ള മോനിപ്പള്ളി മാർക്കറ്റിംഗ് സഹകരണ സംഘം നാഫെഡിൽ അംഗമാണെങ്കിലും എല്ലാക്കാലത്തും എല്ലാ ഉല്പന്നങ്ങളും വാങ്ങുന്നില്ല. 1976 ഡിസംബർ മാസം മുതൽ തേങ്ങ ഉണക്കാനുള്ള ആധുനിക സജ്ജീകരണം സംഘത്തിൽ ഏർപ്പെടു

കൃഷിഭൂമി വിനിയോഗം പട്ടിക

ക്രമനമ്പർ	വിള	വിസ്തീർണ്ണം (ഹെ.)	മൊത്തം ഉൽപ്പാദനം (ടൺ)	ഉൽപ്പാദനക്ഷമത (ഹെക്ടറിന്)
1.	റബ്ബർ	1000	16000	16 ടൺ
2.	തെങ്ങ്	500	2550000	5100 എണ്ണം
3.	നെല്ല്	105	2100	20 ക്വിന്റൽ
4.	കൊക്കോ	60	240	4 ടൺ
5.	കുരുമുളക്	60	60	1 ടൺ
6.	മരച്ചീനി	200	2600	13 ടൺ
7.	വാഴ	50	800	16 ടൺ
8.	കാപ്പി	25	25	1 ടൺ
9.	കമുക്	15	916920	61128 എണ്ണം
10.	പച്ചക്കറികൾ	40	400	10 ടൺ
11.	കൈത	2.5	15	6 ടൺ
12.	ജാതി	2.5	1.00	1.00 ടൺ
13.	ഇഞ്ചി	210	22260	106 ടൺ
14.	മഞ്ഞൾ	50	550	110 ടൺ
15.	കച്ചോലം	4	360	90 ടൺ
16.	നടുതലകൾ	400	40000	100 ടൺ

ത്തിയിട്ടുള്ളതിനാൽ നാളികേര വില്പന സുഗമമാകുമെന്ന് പ്രതീക്ഷിക്കാം. പ്രവർത്തന മേഖല ഏറെയുള്ള ഈ സംഘത്തിന് റബ്ബറും മറ്റ് ഉല്പന്നങ്ങളും മുടക്കം കൂടാതെ വാങ്ങാനുള്ള സാമ്പത്തിക ശേഷി ഏറെ വർദ്ധിപ്പിക്കുവാൻ ത്വരിത നടപടികൾ ഉണ്ടാക്കണം. ഇതിന്റെ ഒരു ശാഖ ഉഴവൂർ ടൗണിലും തുറക്കേണ്ടതാണ്. പല ഉല്പന്നങ്ങൾക്കും മുടക്കുമുതലനുസരിച്ച് വില ലഭിക്കുന്നില്ല. കാർഷിക ഉല്പാദനവർദ്ധനനയം സ്വീകരിക്കുന്നെങ്കിൽ രാഷ്ട്രീയ തീരുമാനങ്ങൾ സ്വീകരിച്ച് വില മെച്ചപ്പെടുത്താൻ ഭരണാധികാരികൾ ശ്രമിക്കണം. അല്ലെങ്കിൽ ഈ ജൈവമേഖലയിൽ നിന്നും ജനം മറ്റ് മേഖലകളിലേക്ക് കടക്കും. ഈ ഒഴുക്ക് ആരംഭിച്ചിട്ടുമുണ്ട്.

അന്യസംസ്ഥാനങ്ങളിൽ നിന്നും വരവുള്ള പല ചരക്കുകളുടെ വിപണനം എന്ന ലക്ഷ്യത്തിൽ നിന്നും മാറി തദ്ദേശഉല്പന്നങ്ങളായ വാഴക്കുല, പച്ചക്കറികൾ എന്നിവയുടെ സംഭരണത്തിനും വിപണനത്തിനും കൺസ്യൂമർ സംഘങ്ങളോ മറ്റേജൻസികളോ മുൻഗണന കൊടുക്കണം. അങ്ങനെ ഇന്നുള്ള ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കണം. എങ്കിൽ മാത്രമേ കാർഷിക ഉല്പാദനശേഷി വർദ്ധിക്കുകയുള്ളു.

1987-1996 എന്നീ വർഷങ്ങളിലെ കാർഷികവിള വിലനിലവാരം (കിലോഗ്രാമിന്)

കാർഷിക ഉല്പന്നം	1987ലെ വില	1996ലെ വില
1. റബ്ബർ	18.00	49.00
2. ഗ്രാമ്പു	185.00	100.00
3. കൊപ്രാ	22.00	44.00
4. കൊക്കോ പച്ച	15.00	19.80
5. കുരുമുളക്	56.00	82.00
6. ചുക്ക്	14.00	50.00
7. അടയ്ക്കാ	12.00	45.00
8. മഞ്ഞൾ	14.00	32.00
9. ജാതിക്കാ	105.00	58.00
10. ജാതിപത്രി	275.00	210.00

3. കൂലി സേവന വ്യവസ്ഥകൾ

ഉല്പാദനക്ഷമത കൂടുതലും കൈവരിക്കാത്തതിന് ഒരു പ്രധാന കാരണമാണ് കൂലിനിരക്ക്. കിട്ടുന്ന ആദായവുമായി ചിലവ് തട്ടിച്ചുനോക്കാൻ കൃഷിക്കാരന് കഴിയുന്നു. പലകൃഷിക്കും മുടക്കുമുതലും പണിച്ചിലവും ആദായത്തിൽനിന്നു ലഭിക്കുന്നില്ല. സ്വന്തമായി കൃഷി ചെയ്യാൻ പറ്റാത്ത പലരും കൂലിയെഭയന്ന് കൃഷിയിൽനിന്നും മാറുകയാണ്. ഉല്പന്നത്തിന്റെ വില കൂട്ടികിട്ടണം. ആയതിനാൽ രാജ്യാന്തരമായും മറ്റ് ഉല്പാദനമേഖലയിലുള്ള വരുമാനം കണക്കാക്കി ഉല്പന്ന വിലവർദ്ധിപ്പിക്കണം. അതുപോലെ കാർഷിക മേഖലയിൽ ഇടത്തട്ടുലാഭം ഏറെ കൊയ്യുന്ന റബ്ബർ തടിവെട്ട് തുടങ്ങിയവയിൽ സംഘടിത തൊഴിലാളികൾ വാങ്ങിച്ചെടുക്കുന്ന കൂലി, അസംഘടിത കർഷകരെ ഏറെ ചൂഷണം ചെയ്യപ്പെടുന്നു. അതുപോലെ സഹകാർഷികമേഖലയിലെ മറ്റു പണികൾക്ക് തൊഴിലാളികളെ ലഭ്യമല്ലാതെയും വരുന്നു.

വളം ഉപയോഗം

1995-96ൽ മൊത്തം 480 ടൺ രാസവളവും 220 ടൺ ജൈവവളവുമാണ് കൂടുതൽ ഇൽപന നടത്തിയിട്ടുള്ളത്. അതിൽ 60% റബ്ബർ വളങ്ങളാണ് വളത്തിന്റെ ക്രമാതീതമായ വിലയും ഉല്പാദന മാന്ദ്യം ഉണ്ടാകുന്നു.

1987-96 വർഷങ്ങളിലെകാർഷികമേഖലയിലെ കൂലിനിലവാരം

ഇനം	1987		1997	
	പു.	സ്ത്രീ.	പു.	സ്ത്രീ.
1. നിലം ഉഴവ് (കാള)	75/-	-	150/-	-
2. കിള കൂലി	30/-	20/-	100/-	75/-
3. ഞാറുനടീൽ	-	30/-	-	75/-
4. കള എടുക്കൽ	-	20/-	-	75/-
5. കൊയ്ത്ത് മെതി	എട്ടിൽ ഒന്ന്		ആറിൽ ഒന്ന്	
6. റബ്ബർ വെട്ട്	8/-	8/-	25/-	25/-

2 വർഷമായിട്ട് ജൈവവളത്തിന്റെ വില്പനയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

വളം വില നിലവാരം — ടണ്ണിന്

	1986	1996
യൂറിയ	2400 രൂ.	3410
പൊട്ടാഷ്	1330	4450
മസൂറി [illegible]സ്ഫേറ്റ്	710	1900

രാസവള ഉപയോഗം		ജൈവവള ഉപയോഗം	
1993-94	1044 ടൺ	1993-94	8 ടൺ
1994-95	961 ടൺ	1994-95	93 ടൺ
1995-96	480 ടൺ	1995-96	220 ടൺ

വള പ്രയോഗത്തിലുള്ള ന്യൂനത

1. മണ്ണിന്റെ ഘടന പരിശോധിച്ച് വളം ചേർക്കുന്നില്ല.
2. ശരിയായ മണ്ണു സംരക്ഷണം ഇല്ലാത്തതിനാൽ വളം മഴവെള്ളത്തിൽ ഒലിച്ചു പോകുന്നു.
3. മുഖ്യമായും വളപ്രയോഗത്തിന് മഴയെ ആശ്രയിക്കുന്നു.
4. ആവശ്യത്തിലധികവും കുറച്ചും ഉപയോഗിക്കുന്നു.

5. സങ്കരവിള

തുണ്ടു ഭൂമിയിലാണ് ഇത് വ്യാപകമായി കാണുന്നത്. റബ്ബർ, തെങ്ങ്, തേക്ക്, ആഞ്ഞിലി മറ്റു ഫലവൃക്ഷങ്ങൾ കുറുംകൂപ്പുകൃഷി എന്നിവ എല്ലാം കൂടിക്കലർന്നതിനാൽ ഒന്നിൽനിന്നും ഫലപ്രദമായ ആദായം ലഭിക്കാതെ വരുന്നു.

6. നേഴ്സറികൾ

കൃഷിഭവൻ മുഖേനയും കോഴായിലുള്ള ജില്ലാ കൃഷിഫാമിൽനിന്നും സ്വകാര്യ നേഴ്സറികളിൽനിന്നും വിത്തും തൈകളും ലഭിക്കുന്നുണ്ട്. കൃഷിക്കാർ സ്വന്തമായും ഗുണമേന്മയുള്ളവ ഉല്പാദിപ്പിക്കുന്നു. വിത്തിനും തൈകൾക്കും ആയാസം കാണുന്നില്ലെങ്കിലും പലതിന്റേയും അത്യുല്പാദനശേഷിയുള്ളവ എത്തിയിട്ടില്ല.

7. ഉപകരണങ്ങൾ

കാർഷിക വൃത്തിക്കായുള്ള ഉപകരണങ്ങൾ സുലഭമാണെങ്കിലും അനിയന്ത്രിതമായ വിലയാണ്. ഈ പഞ്ചായത്തിൽ കൃഷിഭവന്റെ മേൽനോട്ടത്തിൽ യന്ത്രോപകരണങ്ങൾ വ്യാപകമാക്കേണ്ടതുണ്ട്. 7 ടില്ലറും, 20 റോക്കർ സ്പ്രേയറും, 50 നാപ്സാക്ക് സ്പ്രേയറും, 3 തെങ്ങ് കയറ്റയന്ത്രങ്ങളും, 2 പവ്വർ സ്പ്രേയറും 2 മെതിയെന്ത്രങ്ങളുമാണുള്ളത്. പഞ്ചായത്തുതലത്തിൽ തെങ്ങ്, കുരുമുളക്, കൊക്കോ, വാഴ മറ്റു ഫലവൃക്ഷങ്ങൾ തുടങ്ങിയവയ്ക്ക് ബോർഡോമിശ്രിതം തളിക്കുന്നതിന് ശക്തമായ നടപടികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

8. ജലസേചനം

കൃഷിയുടെ അടിസ്ഥാനാവശ്യമാണിത്. ഇവിടെ മഴയെ ആശ്രയിച്ചു മാത്രം കൃഷി ചെയ്യുന്നു. 12 കുളങ്ങളും 86 മോട്ടോറുകളും ഉണ്ടെങ്കിലും 20 ഹെക്ടർ ഭൂമിയിൽ മാത്രമെ വെള്ളം എത്തുന്നുള്ളു.

9. വായ്പ

ഓരോ ധനകാര്യസ്ഥാപനങ്ങളും നല്ലൊരു സംഖ്യ പഞ്ചായത്തിൽ കാർഷിക വായ്പ നൽകുന്നുണ്ട്.

വായ്പകൾ കൃത്യമായും ഉദ്ദേശത്തിന് വിനിയോഗിക്കുന്നതായി കാണുന്നില്ല. വ്യക്തമായ മാനദണ്ഡങ്ങൾ സ്വീകരിച്ച് കൃഷി വികസനത്തിന് വായ്പകൾ വ്യാപിപ്പിക്കണം. അതുപോലെതന്നെ കൃഷി അടിസ്ഥാനമേഖലയായിക്കണ്ട് നിശ്ചിത ശതമാന നിക്ഷേപം കുറഞ്ഞ പലിശ നിരക്കിൽ വായ്പയായി വിതരണം ചെയ്യണം.

95-96ൽ ഓരോ സ്ഥാപനങ്ങളും ചെലവഴിച്ച തുക

	1996
ഉഴവൂർ സർവ്വീസ് സഹ. ബാങ്ക്	35767.80
എസ്.ബി.റ്റി. ഉഴവൂർ	1754843
എസ്.ബി.റ്റി. മോനിപ്പള്ളി	3500959
സൗത്ത് ഇൻഡ്യൻ ബാങ്ക് ഉഴവൂർ	കണക്കു തരുവാൻ വിസ്സമതിച്ചു.

മണ്ണു ജലസംരക്ഷണം

കൃഷിക്ക് മണ്ണു സംരക്ഷണം അത്യന്താപേക്ഷിതമാണ്. ഓരോ വർഷവും നഷ്ടമാകുന്ന മേൽ മണ്ണ് കൃഷിയിടത്തിലെ സൂക്ഷ്മധാതുക്കളെയാണ് നഷ്ടപ്പെടുത്തുന്നത്. ഇതിന് ഒരു ജനകീയ മുന്നേറ്റം തന്നെ ആവശ്യമാണ്. പെയ്തുവീഴുന്ന വെള്ളം അവിടെത്തന്നെ നിലനിർത്തിയാൽ മണ്ണുസംരക്ഷണം ആയി എന്നു പറയാം. ഇവിടെ വീഴുന്ന മഴവെള്ളം മണ്ണുമായി കലർന്ന് തോടുകളിലൂടെ കടന്ന് നാലു മണിക്കൂർ കൊണ്ട് വേമ്പനാട്ടു കായലിൽ പതിക്കുകയാണ്. ഇതിനായി മോനിപ്പള്ളി വാട്ടർഷെഡ് പദ്ധതിപ്രകാരം 327083 രൂപാ മണ്ണുജല സംരക്ഷണത്തിനായി ചെലവിട്ടു. ഈ തുകമുടക്കിയതിൽ ഭാഗികമായ നേട്ടമേ കൈവന്നിട്ടുള്ളു. യഥാർത്ഥ വീതിയിൽ തോടുകൾ നിലനിർത്താൻ നടപടികൾ ഉണ്ടാകണം.

11. വിള ഇൻഷ്വറൻസ്

റബ്ബർ, തെങ്ങ്, കമുക്, കുരുമളുക്, കൊക്കോ, നെല്ല്, പച്ചക്കറി എന്നിവയ്ക്കെല്ലാം ഇൻഷ്വറൻസ് ഇന്നുണ്ട്. വിള ഇൻഷ്വറൻസിൽ ഇതുവരെ 102 കൃഷിക്കാർ, 9 വിളകൾക്കായി 24898 രൂപാ സർക്കാരിലേക്ക് പ്രീമിയം ആയി അടച്ചിട്ടുണ്ട്. സമയത്ത് പ്രീമിയം അടയ്ക്കുന്നുണ്ടെങ്കിലും നഷ്ടപരിഹാര തുക, പോളിസി കമ്മീഷൻ ഇവ നാളുകളായി കിട്ടുന്നില്ല. രോഗ ഇൻഷ്വറൻസ് ഏർപ്പെടുത്തണം. നിശ്ചിത വിസ്തീർണ്ണത്തിൽ കുറവുള്ളവർ പ്രീമിയത്തിന്റെ ഒരംശം പഞ്ചായത്തു തലത്തിൽ നിശ്ചിതകാലത്തേക്കു നല്കി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

12. വിജ്ഞാനവ്യാപനം

സ്വന്തമായി കൃഷിഭൂമിയുള്ളവരും കൃഷിചെയ്യുന്നവരും കൃഷിചെയ്യിക്കുന്നവരും ഉണ്ടെങ്കിലും കൃഷിയുടെ ബാലപാഠങ്ങൾ പത്തുശതമാനം ആൾക്കാർക്കും അറിവില്ല. സങ്കുചിത ചിന്തയിൽ നിന്നു മാറി സമൂഹത്തിന്റെ മാറ്റം സ്വന്തം നിലവാരം വളർത്താൻ ഉതുകും. കൃഷിയുടെ വ്യാപനത്തിനും ക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി സ്കൂൾ തലത്തിൽ കുട്ടികളെ പരിശീലിപ്പിക്കുക. അതുപോലെ കൃഷിയടങ്ങൾ ആണ്ടിൽ ഒന്നെങ്കിലും സന്ദർശിച്ച് വിദഗ്ദ്ധമായ നിർദ്ദേശങ്ങൾ നല്കാൻ കഴിവുള്ള ഡമോൺസ്ട്രേറ്റർമാരെ കണ്ടെത്തി കൃഷിയിടങ്ങളിലേക്ക്

അയയ്ക്കണം. ഓരോ തരം ഭൂമിക്കുംവേണ്ടി പ്രത്യേകമായ റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിക്കണം 50 സെന്റുമുതൽ കൃഷിടങ്ങളുള്ള 5200 ഭൂവുടമകൾക്ക് കാർഷിക വിജ്ഞാനം പരിമിതമാണ്. ആയതിന് കൃഷിഭവൻ മുഖേന മേൽപ്പറഞ്ഞ രീതിയിൽ വിജ്ഞാനവ്യാപനം നടത്തേണ്ടതുണ്ട്. ഇന്ന് നിലവിൽ ഉഴവൂർ കൃഷിഭവനിൽ 3 ജീവനക്കാൻ മാത്രമെയുള്ളു എന്നത് ഈ മേഖലയോടുള്ള അവഗണനയെ വ്യക്തമാക്കുന്നു.

13. ഗതാഗതം

കൃഷിയുടെ വ്യാപനത്തിന് ഗതാഗം അത്യാന്താപേക്ഷിതമാണ്. സാമഗ്രഹികൾ കൃഷിടയിടങ്ങലിലേക്ക് എത്തിക്കുക, ഉല്പന്നങ്ങൾ കൊണ്ടുവരികയെന്നത് ഭൂരിഭാഗം സ്ഥലങ്ങളിലും ബുദ്ധിമുട്ടാണ്. ഇതിന് പ്രാധാന്യം കൊടുത്ത് റോഡുകൾ ഉദ്ധരിക്കുകയും ഉണ്ടാക്കുകയും വേണം.

14. വനവൽക്കരണം

വനവൽക്കരണത്തിന് പ്രാധാന്യം കൊടുക്കേണ്ട പുരയിടങ്ങൾ ധാരാളമുണ്ട്. പ്രത്യേകിച്ച് പാറചേർന്ന ഭൂവിഭാഗങ്ങൾ, പുറമ്പോക്കുകൾ, റോഡുവക്കുകൾ, പഞ്ചായത്തുവക സ്ഥലങ്ങൾ നേരിട്ടോ പാട്ടത്തിനു നല്കിയോ ചൂള തേക്ക് വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചോ വരുമാനം വർദ്ധിപ്പിക്കാം. ഈ പഞ്ചായത്തിൽ 82.64 ഹെക്ടർ ഭൂമി പുറമ്പോക്കായിട്ടുണ്ടെന്ന് റവന്യൂ റിക്കാർഡുകളിൽ കാണുന്നു. സ്വകാര്യ ഭൂമികളിൽ ആവുന്നതരത്തിൽ തടിക്കുവേണ്ടിയുള്ള മരങ്ങൾ വച്ചുപിടിപ്പിക്കണം. ഉരുപ്പടികളുടെ വർദ്ധിച്ച ഡിമാന്റ് കണക്കിലെടുത്ത് ഭൂമിയുടെ ശേഷി മനസ്സിലാക്കി ഇതു വച്ചുപിപ്പിക്കാവുന്നതാണ്. റബ്ബർതോട്ടങ്ങൾക്ക് ചുറ്റും വച്ചുപിടിപ്പിക്കുന്നത് കാറ്റുമൂലമുള്ള ഉപദ്രവങ്ങളിൽ നിന്നും കൂടി രക്ഷ കിട്ടുന്നു.

15. കാർഷികാടിസ്ഥാന വ്യവസയാങ്ങൾ

കാർഷിക ഉല്പന്നങ്ങളെ അസംസ്കൃത വസ്തുക്കളാക്കി വൻവ്യവസായങ്ങൾ വരെ ആരംഭിക്കണം. ഈ പഞ്ചായത്തിലോ മറ്റു പഞ്ചായത്തിലോ പ്രസ്കതമായ ഒന്നും ഇല്ല താനും. എങ്കിൽ മാത്രമേ കാർഷിക വിഭവങ്ങൾ ശരിയായി വിനിയോഗിച്ചു എന്നു പറയുവാൻ കഴിയൂ.

16. മരുന്നുചെടികൾ

അനവധി അമൂല്യങ്ങളായ മരുന്നുചെടികൾ വളരുന്നതാണ് നമ്മുടെ പഞ്ചായത്ത്. ഇവ സംയോജിപ്പിച്ച് ആയുർവ്വേദ ചികിത്സയ്ക്കായി രൂപാന്തപ്പെടുത്തണം. അതുപോലെ തന്നെ മരുന്നു ചെടികളുടെ വിനിയോഗവും സമൂഹത്തിന് മനസ്സിലാക്കിക്കൊടുക്കുവാൻ സർക്കാർ തലത്തിൽ ഏർപ്പാട് ഉണ്ടാക്കണം.

17. കാർഷികസംരംഭങ്ങൾ

വിവിധ കൃഷിയുടെ വ്യാപനത്തിനും ഉല്പാദനശേഷിയും ലക്ഷ്യമാക്കി വിവിധ കർഷക സമിതികൾ പഞ്ചായത്തു തലത്തിൽ കൃഷിഭവന്റെ നേതൃത്വത്തിൽ ഉണ്ട്. കുരുമുളക് സമിതി - 1, പാടശേഖരകമ്മിറ്റി - 6, കേരകർഷകസമിതി -1, ഇവയുടെ പ്രവർത്തനം സമഗ്രമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം.

കാലാവസ്ഥയുടെ വൈരുദ്ധ്യം മൂലം പലവർഷങ്ങളിലും കൃഷിയുടെ വിളമോശം അനുഭവപ്പെടുന്നുണ്ട്. ഈ വർഷങ്ങർ "മോശവിളക്കാലം " (Bad crop year) ആയി പ്രഖ്യാപിക്കാൻ ഈ സമിതികൾ മുന്നിട്ടിറങ്ങി പ്രവർത്തിക്കുക കൂടി വേണം.

18. പകൃതിക്ഷോഭം

കൊടുങ്കാറ്റിൽപെട്ട് ഏത്തവാഴ, റബ്ബർ, കപ്പ, മറ്റുഫലവൃക്ഷങ്ങൾ എന്നിവ നശിക്കുന്നത് വലിയ ഒരു ദുരന്തമായി മാറിയിരിക്കുന്നു. വേനൽക്കാലങ്ങളിൽ ഇടമഴയില്ലാതെ വരുമ്പോഴുടാകുന്ന ഉണക്കും ഒരു ദുരന്തമാണ്, ലഭിക്കുന്ന സഹായധനം ഒട്ടും ആശ്വാസകരമല്ല. കാർഷികവിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നത് നല്ലതാണ്.

19. പുഷ്പകൃഷി, പഴവർഗ്ഗകൃഷി

വർദ്ധിച്ച ആവശ്യകത പരിഗണിച്ച് പുഷ്പകൃഷി പരിപോഷിപ്പിക്കണം. ഓർക്കിഡ്, ആന്തൂറിയം മാത്രമല്ല മുല്ല, റോസ് തുടങ്ങിയ സുഗന്ധമുള്ള പുഷ്പങ്ങളും ഉല്പാദിപ്പിക്കണം. അതുപോലെ മറ്റു പഴവർഗ്ഗങ്ങളും സമൃദ്ധിയായി കൃഷി ചെയ്ത് എടുക്കണം. മാവ്, പേര, സപ്പോട്ട, പപ്പായ, നെല്ലിക്ക തുടങ്ങിയവ.

ഇടവിളകൾ

ചേന, കാച്ചിൽ, കിഴങ്ങ്, ചേമ്പ് എന്നീ വിവിധയിനം നടുതലകൾ ഇടവിളയായി കൃഷിനടത്താം. അതുകൊണ്ട് കൃഷിസാന്ദ്രത വർദ്ധിപ്പിച്ച് വരുമാനം കൂട്ടുക. കപ്പയും ഇഞ്ചിയും മഞ്ഞളും ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്. തെങ്ങിൻ തോപ്പുകളിൽ കൊക്കോ, കുരുമുളക്, കമുക് തുടങ്ങിയ എല്ലാവിധ കൃഷികളും ഇടവിളയായി കൃഷി ചെയ്യാം. അതുപോലെ റബ്ബർ തോട്ടങ്ങളിൽ കാപ്പികൃഷി നടത്താം. പേര, പപ്പായ, വാഴ എന്നിവയും തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കൃഷിചെയ്യാവുന്നതാണ്.

ജലസേചനം

എല്ലാ വിളകൾക്കും മാത്രമല്ല സകല വികസന മേഖലകളിലും ജലം അനിവാര്യമാണ്. സമഗ്രമായ ഒരു ജലസേചന പ്ലാൻ പഞ്ചായത്തിൽ ഉണ്ടായാൽ ഈ മേഖലകളിലെല്ലാം വിപ്ലവകരമായ മാറ്റം ഉണ്ടാകാം. അതായിരിക്കാം ഭൂമിയുടെ ആരംഭം മുതൽ വായു കഴിഞ്ഞാൽ ജലത്തിനു സ്ഥാനം കൊടുത്തിരിക്കുന്നത്.

ജലസേചനത്തിന് ആവശ്യമായ വെള്ളം എത്തിയാൽ ഓരോ വിളകൾക്കും മറ്റ് മേഖലയിലും വമ്പിച്ച നേട്ടങ്ങൾ ഉണ്ടാകും. വരൾച്ചയുള്ള 4-5 മാസക്കാലം പ്രധാനമായും സേചനം നടത്താൻ ആവശ്യമായ വെള്ളം ഇവിടെത്തന്നെയുണ്ട്. ഈ പഞ്ചായത്തിൽ പെയ്യുന്ന മഴയിൽനിന്ന് ലഭിക്കുന്ന വെള്ളം കൃത്യമായും സംഭരിച്ച് വിനിയോഗിക്കാൻ നാം തയ്യാറാകണം. ഒഴുകിപോകുന്ന വെള്ളം ജലസംഭര ണികളിൽ ശേഖരിക്കുക. അതുപോലെ കൃഷിയിടങ്ങളിലും ശേഖരിക്കുക. കൃഷിയിടങ്ങളുടെ ജല ആഗീരണശേഷി വർദ്ധിപ്പിച്ച് പ്രകൃതിദത്തമായ ജലസേചനം തരപ്പെടുത്താം. അതിനും ശരിയായ മണ്ണു സംരക്ഷണം തന്നെയാണ് വേണ്ടത്.

ഈ പഞ്ചായത്തിൽ ശരാശരി 3000മി.മി. മഴ ലഭിക്കുന്നു. വിവിധ തോടുകളിലൂടെ ശരാശരി പ്രതിവർഷം 40 കോടി ഘനമീറ്റർ വെള്ളം പുറത്തേക്ക് വഹിക്കുന്നു. വേനൽകാലമാകുമ്പോൾ എല്ലാം വറ്റിവരളുന്നു.

പ്രശ്നങ്ങൾ

1. ഈ പദ്ധതികളിൽനിന്നും മറ്റ് സ്വകാര്യ ജലസേചന കുളം, കിണറുകളിൽനിന്നുമായി 20 ഹെക്ടർ സ്ഥലത്തുമാത്രമേ ജലസേചനം അപൂർണ്ണമായെങ്കിലും എത്തിയിട്ടുള്ളു.
2. മഴക്കാലത്ത് തോടുകൾ കരകവിഞ്ഞൊഴുകുന്നു.
3. ജലസംഭരണികളിൽ മണ്ണ് നിറയുന്നു.
4. ഓരോ വർഷം ചെല്ലുമ്പോഴും തോടുകളിലെ വരൾച്ച രൂക്ഷമാക്കുന്നു.
5. കുളങ്ങൾ നിർമ്മിച്ച് ജലസേചനം നടത്തുന്നത് സാമ്പത്തികഭാരം വർദ്ധിപ്പിക്കുന്നു.

നിർദ്ദേശങ്ങൾ

1. തോടുകളിൽ നിലവിലുള്ള നിർമ്മാണങ്ങളുടെ അറ്റകുറ്റപണികൾ യഥാസമയം ചെയ്യുക.
2. ലീഡിംഗ് ചാനലുകൾ പൂർണ്ണമാക്കി ജലം പാഴായി പോകാതെ വനിയോഗിക്കുക.
3. തോടുകളുടെ യഥാർത്ഥ വീതി പുനസ്ഥാപിച്ച് തടയണകൾ നിർമ്മിച്ച് ഒഴുക്കിന്റെ ശക്തി കുറയ്ക്കുക.
4. അട്ടക്കാനാൽ മോനിപ്പള്ളി ചീങ്കല്ലേൽ തോട്ടിൽ കണ്ടനാംകുഴി ഒഴുക്കൻ പാറയിൽ ജലസംഭരണി നിർമ്മിച്ച് 4,2,1 വാർഡുകളിൽ ജലമെത്തിക്കുക.
5. ജലസ്രോതസ്സുകളിൽ കുളങ്ങൾ നിർമ്മിച്ച് പമ്പ് ഉപയോഗിച്ച് ജലസേചനം ത്വരിതപ്പെടുത്തുക.
6. സി.സി.ഡി.പി. പദ്ധതികൾ ഉർപ്പടെ എല്ലാ നിർമ്മാണങ്ങൾക്കും പഞ്ചായത്തു തലത്തിൽ തന്നെ അഡ്മിനിസ്ട്രേറ്റീവ്, ടെക്നിക്കൽ അംഗീകാരങ്ങൾൾ നല്കുക.
7. കണികാ ജലസേചനത്തിന് പ്രോത്സാഹനം കൊടുക്കുക.
8. ഉപയോഗിക്കാതെ കിടക്കുന്ന സ്വകാര്യജല സ്രോതസ്സുകൾ നിയമം മൂലം ഏറ്റെടുത്ത് നിർമ്മാണങ്ങൾ നടത്തുക.
9. എല്ലാവിധ നിർമ്മാണങ്ങൾക്കും 80% സബ്സിഡി ഉറപ്പുവരുത്തുക. കൂട്ടായ ജലസേചന നിർമ്മാണങ്ങൾക്ക് മുൻഗണന നല്കുക.

10. നശിച്ചുകൊണ്ടിരിക്കുന്ന കരങ്ങണിച്ചിറ, മുക്കടച്ചിറ എന്നിവ പുനഃരുദ്ധരിക്കുക. പുളിയന്മാക്കിൽ ചിറ, തടിപ്പുരചിറ എന്നിവ ബലപ്പെടുത്തുക.

11. എം.വി.ഐ.പി. കനാലിൽനിന്ന് പൂവത്തോലിൽ ഭാഗത്ത് ജലംസംഭരിച്ച് ലിഫ്റ്റ് ഇറിഗേഷൻ വഴി പഞ്ചായത്തിന്റെ ഉയർന്ന ഭാഗങ്ങളിൽ ജലമെത്തിക്കുക.

12. കേളനാനിക്കൽ - ഏക്കാലയിൽ തോട്ടിൽ നടപ്പാലത്തിനു സമീപം സംഭരണവിയർ നിർമ്മിക്കുക.

ജലസേചനകുളങ്ങളും കിണറുകളും

ക്രമ നമ്പർ	വാർഡ്	പേര്	ഏരിയ	ലക്ഷ്യം	പ്രശ്നങ്ങൾ
1.	I	വിരിപ്പേൽ കുളം	10 സെന്റ്	പൊതുജലസേചനം	പാറയിടുക്കുലൂടെ ജലംചോർന്നുപോകുന്നു
2.	I	മാനാനിക്കുളം	3 സെന്റ്	പൊതുജലസേചനം	സൈഡ് കെട്ടണം
3.	II	കല്ലാറ്റുകുളം	12 3/4 സെന്റ്	6 ഹെക്ടർ പാടത്തെ നെൽകൃഷി	കുളത്തിന്റെ പുനരുദ്ധാരണം പൂർത്തിയായിട്ടില്ല. മോട്ടോർ പമ്പ് പ്രവർത്തന രഹിതമാണ്.
4.	IV	മരുതനാക്കുഴി കുളം	2 സെന്റ്	പൊതുജലസേചനം	പൊതുമോട്ടോർ പമ്പ് വേണം
5.	V	ചിറയിൽകുളം	20 സെന്റ്	പൊതുജലസേചനം	മോട്ടോർ പമ്പ് പ്രവർത്തനരഹിതം കരമണ്ണ് നിറയുന്നു
6.	VI	എക്കാലയിൽ കുളം	4 സെന്റ്	നെൽകൃഷി	
7	VII	കാക്കനാട്ട് കുളം	3 സെന്റ്	പൊതുജലസേചനം	മൂന്ന് സൈഡ് കെട്ടണം അടിയിൽ പാറയാണ്. ആഴം കൂട്ടണം.
8.	VII	കൊപ്രാകളം കുളം	4 സെന്റ്	പൊതുജലസേചനം	ആഴം കൂട്ടി സൈഡ് കെട്ടണം, ജലം കുറവാണ്
9.	VIII	കൂറ്റപ്പാലകുളം	7 സെന്റ്	4 ഹെക്ടർ നെൽകൃഷി	
10.	VIII	കുറങ്കണ്ണിക്കുളം	5 സെന്റ്	പൊതുജലസേചനം	വിസ്താരംകൂട്ടി സംരക്ഷണ ഭിത്തികെട്ടുക
11.	IX	കണ്ണോത്തുകുളം	12 സെന്റ്	10 ഹെക്ടർ നെൽപ്പാടം	കെട്ടിനടിയിലൂടെ ജലംചോർന്നുപോകുന്നു.
12.	IX	മണ്ണാന്തറ കുളം	10 സെന്റ്	2. ഹെക്ടർ നെൽകൃഷി	കെട്ടിനടിയിലൂടെ ജലംചോർന്നുപോകുന്നു.

ജലസേചനത്തിനായി തോടുകളിൽ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

ക്രമ നമ്പർ	വാർഡ്	പേര്	ഉയരം	ലക്ഷ്യം	പ്രശ്നങ്ങൾ
1.	4	കണ്ടനാംകുഴി ക്രോസ് ബാർ	500 സെ.മീ.	10 ഹെ. നെൽകൃഷി	ലീഡിംഗ് ചാനലിന്റെ അഭാവം
2	4	ഒഴുക്കുംപാറ ക്രോസ് ബാർ	30 സെ.മീ.	2 ഹെ. നെൽകൃഷി	
3	9	പുന്നിലം ചെക്ക് ഡാം	1 മീറ്റർ	കുടിവെള്ളം	സൈഡ് കെട്ട് പൂർണ്ണമല്ല
4	9	ആനത്താനം ക്രോസ് ബാർ	2 മീറ്റർ	4 ഹെ. നെൽകൃഷി	സൈഡ് കെട്ട് പൂർണ്ണമല്ല.

തോടുകളുടെ സ്ഥിതി

ക്രമ നമ്പർ	വാർഡ്	തോടിന്റെ പേര്	നീളം കി.മീ.	വീതി മീ.
1	3,4	അറയ്ക്കൽ - കുഴിപ്പിൽ അട്ടക്കനാൽ തോട്	1	2
2	4	അടക്കനാൽ - മോനിപ്പള്ളി - ചീങ്കല്ലേൽ തോട്	2	6
3	8,3	കരുനെച്ചി - ചേറ്റുകുളം - അടക്കനാൽ തോട്	2	3
4	4,2	മുക്കടപ്പുഴ വലിയ തോട്	3	6
5	9	ചിറത്തോട് - അരീക്കുഴി തോട്	1.5	4
6	9	നെടുഞ്ചേരി - കാക്കനാട്	1.5	3
7	9	പാറത്തോട്	1.5	4
8	9	കണ്ണോത്തുതോട്	1	2
9	9	കടവുങ്കൽ തോട്	1	3
10	8,5	കരുനെച്ചി - മാങ്കനാൽ തോട്	4	3
11	6	കല്ലട ചേറാടി തോട്	2	3
12	6	കുന്നക്കാട്ടുപടവിൽ ഇരപ്പാങ്കൽ തോട്	2.3	1.5
13	6	കുളങ്ങാട്ടുപാറ - മണ്ടേനാനിയിൽ തോട്	1	1
14	6	കേളനാനിക്കൽ - എക്കാലയിൽ തോട്	1	3
15	2	കൊടിഞ്ഞി - വാഴയിൽ തോട്	2.5	2
16	2	മാനാനിക്കുളം - മുക്കട തോട്	1	2.5
17	1	കടവുങ്കൽ തോട്	1.5	1.5

തോടുകളുടെ പൊതുസ്ഥിതി: നിർദ്ദിഷ്ഠ വീതി പുനസ്ഥാപിക്കണം, ശുചിയായി സൂക്ഷിക്കണം.

V.(2) മൃഗസംരക്ഷണം, മത്സ്യബന്ധനം

പ്രാചീനയുഗത്തിൽ മനുഷ്യന്റെ ഭക്ഷണം കാട്ടുമൃഗങ്ങളും കാട്ടിൽനിന്നു ലഭിക്കുന്ന ഫലമൂലങ്ങളുമായിരുന്നു. എല്ലായിപ്പോഴും അത് ലഭിച്ചിരുന്നില്ല. അതിനാൽ കരുതൽ ഭക്ഷണമായി മൃഗങ്ങളെ സംരക്ഷിച്ചുപോന്നു. മൃഗക്കുട്ടികൾ പ്രത്യേകിച്ചും പശു, ആട്, എരുമ എന്നിവയുടെ കുഞ്ഞുങ്ങൾ അമ്മയുടെ പാൽ കുടിച്ചു വളരുന്നതുകണ്ട മനുഷ്യൻ തന്റെ വളർച്ചയ്ക്കും മൃഗങ്ങളുടെ പാൽ ഉത്തമമാണെന്നു മനസ്സിലാക്കി മൃഗങ്ങളെ വളർത്തിപ്പോരുന്നു. അനേക സഹസ്രാബ്ദങ്ങൾക്കു മുൻപു തുടങ്ങിയ മൃഗസംരക്ഷണ രീതി ഏതാനും ദശാബ്ദങ്ങൾക്കു മുൻപുവരെ മന്ദഗതിയിൽ മാത്രം പുരോഗമിച്ചുകൊണ്ടിരുന്നു. എന്നാൽ പിന്നീടുള്ള പുരോഗതി ത്വരിതഗതിയിലായിരുന്നു. മുപ്പതു വർഷം മുമ്പ് ഒരു പശുവിൽനിന്ന് അര ലിറ്റർ മുതൽ രണ്ടു ലിറ്റർ പാൽവരെ കിട്ടിക്കൊണ്ടിരുന്നെങ്കിൽ ഇപ്പോൾ സങ്കരയിനത്തിൽപ്പെട്ട പശുക്കളിൽ നിന്നും അഞ്ചു മുതൽ പന്ത്രണ്ടു ലിറ്റർ വരെ പാൽ ദിനംപ്രതി ലഭിക്കുന്നു. കാൽ നൂറ്റാണ്ടു മുൻപു വാഹനങ്ങൾ വലിക്കുന്നതിനും നിലം ഉഴുന്നതിനും എല്ലാ കർഷകരും കാളകളെ വളർത്തിയിരുന്നു. എന്നാൽ ഇവ രണ്ടിന്റേയും ആവശ്യം കുറഞ്ഞതിനാലും കാള വളർത്തൽ ചെലവുകൂടിയതും സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാലും കർഷകർ കഴിഞ്ഞ പത്ത് വർഷമായി കാളവളർത്തലിൽനിന്ന് പൂർണ്ണമായി പിന്മാറിയിരിക്കുകയാണ്.

പഞ്ചായത്തിലെ കറവപ്പശുക്കളിൽ ഭൂരിഭാഗവും സങ്കരയിനത്തിൽപ്പെട്ടവയാണ്. ആകെ കറവയുള്ള 1477 പശുക്കളിൽ 1317 എണ്ണം സങ്കരയിനത്തിലുള്ളതാണ്. എരുമ, ആട് എന്നിവയേയും പാലുല്പാദനത്തിനായി വളർത്തുന്നു. ശരാശരി അഞ്ചു ലിറ്റർ പാൽ വീതം ഉൽപ്പാദിപ്പിക്കപ്പെടുകയാണെങ്കിൽ ഏതാണ്ട് 7400 ലിറ്റർ പാൽ നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടും. എന്നാൽ 4000 ലിറ്റർ പാൽ പോലും ഉല്പാദിപ്പിക്കാനാവുന്നില്ല. എന്നതാണ് സത്യം. ഉൽപാദനക്ഷമതയ്ക്ക് തടസ്സമായി നിൽക്കുന്ന കാരണങ്ങളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

1. പുല്ല് വൈയ്ക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്. റബ്ബർ കൃഷി വ്യാപിച്ചതോടെ പുല്ലിന്റെ ലഭ്യത വളരെ കുറഞ്ഞു. പുൽകൃഷി കാര്യമായി പരിക്കപ്പെട്ടിട്ടില്ല. വയലുകൾ നികത്തപ്പെടുകയും മറ്റുകൃഷികൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കപ്പെടുകയും ചെയ്തു. തന്മൂലം വൈയ്ക്കോലിന്റെ ലഭ്യതയും കുറഞ്ഞു. അവശേഷിച്ച വയലുകളിൽ പുതിയ ഇനം നെൽവിത്തുകൾ കൃഷി ചെയ്യപ്പെടുന്നതിനാൽ പലതിനും വയ്ക്കോൽ കുറവാണ്. ആയതിനാൽ മുപ്പതു കിലോ പുല്ലെങ്കിലും കൊടുക്കേണ്ട സ്ഥാനത്ത് 3 കിലോ പുല്ലുപോലും കൊടുക്കുവാൻ കർഷകന് ദിവസവും കഴിയുന്നില്ല. അതിനാൽ കാലിവളർത്തുകാർ കാലിത്തീറ്റയെ ആശ്രയിക്കുന്നു.

2. കാലത്തീറ്റയുടെ വിലവർദ്ധനവ്. കിലോയ്ക്ക് എട്ടു രൂപ വിലയുള്ള കാലിത്തീറ്റ കാലികൾക്ക് ആവശ്യാനുസൃതമായി നൽകുവാൻ കർഷകർക്ക് കഴിയുന്നില്ല. കാലിത്തീറ്റയ്ക്കായി പ്രതിദിനം 20000ത്തിൽ പരം രൂപാ കർഷകർ പഞ്ചായത്തിലെ കടകളിൽ ചെലവിടുന്നുണ്ട്. പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ നല്ലൊരുശതമാനം ഹോട്ടലുകളിലും ചായക്കടകളിലും വിനിയോഗിക്കുന്നു. ബാക്കിയുള്ളവ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരോല്പാദക സഹ.സംഘം ശേഖരിച്ച് മരങ്ങാട്ടുപള്ളിയിലെ ചില്ലിംഗ് പ്ലാന്റിന് നല്കുന്നു. പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ ക്ഷീരോല്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

3. വെള്ളത്തിന്റെ ലഭ്യത കുറവ്. സങ്കരയിനം പശുക്കളെ സംരക്ഷിക്കുന്നതിനും പാലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ധാരാളം വെള്ളം ആവശ്യമാണ്. തൊഴുത്ത് കഴുകുന്നതിനും കാലികളെ കുളിപ്പിക്കുന്നതിനും അവയ്ക്ക് കുടിക്കുന്നതിനും ധാരാളം വെള്ളം ആവശ്യമാണ്. പഞ്ചായത്തിന്റെ 90% പ്രദേശവും വർഷത്തിൽ 5 മാസവും വെള്ളത്തിന് ബുദ്ധിമുട്ടുന്നു.

4. മൃഗചികിത്സയ്ക്കും പ്രതിരോധനടപടികൾക്കും ഉള്ള സൗകര്യക്കുറവ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയിലെ കണക്കനുസരിച്ച് 1500 പശുക്കളും, 3 വിത്തു കാളകളും 780 ആടുകളും 2234 പട്ടികളും 2500 കോഴികളും ഉണ്ട്. പഞ്ചായത്തിന്റെ ഒരറ്റത്തുള്ള മറ്റൊരു വില്ലേജായ മോനിപ്പള്ളിയിൽ ഒരു മൃഗശുപത്രിയും, ടൗണിൽ നിന്നു മാറി പ്രവർത്തിക്കുന്ന I.C.D.P. സബ് സെന്ററുമാണ് മൃഗങ്ങളുടെ ആരോഗ്യപരിപാലനത്തിനുള്ള കേന്ദ്രങ്ങൾ. ഇത് വളരെ അപര്യാപ്തമാണ്. ഡോക്ടറന്മാർക്ക് കാർട്ടേഴ്സ് ഇല്ലാത്തതിനാൽ ഒരു നിശ്ചിതസമയത്തു മാത്രമേ അവരുടെ സേവനം ലഭിക്കുന്നുള്ളു. I.C.D.P. സബ് സെന്ററിൽ മുഴുവൻ സമയം ലൈവ്സ്റ്റോക്ക് അസിസ്റ്റന്റിന്റെ സേവനം ലഭിക്കുന്നില്ല. ഒരു അസിസ്റ്റന്റ് രണ്ടു സെന്ററുകളിലാണ് ചാർജ്. അതുകൊണ്ട് തൃപ്തികരമായ സേവനം ലഭിക്കുന്നില്ല. തന്മൂലം ഡോക്ടറന്മാരെ മൃഗങ്ങളുടെ അടുത്ത് എത്തിക്കുന്നതിന് കർഷകർക്കും വലിയ സാമ്പത്തിക ചിലവ് നേരിടുന്നു. നടപ്പു വർഷത്തെ ചികിത്സാ കാര്യങ്ങൾ തെഴെകൊടുത്തിരിക്കുന്നു.

ക്രമ നം.	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി
1.	ദഹനസംബന്ധമായവ	164	5	74	11
2.	ശ്വാസകോശ സംബന്ധം	39	-	31	4
3.	ഉപാപചയ സംബന്ധം	211	1	39	-
4.	ത്വക് രോഗങ്ങൾ	75	-	-	13
5.	ധാതുലവണങ്ങളുടെ അഭാവം	27	-	2	81
6.	പരാദരോഗങ്ങൾ	716	-	90	20
7.	പ്രത്യുല്പാദനവ്യവസ്ഥ	182	-	44	-
	യുമായി ബന്ധപ്പെട്ടവ				
8.	വന്ധ്യത	12	2	-	-
	[illegible]വിക്കം	100	-	18	-
10	മുടന്തൻ പനി	111	-	-	-
11	പകർച്ചവ്യാധികൾ	-	-	-	-

മൃഗാശുപത്രിയുടെ കീഴിൽ 1226 പശു 260 കിടാരി, 24 എരുമ എന്നിവയ്ക്ക് കൃത്രിമ ബീജസങ്കലം നടത്തിയിട്ടുണ്ട്. 181 പട്ടികൾക്ക് പ്രതിരോധകുത്തിവെയ്പ് എടുത്തിട്ടുണ്ട്.

ആവശ്യത്തിനുള്ള മരുന്നുകൾ മോനിപ്പള്ളിയിലെ മൃഗാശുപത്രിയിൽ ലഭ്യമല്ല. കാവപ്പുവിന് കൊടുക്കുന്ന കാലിത്തീറ്റയുടെ വിലയ്ക്ക് പാലെങ്കിലും വിൽക്കാമെന്നുള്ള സമീപനമുള്ളതിനാൽ പശുക്കൾക്ക് വേണ്ടത്ര പാൽ ലഭിക്കുന്നില്ല. പരാദരോഗങ്ങൾക്ക് യഥാസമയം ചികിത്സ നൽകുന്നില്ല. കിടാവുകൾക്ക് മതിയായ ആഹാരവും പോഷകമൂല്യങ്ങളും ധാതുലവണങ്ങളും യഥാസമയം ചികിത്സയും പരിചരണവും നൽകാത്തതിനാൽ ഗുണമേന്മയോടുകൂടിയ അടുത്ത തലമുറ സങ്കരവർഗ്ഗത്തിൽ ഉണ്ടാകുന്നില്ല.

1) a. പുല്ല് വൈയ്ക്കോൽ എന്നിവയുടെ ലഭ്യത കൂട്ടാൻ ജലസേചന സൗകര്യമുള്ള പ്രദേശത്ത് തീറ്റപ്പുല്ലുവച്ചുപിടിപ്പിച്ച് വിതരണം ചെയ്യുന്ന യൂണിറ്റ് ആരംഭിക്കുക. പുൽവിത്ത് ക്ഷീരകർഷകർക്ക് കൊടുക്കുക. രാസവള സ്;ബ്സീഡി നൽകുക. ഡയറി ഫാമുകളിൽ നിന്നും ഇവ നടപ്പാക്കുന്നുണ്ടെങ്കിലും വേണ്ടത്ര പ്രചരണം കിട്ടുന്നില്ല.

b. പുൽകട ഉപയോഗിച്ച് പുൽകൃഷി ചെയ്യാവുന്നതാണ്. സൗജന്യമായി മേൽപറഞ്ഞ പുൽവിത്തും മറ്റും വിതരണം ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കുക.

e. വയലുകൾ നെൽകൃഷിക്കല്ലാതെ ഉപയോഗിക്കുന്നത് തടയുക. വയലുകളിൽ കച്ചി ലഭിക്കുന്നതിനും നെൽവിത്ത് മുന്നുപ്രാവശ്യം കൃഷി ചെയ്യുന്നതിന് ജലസേചന സൗകര്യവും മറ്റും ഏർപ്പെടുത്തുക. അതോടൊപം കൊയ്യുന്നതിനും, മെതിക്കുന്നതിനുമുള്ള യന്ത്രങ്ങൾ സബ്സീഡി നിരക്കിൽ നൽകി കർഷകരെ സഹായിക്കുക.

d. ക്ഷീരോല്പാദക സംഘം വഴി സബ്സീഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തുക.

2) നല്ല പാർപ്പിടം കാവപ്പശുക്കളിൽ ഇരുപതു ശതമാനത്തോളം പാലുല്പാദനം വർദ്ധിപ്പിക്കാൻ സഹായകമാകും. ആയതിനാൽ നല്ല തൊഴുത്തുകൾ നിർമ്മിക്കുന്നതിന് ക്ഷീരകർഷകർക്ക് ധനസഹായം ലഭ്യമാക്കുക.

3) മൃഗാശുപത്രിയുടെ പ്രവർത്തനക്ഷമത നൂറു ശതമാനവും ഉറപ്പുവരുത്തുക. കർഷകന് ആവശ്യമെന്ന് തോന്നുന്ന സ്ഥലങ്ങളിൽ സബ്സെന്ററുകൾ സ്ഥാപിക്കുക. സബ്സെൻന്ററുകളിൽ നിന്ന് അത്യുല്പാദനശേഷിയുള്ള ഉരുക്കളുടെ ഭ്രൂണം സൗജന്യനിരക്കിൽ ലഭ്യമാക്കുക. ഉഴവൂരുള്ള സബ് സെന്ററിൽ മൃഗഡോക്ടർ വന്ന് പരിശോധിക്കാൻ മൃഗഡിപ്പാർട്ട്മെന്റ് തയ്യാറാകാത്തതിനാലും സ്ഥലവിസ്തീർ

ണ്ണമുള്ളതിനാലും ഒരു മൃഗാശുപത്രി ഉഴവൂർ ടൗണിൽ സ്ഥാപിക്കേണ്ടതാണ്. ഇപ്പോഴുള്ള ആശുപത്രി ഉഴവൂർ പഞ്ചായത്തിന്റെ അതിർത്തിയായ മോനിപ്പള്ളിയിലാണ് സ്ഥിതിചെയ്യുന്നത്. സഞ്ചരിക്കുന്ന മൃഗാശുപത്രി ഉണ്ടെങ്കിൽ പെട്ടെന്ന് ഉണ്ടാകുന്ന പകർച്ചവ്യാധികൾ തടയുന്നതിന് കഴിയുന്നതാണ്.

4) കറവപ്പശുക്കളെപ്പോലെ തന്നെ പാലുല്പാദനത്തിൽ ആടുകളും ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ 780 ആടുകളുള്ളതായിട്ടാണ് വെറ്റിനറി റിപ്പോർട്ട്. ഒരു പരിധിവരെ പശുവിൻ പാലിന്റെ കമ്മി ആട്ടിൻപാലുകൊണ്ട് നികത്തുന്നുണ്ട് ആടുകളെ വളർത്തുന്നതിനും മാടുകളെപ്പോലെ തന്നെ സാമ്പത്തിക സഹായം നല്കി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

5. പാലുല്പാദനകരെ ഇൻഷർ ചെയ്തിരിക്കുന്നതുപോലെ കന്നുകാലികളെയും ക്ഷീരകർകരെയും ഇൻഷർ ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കുക.

പ്രായമായതും രോഗമുള്ളതുമായ ആടുമാടുകളെ വേദനയറിയാതെ കൊന്ന് നശിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. ഈ പഞ്ചായത്തിൽ ഒരു കന്നുകാലി ചന്ത ആരംഭിക്കണം.

ഈ പഞ്ചായത്തിൽ 2234-ൽ പരം പട്ടികൾ ഉള്ളതായിട്ടാണ് ഔദ്യോഗിക റിപ്പോർട്ട്. വളർത്തുപട്ടികൾക്ക് ലൈസൻസ് എടുക്കേണ്ടതും ഓരോ ആണ്ടിലും പുതുക്കേണ്ടതും ആവശ്യമാണ്. അത്തരം പട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ് നിർബന്ധമായും എടുക്കേണ്ടതാണ്. മൃഗാശുപത്രിയിൽ അതിനുള്ള സംവിധാനം ഉണ്ടായിരിക്കണം. പേപ്പട്ടി ശല്യം ഒഴിവാക്കുന്നതിന് അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക നിലവിലുള്ള സമ്പ്രദായത്തിലെ പാളിച്ചകൾ പരിഹരിക്കുക.

വളർത്തു പക്ഷികൾ

മുട്ടയ്ക്കുവേണ്ടി ഓരോ വീട്ടിലും നാലഞ്ചു കോഴികളെ വളർത്തുക. ഇറച്ചിക്കോഴികളെ വളർത്തുന്നതിനും മുട്ടയും മാംസവും സംഭരിച്ച് വിതരണം ചെയ്യുന്നതിനുമുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് പഞ്ചായത്തിന് മുൻകൈയെടുക്കാവുന്നതാണ്. തൊഴിലില്ലാത്തവർക്ക് ആശ്വാസകരമാവും.

2) കാടപക്ഷികൾ, ക്രാടക്കോഴികൾ ഗിനി, ടർക്കി, കൾഗം എന്നിവയെ ഈ ഗ്രാമപഞ്ചായത്തിൽ സബ്സീഡിയോടു കൂടി വളർത്തുന്നതിന് നടപടികൾ സ്വീകരിക്കുക.

ചികിത്സയും പ്രതിരോധവും

ഡോക്ടറന്മാർക്ക് കാർട്ടേഴ്സ് സൗകര്യം നല്കി മുഴുവൻ സമയം പ്രവർത്തനക്ഷമത ഉറപ്പുവരുത്തി ജനപങ്കാളിത്തത്തോടുകൂടി ചികത്സാ ക്യാമ്പുകളും പ്രതിരോധ കുത്തിവെയ്പുകളും സംഘടിപ്പിക്കുക.

വളർത്തുമൃഗകുട്ടികളുടെ ഉല്പാദനവും വിതരണവും

പഞ്ചായത്തിൽ ഗുണമേന്മയുള്ള വളർത്തുമൃഗങ്ങളുടെ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്ന സ്ഥാപനം രൂപീകരിക്കുക. തൊഴിൽ രഹിതരെ ഇതിൽ പങ്കാളികളാക്കാവുന്നതാണ്. കന്നുകാലികളുടെയും പക്ഷികളുടെയും പ്രദർശനവും വില്പനയും സംഘടിപ്പിക്കാവുന്നതാണ്. നല്ല ഉരുക്കളുടെ ഉടമകൾക്ക് അവാർഡുകൾ നൽകി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

ഇൻഷ്വറൻസ്

വളർത്തുമൃഗങ്ങൾക്കെല്ലാം ഇൻഷ്വറൻസ് ഏർപ്പെടുത്തുക. വരുമാനം കുറഞ്ഞവർക്ക് പ്രീമിയത്തിന്റെ 50% കാഷ് ഇൻസന്റീവ് ആയി നൽകുക.

നല്ല കൂടുകൾ

നല്ല കൂടുകൾ നിർമ്മിക്കുന്നതിന് പ്രായേണ ചെലവുകൂടുന്നതിനാൽ ചെലവുകുറഞ്ഞതും ശുചിത്വമുള്ളതുമായ കൂടുകൾ നിർമ്മിച്ചു കൊടുക്കുന്നതിന് പഞ്ചായത്തിൽ നിന്നും പദ്ധതി ഉണ്ടാക്കുക.

ക്ഷീരസംസ്ക്കരണം

പാലിൽനിന്നും ഉണ്ടാക്കാവുന്ന എല്ലാത്തരം ഉല്പന്നങ്ങളും സംസ്ക്കരിച്ച് നിർമ്മിക്കുന്നതിന് യുവാക്കളുടെ സംഘങ്ങൾ തുടങ്ങുക. രുചിയുള്ള ഭക്ഷണപദാർത്ഥങ്ങൾ നിർമ്മക്കുന്നതിന് സ്ത്രീകൾക്ക് പരിശീലനം നൽകുവാൻ സംവിധാനം ഏർപ്പെടുത്തുക.

വളം, പാചകവാതകം

പച്ചിലയും, ചാണകവും കൂട്ടിയുള്ള കമ്പോസ്റ്റ് വളം നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് പ്രത്സാ

ഹിപ്പിക്കുക. കോഴിക്കാഷ്ടം വളമായി ഉപയോഗിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പ്രോത്സാഹനം കൊടുക്കുക. ബയോഗ്യാസിന്റെ ഉപയോത്തേയും പ്ലാന്റിന്റെ നിർമ്മാണാവശ്യക്തയേയും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക. പ്ലാന്റുകളുടെ നിർമ്മാണത്തിന് ധനസഹായവും സബ്സീഡിയും നൽകുക.

മാംസം തുകൽ സംസ്ക്കരണം

തൊഴിൽരഹിതർക്ക് മാംസം സംസ്ക്കരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും കേന്ദ്രങ്ങൾ തുറക്കാവുന്നതാണ്. അതുപോലെ തോല് സംസ്ക്കരിച്ച് തുകൽ ഉല്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യാവുന്നതാണ്. മുയൽ വളർത്തൽ തൊഴിൽ രഹിതരായ വീട്ടമ്മമാർക്ക് ഒരു അനുഗ്രഹമാണ്. നല്ല യിനം മുയൽ കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

മത്സ്യകൃഷി

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മത്സ്യകൃഷിക്ക് സാദ്ധ്യതകൾ കുറവാണ്. ആണ്ടിൽ ഒൻപതു മാസവും വെള്ളം ലഭിക്കുന്ന ജലാശയങ്ങൾ പഞ്ചായത്തിൽ വിരളമാണ്. അപൂർവ്വം ചില പാറമടകളിലെ ജലാശയങ്ങളെ അവശേഷിക്കുന്നുള്ളു. അവിടെ മത്സ്യകൃഷി പരീക്ഷിച്ചു നോക്കാവുന്നതാണ്. എം.വി.ഐ.പി. കനാൽ പ്രവർത്തനക്ഷമമാകുമ്പോൾ മത്സ്യകൃഷിയുടെ അനന്ത സാദ്ധ്യതകൾ പരിശോധിക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിന്റെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മൃഗസംരക്ഷണ പരിപാടികൾ ആസൂത്രണം ചെയ്താൽ സമൃദ്ധിയുടെ ഒരു നല്ല നാളെ നമുക്കുണ്ടാക്കാം എന്നതിൽ യാതൊരു സംശയവും വേണ്ട.

വളർത്തു മൃഗസംഖ്യ

വാർഡ് നമ്പർ	പശുനാടൻ		പശു സങ്കരം		എരുമ		ആട്	പട്ടി
	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്		
1	9	3	78	43	2	1	72	321
2	12	4	80	60	6	2	87	213
3	8	12	65	26	1	-	77	261
4	9	7	98	45	3	4	84	214
5	11	21	180	43	2	1	139	322
6	7	15	98	55	-	-	81	301
7	4	8	81	45	-	-	104	219
8	7	12	69	70	-	-	62	197
9	11	8	127	63	2	-	73	186
ആകെ	78	90	876	450	16	8	779	2234

വളർത്തുപക്ഷി സംഖ്യ

പിടക്കോഴി		പൂവൻകോഴി	മറ്റുള്ളവ
മുട്ട ഇടുന്നത്	മുട്ട ഇടാത്തത്		
111	79	88	2
101	94	94	
84	86	77	
92	103	92	
122	114	110	
68	80	74	
93	85	81	
67	60	82	
102	90	97	
840	791	795	

V (3) വ്യവസായം

കാർഷിക പ്രാധാന്യം ഏറെയുള്ള ഉഴവൂർ ഗ്രാമപഞ്ചായത്തിൽ വ്യവസായം ഏറെ കുറവുതന്നെ. ചില കുടിൽ വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും ചെറുകിട വ്യവസായ യൂണിറ്റുകളും മാത്രമെ നിലവിലുള്ളു. കൂടുതൽ ഉല്പാദനമുള്ള റബ്ബർപാൽ ഉല്പാദിപ്പിക്കുന്നതിന് ഒരു ക്രീം ലാറ്റക്സ് ഫാക്ടറി മോനിപ്പള്ളി മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഈ പഞ്ചായത്തിന് വെളിയിൽ കുര്യനാട്ടിൽ 1995 ഡിസംബർ മുതൽ നടത്തുന്നുണ്ട്. അതുപോലെ ആധുനികരീതിയിൽ കൊപ്രാ ഉണ്ടാക്കുന്നതിനുള്ള ഒരു ഡ്രായിംഗ് യൂണിറ്റ് 1996 ഡിസംബറിൽ സംഘത്തോട് ചേർന്നു ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ

തൊഴിലുകൾ	തൊഴിലാളി	
	പുരുഷന്മാർ	സ്ത്രീകൾ
സോമിൽ - 3	12	-
മെറ്റൽ ക്രഷർ - 1	8	2
പ്രിന്റിംഗ് പ്രസ് - 5	5	7
വർക്ക്ഷോപ്പ് - 8	26	-
ലെയ്ത്ത് -12	4	2
എണ്ണമിൽ -5	5	-

പ്രശ്നങ്ങൾ

അഭ്യസ്തവിദ്യരായ യുവജനങ്ങളും സുലഭമായി കാർഷിക അസംസ്കൃത വസ്തുക്കളും, ബാങ്കുനിക്ഷേപവും, വിദേശപണവും ഏറെയുണ്ടായിട്ടും ഉഴവൂർ വ്യവസായികമായി പിന്നോക്കം തന്നെ.

കേരളത്തിലെ പ്രധാന മലഞ്ചരക്ക് ഉല്പാദന കേന്ദ്രവും വിപണിയുമായിരുന്ന മോനിപ്പള്ളി ഉൾപ്പെടുന്ന ഈ ഉഴവൂർ ഗ്രാമപഞ്ചായത്തിൽ ഈ ഉൽപ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തി ഇനിയും യാതൊരു വ്യവസായവും ആരംഭിച്ചിട്ടില്ല. ഇതിന്റെ വിപണനത്തിൽമാത്രം കുറെആളുകൾ ബന്ധപ്പെട്ടുപോകുന്നു.

വെളിച്ചണ്ണ ഉൽപ്പാദനത്തിന് മരച്ചക്കുകളെ പിന്തള്ളി അതിവേഗം കയറിവന്ന അനേകം ഓയിൽ മില്ലുകൾ നാളികേരത്തിന്റെ ദുഃസ്ഥിതി മൂലം വെറും 5 ആയി ചുരുങ്ങുകയാണുണ്ടായത്. അതിനും ആവശ്യത്തിനുള്ള തേങ്ങ ലഭിക്കുന്നതുമില്ല.

പശുവളർത്തൽ മൂലം ഉല്പാദക സംഘത്തിൽ ശരാശരി പ്രതിദിനം ലഭിക്കുന്ന 1500 ലിറ്റർ പാൽ സാംസ്ക്കാരിക്കുന്നതിനുള്ള പദ്ധതികളൊന്നുമില്ല.

വ്യവസായികാവശ്യത്തിന് വെള്ളം വൈദ്യുതി എന്നിവയും മുഖ്യകാരണങ്ങളാണ്, വൈദ്യുതിക്ക് നാടാകെയുള്ള ബുദ്ധിമുട്ടുകൾ ഇവിടെയും ഉണ്ട്.

സാങ്കേതിക വൈജ്ഞാനികളും വിദഗ്ദതൊഴിലാളികളും കുറവാണ്.

പഞ്ചായത്തു ലൈസൻസുകൾ കിട്ടാൻ വേണ്ടി അനുബന്ധ ലൈസൻസുകൾ ലഭിക്കാൻ കുരുക്കുകൾ ഏറെയുണ്ട്. മൂലധനവായ്പ ലഭിക്കാനും കൂട്ടായ സംരംഭങ്ങൾക്ക് രജിസ്ട്രേഷനും ഏറെ കടമ്പകൾ ഉണ്ട്.

നിർദ്ദേശങ്ങളും സാധ്യതകളും

1. വ്യവസായത്തിന് സ്ഥലം, റോഡ്, വെള്ളം, വൈദ്യുതി വായ്പ, ലൈസൻസ് ഇവ ലഭിക്കാൻ ഉതകും വിധം സർക്കാർ വ്യവസായ നയം സ്വീകരിക്കുക.

2. വായ്പ ലഭിക്കുന്നതിന് നടപടി ലളിതമാക്കുക. പലിശനിരക്ക് സബ്സീഡി പ്രഖ്യാപിക്കുക.

3. തൊഴിൽപ്രശ്നങ്ങൾ ഉണ്ടാകാതെയും, പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുക. യൂണിയന്റെ അതിപ്രസരം ഉല്പാദനത്തെ ബാധിക്കരുത്.

4. മുഖ്യകാർഷിക വിളയായ റബ്ബറിനെ അടിസ്ഥാനപ്പെടുത്തി വൻ വ്യവസായങ്ങൾ വരെ ആരംഭിക്കാം. ആയതിന് ജില്ലാതലത്തിൽ റബ്ബർ പാർക്ക് ആരംഭിച്ച് സാങ്കേതിക ട്രെയിനിംഗുംകൂടി ഉൾപ്പെടുത്തണം.

5. ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനും സ്ഥലം കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി സംരംഭകരെ ഏല്പിക്കുക. വിദേശത്തുള്ളവരുടെ ആശ്രിതരെയും പങ്കാളികളാക്കുക.

6. മോനിപ്പള്ളി മാർക്കറ്റിംഗ് സഹകരണ സംഘം റബ്ബർ വ്യവസായത്തിന് മുൻഗണന നല്കുക.

7. മിനിപാൽ ശീതീകരണ പ്ലാന്റ് സ്ഥാപിക്കുകയും ആയതിന് പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നിന്നും സംഭരണവും തുടങ്ങുക.

8. സഹകരണമേഖലയിൽ ഒരു കാലിത്തീറ്റ, കോഴിത്തീറ്റ ഉല്പാദനയൂണിറ്റ് ആരംഭിക്കുക.

9. ഇവിടെ ലഭ്യമായ മൃഗങ്ങളുടെ എല്ലുപയോഗിച്ച് ജൈവവളം ഉണ്ടാക്കുകയും തുകൽ സംസ്കരിച്ച് ചെരുപ്പ്, ബാഗ് ഇവയുടെ നിർമ്മാണം തുടങ്ങുകയും ചെയ്യുക.

10. ട്രൈസം തൊഴിൽ പരിശീലനം വ്യാപകമാക്കുക. തൊഴിലില്ലായ്മ വേതനം പറ്റുന്നവരെ നിർബന്ധമായും ഇതിൽ ഉൾപ്പെടുത്തുകയും. ബുക്ക് ബയിന്റിംഗ് വസ്തുനിർമ്മാണം തുടങ്ങിയവയ്ക്ക് പ്രാപ്തരാക്കുക.

11. ലക്ഷംവീട്, മറ്റ് പാർപ്പിട പദ്ധതികൾ എന്നിവയോടുബന്ധിച്ച് നിർമിതികേന്ദ്രത്തിന്റെ സെന്ററുകൾ ആരംഭിക്കുക.

12. പഞ്ചായത്തുതലത്തിൽ വ്യവസായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

13. നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന കരിങ്കല്ല് മിനുന്ന പോളീഷ് ചെയ്ത് വിദേശങ്ങളിലേക്ക് കയറ്റിഅയയ്ക്കുക

14. റബ്ബർ തടി സംസ്ക്കരിച്ച് വീടുകളുടെ മേൽക്കൂരകൾ, സീലിംഗ് പലകകൾ തുടങ്ങിയവയ്ക്ക് ആവശ്യമായ വിധം നിർമ്മാണ പദ്ധതികൾ ആരംഭിക്കുക.

15. പുരയുടെ മേൽക്കൂര മേയുന്നതിന് ഓട്, ആസ്ബസ്റ്റോസ് ഇവയ്ക്കു പുറമെ പാശ്ചാത്യരാജ്യങ്ങളിൽ മേൽക്കൂര മേയുന്നതിനുപയോഗിക്കുന്ന വസ്തുക്കൾ, ഭിത്തിനിർമ്മാണസാധനങ്ങൾ എന്നിവയ്ക്കാവശ്യമായ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

16. പുരയുടെ ഉൾഭിത്തികൾ കമനീയമാക്കുന്നതിന് വിവിധതരം നിറങ്ങളിൽ പശയോടുകൂടിയ സ്റ്റിക്കറുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഒരു യൂണിറ്റ് ഉണ്ടാക്കുക.

ടൂറിസം

പ്രകൃതിരമണീയമായ മലമടക്കുകളാൽ അനുഗ്രഹീതമാണ് ഉഴവൂർ ഗ്രാമപഞ്ചായത്ത്. വിദേശടൂറിസ്റ്റുകൾ വരെ യാത്ര ചെയ്യുന്ന എം.സി. റോഡുള്ള ഈ പഞ്ചായത്തിലെ പുൽപ്പാറ, ആനക്കല്ലുമല, ചുരണാപ്പാറ, പയസ്മൗണ്ട്, അരീക്കുഴി എന്നീ സ്ഥലങ്ങളുടെ ടൂറിസപ്രാധാന്യം പലർക്കും അജ്ഞാതമാണ്. ഇവിടങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തി ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. അതുപോലെ മോനിപ്പള്ളിയിൽ തോടിനോട് ചേർന്നുള്ള എം.സി. റോഡിന്റെ സമീപഭാഗങ്ങളിൽ ടൂറിസ്റ്റ് റിസോർട്ടുകൾ ആരംഭിക്കാവുന്നതാണ്.

V. (4). ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം - ആമുഖം

മനുഷ്യപുരോഗതി നിർണ്ണയിക്കുന്ന ഒരു പ്രധാനമാനദണ്ഡം അവിടുത്തെ ഗതാഗത സൗകര്യമാണ്. കാൽ നടയായി സഞ്ചരിച്ചുകൊണ്ടിരുന്ന മനുഷ്യൻ ക്രമേണ മൃഗങ്ങളെ മെരുക്കി ഗതാഗതത്തിന് ഉപയോഗിക്കുവാൻ തുടങ്ങി. പിന്നീട് ചക്രങ്ങളുടെ കണ്ടുപിടത്തത്തോടുകൂടി വാഹനങ്ങളുടെ നിർമ്മാണവും അവയുടെ ഉപയോഗവും പോക്കുവരവും എളുപ്പമുള്ളതാക്കി തീർത്തു. കഴിഞ്ഞ 50 വർഷങ്ങൾകൊണ്ട് ഗതാഗതരംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. അര നൂറ്റാണ്ടിനു മുൻപ് പൊതുവേയും പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലും ഏതാനും ഇടവഴികളും നടപ്പാതകളും മാത്രമാണ് നമുക്ക് ഉണ്ടായിരുന്നത്. നിത്യോപയോഗ സാധനങ്ങളുടെ ക്രയ വിക്രിയത്തിനും കാർഷിക വിളകളുടേയും ഭവന നിർമ്മാണ സാമഗ്രികളുടേയും സംഭരണ വിതരണ ശ്രമങ്ങൾക്ക് ഗതാഗത സൗകര്യങ്ങളുടെ അഭാവം വിലയ അസൗകര്യങ്ങൾ സൃഷ്ടിച്ചിരുന്നു. രാജകേശവദാസൻ പടനയിച്ച് ടിപ്പുവിനെ ആക്രമിക്കാൻ സഞ്ചരിച്ചത് തെക്കു നിന്നും കടങ്ങൂർ മരങ്ങാട്ടുപിള്ളി ഉഴവൂർ കൂത്താട്ടുകുളം വഴി ആയിരുന്നു എന്നാണ് പരമ്പരാഗതമായി വിശ്വസിച്ചുപോരുന്നത്. പ്രസ്തുത റോഡിന്റെ ഇരുവശങ്ങളിലുമായി ഇന്നു കാണുന്ന വലിയ ചോലമരങ്ങൾ, ചുമടുതാങ്ങി തുടങ്ങിയവ ഇതിന്റെ പുരാതനത്വം വിളിച്ചോതുന്നവയാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം പ്രത്യേകിച്ചും ഗ്രാമ പഞ്ചായത്തുകളുടെ രൂപീകരണത്തിനുശേഷം ഈ രംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെയുണ്ടായി. ഇടവഴികളും ഊടുവഴികളും പലതും വീതികൂട്ടി മനുഷ്യർക്കും ചെറുവാഹനങ്ങൾക്കും സഞ്ചരിക്കത്തക്കവിധത്തിൽ പുനർ നിർമ്മിക്കപ്പെട്ടു. സർക്കാർ ശ്രമത്തെക്കാൾ കൂടുതലായി ജനങ്ങളുടെ ആവശ്യബോധവും കൂട്ടായ പരിശ്രമവും ശ്രമദാനവുമാണ് ഈ വികാസത്തിന് വഴിതെളിച്ചത്. എന്നാൽ മണ്ണിനോടുള്ള മനുഷ്യന്റെ അടങ്ങാത്ത ആഗ്രഹവും ആളുകളുടെ ഇടിയിലുണ്ടായിരുന്ന വ്യക്തിവിരോധങ്ങളും കുടിപ്പകകളും വീതിയുള്ള റോഡുകൾ നിർമ്മിക്കുന്നതിലും എല്ലാത്തരം വാഹനങ്ങളുടേയും സഞ്ചാരം ഉറപ്പാക്കുന്നതിലും തടസ്സങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. എങ്കിലും ഗതാഗത സൗകര്യം നിലവിൽ വന്ന പ്രദേശങ്ങൾക്ക് ഉണ്ടായ ത്വരിതഗതിയിലുള്ള വളർച്ചയും അവർക്കുണ്ടായ സാമ്പത്തിക നേട്ടങ്ങളും എല്ലാവരുടേയും കണ്ണു തുറപ്പിച്ചു. ഗതാഗത സൗകര്യമുള്ള റോഡുസൈഡുകളിൽ വീടുവച്ച് താമസിക്കുക ഇന്ന് എല്ലാവരുടേയും ഒരു പ്രധാനലക്ഷ്യമായി മാറിക്കഴിഞ്ഞു. ഗതാഗത രംഗത്ത് ഇക്കഴിഞ്ഞ ഒരു ദശാബ്ദം നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു വലിയ മുന്നേറ്റത്തിന്റെ കാലഘട്ടം ആയിരുന്നു. പല റോഡുകളും പുതുതായി നിർമ്മിക്കാനും നിലവിലുള്ളവ കുറെക്കൂടി വീതികൂട്ടാനും ഭൂരിപക്ഷം റോഡുകളും പൂർണ്ണമായോ ഭാഗികമായോ ടാറിട്ട് നന്നാക്കാനും നമുക്ക് കഴിഞ്ഞു. തൽഫലമായി വാഹനങ്ങളുടെ എണ്ണം വർദ്ധിക്കാനും സഞ്ചാര സൗകര്യം വർദ്ധിക്കുവാനും ഇടയായിട്ടുണ്ട്. ഈ നേട്ടത്തിന് നമ്മുടെ M.L.A. ശ്രീ. കെ.എം. മാണിയുടെ സംഭാവന വളരെ വലുതാണ്. ഗതാഗതരംഗത്ത് ഇനിയും നമുക്ക് വളരെയധികം നേടേണ്ടതായുണ്ട്. അടുത്തതായി അതേപ്പറ്റി ചിന്തിക്കാം.

പ്രശ്നങ്ങൾ

1. റോഡുകളുടെ എണ്ണത്തിലും ഗുണമേന്മയിലും വളരെയധികം പുരോഗമിക്കുവാൻ നമുക്ക് കഴിഞ്ഞെങ്കിലും റോഡുകൾക്ക് വേണ്ടത്ര വീതി ഇല്ലാത്തതുമൂലം വലിയ വാഹനങ്ങൾക്ക് എല്ലാ റോഡുകളിൽക്കൂടിയും യഥേഷ്ടം സഞ്ചരിക്കാൻ കഴിയുന്നില്ല.

2. വീതി കുറഞ്ഞ റോഡുകളിൽ വാഹനങ്ങൾ ഒരേ വീൽപാടിൽക്കൂടി സഞ്ചരിക്കുന്നതിനാൽ ടാറിട്ട റോഡുകൾപോലും അതിവേഗം പൊട്ടിപ്പൊളിഞ്ഞ് കുഴികൾ ഉണ്ടായി ഗതാഗതയോഗ്യമല്ലാതായി തീരുന്നു.

3. റോഡുകൾ പലതിനും ആവശ്യമുള്ള വീതി ഇല്ലാത്തതിനാൽ ഇരുവശത്തുനിന്നും വരുന്ന വാഹനങ്ങൾക്ക് സൈഡുകൊടുത്ത് കടന്നുപോകാൻ കഴിയാത്തതുകൊണ്ട് ഗതാഗതസ്തംഭനം ഉണ്ടാവുകയും

ചിലപ്പോൾ മണിക്കൂറുകളുടെ സമയനഷ്ടം ഉണ്ടാവുകയും ചെയ്യുന്നു.

4. എല്ലാ റോഡുകൾക്കുംതന്നെ ഓടകളുടെ സൗകര്യം ഇല്ലാത്തതിനാൽ മഴക്കാലത്ത് വെള്ളം റോഡിലൂടെ ഒഴുകുകയും പല ഭാഗത്തും വെള്ളം കെട്ടിക്കിടന്ന് റോഡുകൾ സഞ്ചാരയോഗ്യമല്ലാതാവുകയും കാൽ നടക്കാർക്കുപോലും വലിയ ബുദ്ധിമുട്ട് ഉണ്ടാക്കുകയും ചെയ്യുന്നു.

5. പഞ്ചായത്തു കേന്ദ്രങ്ങളായ ഉഴവൂരും മോനിപ്പള്ളിയിലും വാഹനങ്ങൾക്ക് പ്രത്യേക പാർക്കിംഗ് സൗകര്യം ഇല്ലാത്തതുമൂലം ഓട്ടോറിക്ഷാകൾ, ടാക്സികൾ, തുടങ്ങിയവ റോഡു സൈഡുകളിൽ പാർക്കു ചെയ്യുന്നതുമൂലം ഗതാഗത തടസ്സം നേരിടുന്നതുകൂടാതെ കൂടെക്കൂടെ അപകടങ്ങൾ ഉണ്ടാകുന്നതോടൊപ്പം വ്യാപാരസ്ഥാപനങ്ങളുടെ സൈര മായ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു.

6. ഇഷ്ടിക, ഓട്, കരിങ്കല്ല്, തടി, മണൽ തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികൾ റോഡു സൈഡുകളിൽ യാതൊരു വിവേചനവും ഇല്ലാതെ അട്ടി ഇട്ട് കാൽ നടക്കാർക്കും വാഹനങ്ങൾക്കും സഞ്ചാര സ്വാതന്ത്ര്യവും സഞ്ചാരസൗകര്യവും നിഷേധിക്കുന്ന ഇന്നത്തെ രീതിഗതാഗതരംഗത്ത് ഒരളവുവരെ പ്രതിസന്ധി ഉണ്ടാക്കിയിരിക്കുന്നു.

7. ആളുകളുടെ സ്വാർത്ഥതാല്പര്യ സംരക്ഷണാർത്ഥം ഒരു പ്ലാനും ഇല്ലാതെ റോഡുകൾ നിർമ്മിച്ചതുകൊണ്ടു പല റോഡുകളും വളഞ്ഞുപുളഞ്ഞ് വാഹനങ്ങളുടെ ത്വരിതഗമനത്തിന് തടസ്സമായി നിലകൊള്ളുന്നു.

8. പഞ്ചായത്തിലെ ടൗൺ പ്രദേശങ്ങളായ ഉഴവൂരും മോനിപ്പള്ളിയിലും പ്രത്യേകം നടപ്പാതകൾ ഇല്ലാത്തതുമൂലം കാൽ നടക്കാർ വളരെയധികം കഷ്ടപ്പെടുന്നു.

9. പുരാതനമായ ചില റോഡുകൾക്ക് വീതിയുണ്ടെങ്കിലും അവയുടെ വശങ്ങളിൽ യാതൊരു പരിഗണയും ഇല്ലാതെ ഭൂരഹിതരും അല്ലാത്തവരുമായ ആളുകൾ കുടിപാർക്കുകയും കൃഷിചെയ്യുകയും ചെയ്യുന്നതുമൂലം ഗതാഗതസൗകര്യം തടയപ്പെട്ടിരിക്കുന്നു.

10. ഇലക്ട്രിക്കു പോസ്റ്റുകൾ, ടെലഫോൺ പോസ്റ്റുകൾ എന്നിവയ്ക്കുപുറമെ സ്വകാര്യ പരസ്യോപാധികളും യാതൊരു വിവേചനയുമില്ലാതെ റോഡിൽ സ്ഥാപിച്ചിരിക്കുന്നതുമൂലം ഗതാഗത തടസ്സം നേരിടുന്നു.

11. ടാറിട്ട റോഡുകളാണെങ്കിൽപോലും അവയുടെ സംരക്ഷണത്തിന് ആവശ്യമായ കലുങ്കുകളും സൈഡു കെട്ടുകളും നിർമ്മിക്കാത്തതുമൂലം അവ വളരെ വേഗം കേടുവന്ന് സഞ്ചാരയോഗ്യമല്ലാതായിതീരുന്നു.

12. റോഡിലേക്ക് കടന്നുവളരുന്ന മരങ്ങളുടെ ശിഖരങ്ങൾ ഗതാഗത തടസ്സം ഉണ്ടാക്കുന്നുണ്ട്.

13. ഉടനുടൻ പരിഹാരം കാണാത്തതുമൂലം റോഡുകൾക്കുണ്ടാകുന്ന ചെറിയ കേടുപാടുകൾപോലും അതിവേഗം വലുതായി വലിയ കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നു.

14. വ്യവസായ സ്ഥാപനങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വഴിവക്കിലെ വീടുകൾ എന്നിവയിൽനിന്നുള്ള മാലിന്യങ്ങൾ വഴിവക്കുകളിൽ കൂട്ടിയിട്ട് ഗതാഗതത്തിന്, തടസ്സം സൃഷ്ടിക്കുകയും അതോടൊപ്പം രോഗങ്ങൾ പരത്തുകയും ചെയ്യുന്നു.

15. വഴിക്കവലകളിലും വഴിവക്കുകളിലും മത്സ്യം-പച്ചക്കറി തുടങ്ങിയ വ്യാപാരം ചെയ്യുന്നതുമൂലം ഗതാഗതം തടസ്സപ്പെടുന്നു.

16. ഉത്സവങ്ങൾ, പെരുന്നാളുകൾ, ഘോഷയാത്രകൾ പ്രകടനങ്ങൾ മുതലായവ നടക്കുമ്പോൾ റോഡുകളിൽ ഗതാഗതസ്തംഭനം നേരിടുന്നു.

ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമ്പോഴാണ് നമ്മുടെ ഗതാഗതരംഗത്തെ വികസനം ഉറപ്പാക്കുക.

പരിഹാര നിർദ്ദേശങ്ങൾ

1. കുര്യനാട് ഉഴവൂർ കൂത്താട്ടുകുളം റോഡ്, ഉഴവൂർ മോനിപ്പള്ളി ഇലഞ്ഞി റോഡ് എന്നിവ വീതികൂട്ടി മൂന്ന് വരി വാഹനങ്ങൾക്ക് സഞ്ചരിക്കത്തക്കവിധം പുനർ നിർമ്മിക്കുക.

2. ഉവവൂർ ഇടക്കോലി ചക്കാമ്പുഴ റോഡ്, ഉഴവൂർ പാലാ റോഡ്, ഉഴവൂർ മരങ്ങാട്ടുപിള്ളി റോഡ്.

ഉഴവൂർ പുതുവേലി റോഡ്, ആച്ചിക്കൽ മാങ്കുഴി റോഡ്, മോനിപ്പള്ളി മുത്തോലപുരം റോഡ്, ഉഴവൂർ ചേറ്റുകുളം റോഡ്, മോനിപ്പള്ളി-ആലപുരം റോഡ് എന്നിവയ്ക്ക് സൈഡ് കെട്ടും ഓടയും കഴിച്ച് എട്ടു മീറ്റർ വീതിയെങ്കിലും കിട്ടത്തക്കവിധം പുനർ നിർമ്മിക്കുക.

3. എല്ലാ പഞ്ചായത്തു റോഡുകൾക്കൾക്കും കുറഞ്ഞത് ആറു മീറ്റർ വീതി ഉറപ്പാക്കുക.

4. എല്ലാ റോഡുകളോടും അനുബന്ധിച്ച് ജല നിർഗ്ഗമനം ഉറപ്പാക്കാൽ ഓടകളും ആവശ്യമുള്ളട ത്തെല്ലാം കലുങ്കുകളും നിർമ്മിക്കുക.

5. ഉഴവൂരും മോനിപ്പള്ളിയിലും വാഹനങ്ങൾക്ക് പ്രത്യേക പാർക്കിംഗ് സൗകര്യം ഉണ്ടാക്കുക.

6. പഞ്ചായത്ത് ആസ്ഥാനമായ ഉഴവൂർ ഒരു ബസ് സ്റ്റാൻഡ് നിർമ്മിക്കുക.

7. റോഡുപുറമ്പോക്കുകളിൽ താമസിക്കുന്നവരെ കല്ലട കോളനിയിലും മോനിപ്പള്ളിയിൽ പുതുതായി തുടങ്ങുന്ന കോളനിയിലും പുനരധിവസിപ്പിക്കുക.

8. ആല്പാറ പെരുന്താനം റോഡിന്റെ മുഴുവൻ വീതിയും എടുത്ത് അത് ഒരു പാരലൽ റോഡാക്കി വികസിപ്പിക്കുക.

9. റോഡുവക്കുകളിൽ കൂട്ടിയിട്ടിരിക്കുന്ന കല്ല് തടി മുതലായവയും, മാലിന്യവസ്തുക്കളും അടിയന്തിരമായി നീക്കം ചെയ്യുകയും ഇലക്ട്രിക്ക് ടെലഫോൺ പോസ്റ്റുകൾ റോഡുസൈഡുകളിലേക്ക് മാറ്റി ഇടുകയും ചെയ്യുക.

10. എട്ടു മീറ്റർ വീതിയുള്ള എല്ലാ പഞ്ചായത്തു റോഡുകൾക്കും മുൻഗണന കൊടുത്ത് പണി പൂർത്തിയാക്കി ഗതാഗതയഗ്യമാക്കുക. 8 മീ. റോഡുകളെല്ലാം പി.ഡബ്ല്യൂ. ഡി. ഏറ്റെടുക്കുക.

11. എം.സി. റോഡ്:- ഈ പഞ്ചായത്തതിർത്തിയിലുള്ള സ്റ്റേറ്റ് റോഡായ എം.സി. റോഡിൽ അടിയന്തിര ഉദ്ധാരണ പണികൾ ചെയ്യണം. ചീങ്കല്ലേൽ വളവ്, മോനിപ്പള്ളി ടൗൺ വളവ്, കൊള്ളി വളവ്, ആച്ചിക്കൽ വളവ്, അരുവാ വളവ് എന്നിവ സമയബന്ധിതമായി നിവർക്കണം. പൂർണ്ണമായി വീതി യെടുത്ത് എം.സി. റോഡിൽ കോൺക്രീറ്റു ഓടകൾ തീർക്കണം. റോഡ് വീതികൂട്ടി ടാർ ചെയ്യണം.

12. ഇപ്പോൾ ഭാഗികമായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള എല്ലാ റോഡുകളും ടാറിട്ട് അവയുടെ പണി പൂർത്തിയാക്കുന്നതിനുപുറമെ മറ്റ് റോഡുകളുടെ നിർമ്മാണച്ചുമതല ഏറ്റെടുത്ത് നടപ്പിലാക്കുകയും വേണം.

പഞ്ചായത്ത് അതിർത്തിയിലുള്ള P.W.D. റോഡുകൾ

1. എം.സി. റോഡ് മൂണ്ടിയാനിപ്പുറം മുതൽ അരിവാ വളവുവരെ - 7.5 കി.മീ. നീളം

2. ഉഴവൂർ മോനിപ്പള്ളി ഇലഞ്ഞി റോഡ് - 10 കി.മീ.

3. ഉഴവൂർ ചേറ്റുകുളം റോഡ് -3.25 കി.മീ.

4. മോനിപ്പള്ളി മുത്തോലപുരം റോഡ് - 3.5 കി.മീ.

5. മോനിപ്പള്ളി കല്ലിടുക്കി പെരുവ റോഡ് - 2.5 കി.മീ.

6. ആച്ചിക്കൽ പയസ്മൗണ്ട് മാങ്കുഴി റോഡ് - 4.5 കി.മീ.

7. കപ്പുകാലാ പയസ്മൗണ്ട് റോഡ് - 1 കി.മീ.

8. പൂവത്തുങ്കൽ ഉഴവൂർ കൂത്താട്ടുകുളം റോഡ് -4.25 കി.മീ.

9. ഉഴവൂർ ഇടക്കോലി ചക്കാമ്പുഴ റോഡ് - 6 കി.മീ.

10. ഉഴവൂർ കുറിച്ചിത്താനം മരങ്ങാട്ടുപിള്ളി റോഡ് - 1 കി.മീ.

11. ഉഴവൂർ കുടക്കച്ചിറ (പുൽപ്പാറ വഴി) - 2.5 കിമീ.

12. ശാസ്താംകുളം അറഞ്ഞുപുഴ റോഡ് - 1.5 കി.മീ.

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. വാക്കാട് മുതുകുളം മല റോഡ്

2. ഊതൂണിക്കൽ വെള്ളാമ്പാട്ട് റോഡ്

3. മുളയ്ക്കൽ മണിയാക്കുപാറ റോഡ്

4. എണ്ണംപ്ലാശ്ശേരിൽ ചിറ്റേട്ടു ഭാഗം റോഡ്

5. ചിറ്റേട്ടു ഭാഗം തുലാമറ്റം റോഡ്

6. പെരുന്താനം ആലിപ്പാറ ലിങ്ക് റോഡ്

7. പറയാനി ഭാഗത്തുനിന്നും ഇളയാനി ഭാഗം റോഡ്

8. ഗവ. എൽ.പി.എസ്. ഭാഗത്തുനിന്നും കലാമുകുളം റോഡ്

9. ഉഴവൂർ ഈസ്റ്റ് തറയ്ക്കനാൽ ഭാഗത്തു നിന്നും ഇടക്കോലി പള്ളി ഭാഗത്തേക്കുള്ള റോഡ്

10. ഉഴവൂർ ശക്തി തിയറ്റർ ഭാഗത്തുനിന്നും ആരംഭിച്ച് പാടത്തിന്റെ കരയിൽക്കൂടി ഉഴവൂർ കുര്യനാട് റോഡിൽ കരിമാക്കീൽ പാലത്തിനടുത്ത് സന്ധിക്കത്തക്ക വിധം ഒരു പാരലൽ റോഡ് നിർമ്മിച്ച് ഉഴവൂർ ടൗണിലെ തിരക്ക് ഒഴിവാക്കുക.

11. ഉഴവൂർ ശക്തി തിയറ്റർ ഭാഗത്തു നിന്നും പടിഞ്ഞാറോട്ട് തോട്ടുകരയിൽ കൂടി ഉറുമ്പിൽ റോഡിൽ സന്ധിയ്ക്കത്തക്കവിധം ഒരു പുതിയ റോഡ് നിർമ്മിക്കുക.

12. ഉറുമ്പിൽ റോഡിൽ തേരകുളംകുഴി ഭാഗത്തുനിന്നും തെക്കോട്ട് കരുനെച്ചി ക്ഷേത്രത്തിന് കിഴക്കുവശത്തുകൂടി ഉഴവൂർ ചേറ്റുകുളം റോഡിൽ സന്ധിക്കത്തക്കവണ്ണം ഒരു പുതിയ റോഡ് നിർമ്മിക്കുക.

13. ഉഴവൂർ മോനിപ്പള്ളി റോഡിൽ കൈമാരി ഭാഗത്തുനിന്നും പടിഞ്ഞാറോട്ട് മണിയാക്കുപാറ ഭാഗത്തേക്ക് ഒരു റോഡ് നിർമ്മിക്കുക.

14. പാണാത്ത് പുത്തൻപുരയിൽ ഭാഗത്തു നിന്നും ആരംഭിച്ച് തേരത്താനത്ത് ഭാഗത്ത് കരുനെച്ചി സെൻട്രൽ റോഡിൽ സന്ധിക്കത്തക്കവിധം ഭാഗികമായി നിർമ്മിച്ചിട്ടുള്ള റോഡ് പൂർത്തിയാക്കുക.

15. ഉറുമ്പിൽ റോഡ് ഉഴവൂർ പുതവേലി റോഡിൽ തുറക്കത്തക്കവിധം പൂർത്തിയാക്കുക.

16. കടവുങ്കൽ ഭാഗത്തുനിന്നും തുടങ്ങി വെട്ടം ഭാഗത്ത് അവസാനിക്കേണ്ട വഴിയുടെ നിർമ്മാണം പൂർത്തിയാക്കുക.

ഉഴവൂർ ഗ്രാമപഞ്ചായത്ത് റോഡുകളുടെ സ്ഥിതിവിവര കണക്കുകൾ.
(അളവുകൾ മീറ്ററിൽ)

വാർഡ് I

നമ്പർ	പേര്	വീതി	നീളം	ടാറിട്ടത്	പക്ക	കച്ച	പാലം കലുങ്ക് സ്ഥിതി
101	ആച്ചിക്കൽ ഹരിജൻ കോളനി - മീമ്പന്താനം പറുദീസാ റോഡ്	8	2400	250-	2150	-	2 കലുങ്ക് വേണം
102	ആച്ചിക്കൽ-പുല്ലുംമ്പ-മുത്തോലപുരം റോഡ്	8	800	-	-	800	1 കലുങ്ക് വേണം
103	കട്ടയ്ക്കൽ - ആലപുരം റോഡ്	6	1800	-	1000	800	2 കലുങ്ക് വേണം
104	കെ.ജെ. മെമ്മോറിയൽ റോഡ്	3	1200	800	-	400	2 കലുങ്ക് വേണം
105	നിരപ്പിൽ-വേളാശ്ശേരി-ഇരട്ടമാക്കിൽ	3	1100	-	-	1100	1 കലുങ്ക് വേണം
106	കല്ലാറ്റ് - കട്ടയ്ക്കൽ റോഡ്	3	1000	-	-	1000	1 കലുങ്ക് വേണം
107	തത്തംകിണറ്റുകര-ഊരാളിൽ റോഡ്	3	1400	400	-	1000	2 കലുങ്ക് വേണം

വാർഡ് II

നമ്പർ	പേര്	വീതി	നീളം	ടാറിട്ടത്	പക്ക	കച്ച	പാലം കലുങ്ക് സ്ഥിതി
201	[illegible] - കോമാക്കിൽ (മ[illegible]ലി) റോഡ്	8	2250	2250	-	-	-
202	മുക്കട - പുനമ്പുങ്കൽ റോഡ്	6	2000	-	1000	1000	2 കലുങ്ക് വേണം
203	കൊക്കരണി - പുള്ളോലിക്കൽ മുതുക്കുളം മലറോഡ്	5.5	600	-	-	600	1 കലുങ്ക് വേണം
204	റോസ്ഭവൻ - സർവ്വോദയം കോളനി വാക്കാട് റോഡ്	3	1000	-	-	1000	1 പാലം വേണം
205	തകിടിയേൽ - സർവ്വോദയം കോളനി റോഡ്	3	800	-	-	800	-
206	ഊന്നുകല്ലേൽ ഇരുപുളുംകാട്ടിൽ റോഡ്	3	1100	-	-	1100	1 കലുങ്ക് വേണം
207	നീറാംമ്പുഴ - വലിയതോട് റോഡ്	3.25	1000	-	-	1000	1 പാലം വേണം
208	S.N.D.P. - മുതുകുളം മലറോഡ്	3.5	900	-	-	900	1 കലുങ്ക് വേണം
209	കൊക്കരണി - മുക്കട റോഡ്	3	700	-	-	700	1 കലുങ്ക് വേണം

വാർഡ് III

301	ചേറ്റുകുളം - പയ്സമൗണ്ട് റോഡ്	3	1500	-	-	1500	2 കലുങ്ക് വേണം
302	കടുക്കപ്പാറ - വെളിയന്നൂർ റോഡ്	3	1400	-	-	1400	2 കലുങ്ക് വേണം, 1 പാലം വേണം
303	ചെറുപ്ലാക്കിൽ - മേക്കപ്പറമ്പിൽ റോഡ്	3	1000	-	-	1000	4 കലുങ്ക് വേണം
304	നിരപ്പിൻപുറം - ചെമ്മലറോഡ്	3	700	-	-	700	1 കലുങ്ക് വേണം
305	ചിറത്തോട് - കാവുപുറം റോഡ്	3	1200	-	-	1200	3 കലുങ്ക് വേണം
306	നിരപ്പുമ്പുറം - നിരവത്ത് കടുക്കപ്പാറ റോഡ്	3	2100	500	-	1600	1 കലുങ്ക് വേണം
307	വിലങ്ങപ്പാറ - പയസ്സ്മൗണ്ട് റോഡ്	3	1400	-	-	1400	2 കലുങ്ക് വേണം
308	ചേറ്റുകുളം - വണ്ടാക്കുന്നേൽ റോഡ്	4	1100	-	800	300	1 കലുങ്ക് വേണം
309	കുഴിപ്പിൽ - പയ്സ്മൗണ്ട് റോഡ്	8	1400	-	1000	400	3 കലുങ്ക് വേണം

വാർഡ് IV

401	മോനിപ്പള്ളി ജംഗ്ഷൻ വിലങ്ങപ്പാറ റോഡ്	4	1500	500	-	1000	3 കലുങ്ക് വേണം 1 പാലവും വേണം
402	അട്ടക്കനാൽ - മണിയാക്കുപാറ റോഡ്	4.5	1100	200	100	800	2 കലുങ്ക് വേണം
403	ചീങ്കല്ലേൽ റോസ്സ്വേൻ റോഡ്	3.5	750	400	350	-	1 കലുങ്ക് വേണം
404	പുളിയമാക്കീൽ - തറപ്പിൽ റോഡ്	8	1100	-	200	900	1 കലുങ്ക് വേണം
405	പാലയ്ക്കത്തടം - കുഴിക്കാട് രോഡ്	3	300	-	-	-	1 കലുങ്ക് വേണം
406	നെടിയാനിക്കുഴി-നെടുംപാറപ്പുറംറോഡ്	3.5	800	-	-	800	1 കലുങ്ക് വേണം
407	മോനിപ്പള്ളി ജംഗ്ഷൻ-കുഴിപ്പിൽറോഡ്	8	1500	-	-	1500	2 കലുങ്ക് വേണം
408	ചേറ്റുകുളം - മണിയാക്കുപാറ റോഡ്	3	1000	-	-	1000	-

നമ്പർ	പേര്	വീതി	നീളം	ടാറിട്ടത്	പക്ക	കച്ച	പാലം കലുങ്ക് സ്ഥിതി
409	കുഴുപ്പിൽ - മറ്റപ്പള്ളി റോഡ്	3	500	-	-	500	1 കലുങ്ക് വേണം
410	വള്ളിപ്പാലം വാക്കാട് റോഡ്	3	200	-	-	200	-

വാർഡ് V

501	പെരുന്താനം - ചെത്തിമറ്റം റോഡ്	3.5	2500	1500	1000	-	1 കലുങ്ക് വേണം സൈഡ് കെട്ടണം
502	മാങ്കനാൽ - പെരുന്താനം റോഡ്	3	900	520	380	-	തോട്സൈഡ് കെട്ടണം
503	പൂവ്വത്തുങ്കൽ കുറിച്ചിത്താനം റോഡ്	4	3000	3000	-	-	-
504	ആല്പാറ - പെരുന്താനം റോഡ്	9	750	750	-	-	-
505	പൊയ്യാനിമല - ചേറാടിയിൽ റോഡ്	3	800	-	800	-	-
506	പെരുന്താനം - മുട്ടത്തിൽ റോഡ്	3	900	-	-	900	സൈഡ് കെട്ടണം
507	ഉഴവൂർ കോളേജ് റോഡ്	4	400	400	-	-	-
508	ഉഴവൂർ പി.എച്ച്.സി. റോഡ്	3	200	200	-	-	-
509	കല്ലടയിൽ - കോളേജ് റോഡ്	3	200	-	-	200	സൈഡ് കെട്ടണം
510	തിരുബാലനഗർ - വെട്ടിയ്ക്കനാൽ റോഡ്	3	200	200	-	-	-
511	മാടപ്പള്ളി - കാവുകാട്ടു ഭാഗം റോഡ്	3	1500	200	1300	-	1 കലുങ്ക് വേണം സൈഡ് കെട്ടണം
512	കുഴുപ്പിള്ളിൽ - വര്യാരത്ത് റോഡ്	3	600	-	-	600	സൈഡ് കെട്ടണം

വാർഡ് VI

601	വേരുകിടപ്പനാൽ ഉമ്മപുഴ റോഡ് (ശാസ്താകുളം - ചൊള്ളുകുടം റോഡ്)	6	2000	220	-	1780	1 കലുങ്ക് വേണം
602	ചൊള്ളുകുടം - മുട്ടത്തുകുളം റോഡ് (കല്ലട - മുട്ടത്തുറോഡ്)	6	1500	-	-	1500	പാലം വേണം
603	വള്ളിപ്പടവ് - കലാമുകളം റോഡ്	6	1750	-	-	1750	1 കലുങ്ക് വേണം
604	പുല്പാറ - കലാമുകളം റോഡ്	6	2000	520	-	1480	1 കലുങ്ക് വേണം
605	വള്ളിപ്പടവ് - തറക്കനാൽ ഇടക്കോലി റോഡ്	6	2000	1250	-	750	1 കലുങ്ക് വേണം
606	പറയാനി - കലാമുകളം റോഡ്	6	1500	-	-	1500	1 കലുങ്ക് വേണം
607	കുന്നേൽ - കാക്കനാട്	6	1000	-	-	1000	1 കലുങ്ക് വേണം
608	പറയാനി - ഇളയാനി റോഡ്	2.5	1300	-	-	1300	1 കലുങ്ക് വേണം
609	കല്ലട - വാഴപ്പള്ളി റോഡ്	2.5	1200	-	-	1200	1 കലുങ്ക് വേണം
610	കടുമമിക്കൽ - ഇടക്കോലി റോഡ്	3	2000	-	-	2000	1 കലുങ്ക് വേണം
611	കലാമുകളം - ഇടക്കോലി കുമ്പളോലിക്കൽ റോഡ്	2.5	1000	-	-	1000	1 കലുങ്ക് വേണം

വാർഡ് VII

നമ്പർ	പേര്	വീതി	നീളം	ടാറിട്ടത്	പക്ക	കച്ച	പാലം കലുങ്ക് സ്ഥിതി
701	കുട്ടിയാനി - കുടപ്പലം റോഡ്	3	2400	1000	-	1400	-
702	മുടക്കാലിൽ - പാറത്തോട് റോഡ്	3	2500	700	1800	-	-
703	നെടുമ്പാറ കരയോഗം റോഡ്	4	1000	-	1000	-	-
704	കരയോഗം ഒരറത്തങ്ങാടി റോഡ്	4	1000	800	200	-	-
705	നെടുമ്പാറ - ഇടക്കോലി റോഡ്	3	1100	-	-	1100	2 കലുങ്ക് വേണം സൈഡ് കെട്ടണം
706	നോടുമ്പാറ - കളരിക്കൽ റോഡ്	3.5	1050	-	-	1050	കലുങ്ക് പണിതിട്ടുണ്ട്
707	കാക്കനാട്ടുകുന്ന് - തൊട്ടിയിൽ പീടിക റോഡ്	5	950	600	350	-	-
708	നെടുമ്പാറ - കുടപ്പുലം റോഡ്	5	800	-	500	300	കലുങ്ക് പണിതിട്ടുണ്ട്
709	താഴത്തുകണ്ടത്തിൽ - വെട്ടുകല്ലേൽ റോഡ്	3	500	-	-	500	-
710	കുരിശുമല റോഡ്	5	1050	-	1050	-	-
711	ഉഴവൂർ മാർക്കറ്റ് റോഡ്	4	50	50	-	-	-
712	തൊട്ടിപീടിക - കുടപ്പലം - അമ്പലം റോഡ്	5	1500	-	-	1500	1 കലുങ്ക് വേണം
713	വെള്ളക്കല്ലേൽ - കൊണ്ടാട് റോഡ്	5	1000	-	-	1000	-

വാർഡ് VIII

801	ജനതാ റോഡ്	4	950	950	-	-	-
802	കരുനെച്ചി സെൻട്രൽ റോഡ്	4	1200	1000	-	200	-
803	കപ്പുകാലാ പയസ്മൗണ്ട് റോഡ്	8	800	800	-	-	-
804	പയസ്മൗണ്ട് കിഴക്കിടംപിള്ളി റോഡ്	3.5	850	650	-	200	-
805	പെരുന്താനം - കൈമാരി റോഡ്	4	1000	700	-	300	-
806	വി.വി. റോഡ്	4	600	600	-	-	-
807	ഉറുമ്പിൽ റോഡ്	4	750	-	-	750	-
808	കൈമാരി കിഴക്കിടംപിള്ളിൽ റോഡ്	4	750	-	-	750	1 പാലം വേണം

വാർഡ് IX

901	ഉഴവൂർ - പുതുവേലി റോഡ്	8	5000	5000	-	-	റീടാർ ചെയ്യണം 2 കലുങ്ക് വേണം
902	മാങ്കുഴി - പയസ്മൗണ്ട് റോഡ്	8	1000	1000	-	-	-
903	ഉഴവൂർ - വെട്ടം റോഡ്	6	1500	-	-	1500	2 കലുങ്ക് വേണം
905	വെട്ടം - ഇഞ്ചേനാട്ട് - അരീക്കുഴി	5	500	-	-	500	2 കലുങ്ക് വേണം
905	അരീക്കര - അരീക്കുഴി - ഇഞ്ചേനാട്ട്	6	1250	-	-	1250	1 കലുങ്ക് വേണം
906	അരീക്കര - നീരിട്ടി റോഡ്	5	2500	200	-	2300	2 കലുങ്ക് വേണം

നമ്പർ	പേര്	വീതി	നീളം	ടാറിട്ടത്	പക്ക	കച്ച	പാലം കലുങ്ക് സ്ഥിതി
907	പയസ്മൗണ്ട് - ചിറത്തോട് റോഡ്	5	1500	200	-	1300	3 കലുങ്ക് വേണം
908	അരീക്കുഴി - നീരിട്ടി റോഡ്	3	400	-	-	400	2 കലുങ്ക് വേണം
909	വിലങ്ങുകല്ലേൽ - അരീക്കുഴി റോഡ്	3	1000	-	-	1000	2 കലുങ്ക് വേണം
910	വെള്ളച്ചാലിൽ - നെല്ലാമറ്റം റോഡ്	3	1000	-	-	1000	1 കലുങ്ക് വേണം
911	നെല്ലാമറ്റം - വെട്ടിമറ്റം റോഡ്	3	1000	-	-	1000	2 കലുങ്ക് വേണം
912	പയസ്മൗണ്ട് - കല്ലുംപുറം റോഡ്	4	1500	400	-	1100	2 കലുങ്ക് വേണം
913	നീരിട്ടി - മുരിങ്ങോലത്ത് - പയസ്മൗണ്ട് റോഡ്	3.5	1250	-	-	1250	2 കലുങ്ക് വേണം
914	ചക്കാലപ്പടവ് വെട്ടിമറ്റം റോഡ്	6	600	-	-	600	1 കലുങ്ക് വേണം

ഊർജ്ജം

വിറക്, മണ്ണെണ്ണ, വൈദ്യുതി, പാചകഗ്യാസ്, ഇവയാണ് പ്രധാന ഊർജ്ജ സ്രോതസ്സുകൾ, ഏറ്റവും കൂടുതലായി ഉപയോഗിക്കുന്നത് വിറകാണ്. എന്നാൽ വിറകിന്റെ ലഭ്യത ബുദ്ധിമുട്ടായതോടുകൂടി മറ്റ് ഊർജ്ജ സ്രോതസ്സുകൾ തേടി മനുഷ്യൻ ഇന്ന് അലയുകയാണ്. ഊർജ്ജലബ്ധിയെ ആശ്രയിച്ചാണ് ഇന്ന് അവന്റെ പുരോഗതി നിലകൊള്ളുന്നത്. ഊർജ്ജരംഗത്ത് ഇന്ന് നിലനില്ക്കുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും എന്നാണെന്ന് നോക്കാം.

പ്രശ്നങ്ങൾ

1. എല്ലാ വീടുകളിലും കറന്റ് എത്തിയിട്ടില്ല.

2. ഭൂരിഭാഗം റോഡുകളിലും സ്ട്രീറ്റു ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.

3. കൃഷി വ്യവസായ വികസനത്തിന് കറന്റ് ലഭിക്കാത്തതുമൂലം ആ രംഗത്ത് വലിയ മരവിപ്പ് അനുഭവപ്പെടുന്നു.

4. ലഭിക്കുന്ന കറന്റ് തന്നെ വേണ്ടത്ര വോൾട്ടേജ് ഇല്ലാത്തതുകൊണ്ട് ഫലപ്രദമല്ല. ആകയാൽ വികസനം മൊത്തത്തിൽ മരവിച്ചു നിൽക്കുന്നു.

5. ആഹാരം പാകം ചെയ്യുന്നതിന് ഇപ്പോഴും വിറകാണ് കൂടുതൽ ഉപയോഗിക്കുന്നത്. എന്നാൽ വിറക് വേണ്ടത്ര ലഭ്യമല്ലാത്തതുകൊണ്ട് ആളുകൾ ഗ്യാസിലേക്ക് തിരിഞ്ഞിരിക്കുന്നു. എന്നാൽ ഗ്യാസും വേണ്ടത്ര കിട്ടാനില്ലാത്തതുകൊണ്ടും വ്യയഹേതുകമായതിനാലും ആളുകൾ ബുദ്ധിമുട്ടുന്നു.

6. കറന്റു കണക്ഷൻ കൊടുക്കേണ്ടി വരുമ്പോൾ പലപ്പോഴും സ്വകാര്യ ഭൂവുടമകൾ തടസ്സം നിൽക്കുന്നതുകൊണ്ട് ആവശ്യക്കാർക്കെല്ലാം യഥാസമയം കണക്ഷൻ കൊടുക്കാൻ കഴിയുന്നില്ല.

7. ഗവണ്മന്റിൽനിന്നും സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ മോശമാകയാൽ സ്ട്രീറ്റു ലൈറ്റുകൾ പലപ്പോഴും കേടാകുന്നു.

8. സാമ്പത്തികമായ കഴിവുകേടുകൊണ്ട് ഹരിജനങ്ങൾ, ദുർബലവിഭാഗങ്ങൾ എന്നിവർക്ക് വൈദ്യുതി ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുന്നു.

പരിഹാര മാർഗ്ഗങ്ങൾ

1. പാചകരംഗത്ത് കഴിവതും വിറക് ഉപയോഗിക്കുവാൻ മരങ്ങൾ വച്ചുപിടിപ്പിക്കുക.

2. എല്ലാ റോഡുകളിലേക്കും സ്ട്രീറ്റുലൈറ്റുകൾ വ്യാപിപ്പിക്കുക.

3. സോളാർ ചാനലുകൾ സ്ഥാപിച്ച് സൗരോർജ്ജത്തെ ഉപയോഗപ്പെടുത്തി ഉഴവൂർ മോനിപ്പള്ളി ടൗണുകളിലെങ്കിലും സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കുക.

4. കൂടുതൽ വോൾട്ടേജ് ലഭിക്കത്തക്കവിധം ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിപ്പിക്കുക.

5. കറന്റ് നിർബാധം പ്രവഹിക്കുന്നതിനും കറന്റ് ചോർച്ച തടയത്തക്കവിധം ലൈനിലുള്ള തടസ്സങ്ങൾ നീക്കം ചെയ്യുക.

6. എല്ലാവർക്കും കറന്റ് ലഭിക്കുവാൻ ലൈൻ വലിക്കുന്നതിന് ഇപ്പോഴുള്ള തടസ്സങ്ങൾ നീക്കത്തക്കവിധം ആവശ്യമായ നിയമനിർമ്മാണം നടത്തുക.

7. കാലിവളർത്തൽ ഊർജ്ജിതപ്പെടുത്തി കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക.

8. പുകയില്ലാത്തതും കുറച്ച് വിറക്കൊണ്ട് ആവശ്യങ്ങൾ നടത്തത്തക്കവിധമുള്ള പുതിയ അടുപ്പുകളുടെ ഉപയോഗം വ്യാപകമാക്കുക.

9. മണ്ണെണ്ണ ഉപയോഗിച്ചുള്ള സ്റ്റൗവിന്റെ ഉപയോഗം വർദ്ധിപ്പിക്കുക. ആവശ്യക്കാർക്കെല്ലാം. മണ്ണെണ്ണയുടെ സ്പെഷ്യൽ പെർമിറ്റ് അനുവദിക്കുക.

10. കഴിവതും സൗരോർജ്ജം ഉപയോഗിക്കുക.

11. (സി.എഫ്.) കോംപാക്റ്റ് ഫ്ലൂറസെന്റ് ലാംബുകളുടെ ഉപയോഗം വ്യാപകമാക്കുക. അത് കൂടുതൽ വ്യാപകമാക്കുവാൻ ദുർബ്ബല വിഭാഗങ്ങൾക്ക് സബ്സിഡി നൽകുക.

12. ഊർജ്ജം ലാഭിക്കത്തക്കവിധം കച്ചിപ്പെട്ടി, പ്രഷർ കുക്കർ എന്നിവയുടെ ഉപയോഗം വ്യാപകമാക്കുക.

13. ഈ പഞ്ചായത്തിൽ മോനിപ്പള്ളിയിലെ വലിയ തോട്ടിൽ ഉയർന്ന സ്ഥലമായ കണ്ടനാംകുഴി ഭാഗത്ത് ചെറുകിട ജലവൈദ്യുത പദ്ധതി ആരംഭിക്കുക.

14. കറന്റ് ചാർജ്ജ് ബാങ്കുകൾ വഴി അടയ്ക്കാൻ അനുവദിക്കുക. കൂടുതൽ കണക്ഷൻ സെന്ററുകൾ അനുവദിച്ച് ആളുകളുടെ ബുദ്ധിമുട്ട് ലഘൂകരിക്കുക.

16. സ്ട്രീറ്റ് ലൈറ്റുകളുടെ പരിചരണത്തിലുള്ള ആക്ഷേപം പരിഹരിക്കാൻ ആയത് പഞ്ചായത്തുകളെ ഏല്പിക്കുക.

മാർക്കറ്റ്

വളരെ പുരാതന കാലത്ത് തലയോലപ്പറമ്പ് ചന്തയോടൊപ്പം സ്ഥാപിക്കപ്പെട്ട ചന്തയാണ് ഉഴവൂർ ചന്ത. ഈ പഞ്ചായത്തിനുള്ളിൽ ഉഴവൂർ-മോനിപ്പള്ളി എന്നീ രണ്ടു ചന്തകളാണ് പ്രവർത്തിക്കുന്നത്. ഇതിൽ ഉഴവൂർ ചന്ത ആഴ്ചയിൽ ഒരു ദിവസവും മോനിപ്പള്ളി ചന്ത ആഴ്ചയിൽ രണ്ടു ദിവസവും പ്രവർത്തിച്ചു വരുന്നു. റബ്ബർ, ഇഞ്ചി, കുരുമുളക് തുടങ്ങിയ കാർഷിക വിളകളുടെയും, നിത്യോപയോഗ സാധനങ്ങളുടെയും വ്യാപാരം ഈ മാർക്കറ്റു വഴിയാണ് നടക്കുന്നത്. ആയിരക്കണക്കിനാളുകളുടെ ആവശ്യങ്ങൾ ഇവ വഴിയാണ് നടക്കുന്നത്. എന്നാൽ പല പ്രശ്നങ്ങളും ഈ മാർക്കറ്റുകളുടെ വളർച്ചയ്ക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. ഉഴവൂർ മോനിപ്പള്ളി ഈ രണ്ടു മാർക്കറ്റുകളിലും പ്രത്യേകം കശാപ്പു ശാലകൾ ഇല്ല. ഉഴവൂർ മാർക്കറ്റിൽ തന്നെ പ്രതിവർഷം 3000ൽ പരം ഉരുക്കളെ കശാപ്പു ചെയ്യുന്നുണ്ട്.

2. മാർക്കറ്റിലെ സ്റ്റാളുകൾ പ്ലാനനുസരിച്ച് നിർമ്മിക്കായ്കയാൽ സ്ഥലസൗകര്യമില്ല.

3. കച്ചവടക്കാർക്കും സാധനങ്ങൾക്കും സ്റ്റോക്കു ചെയ്യുവയ്ക്കുവാൻ പറ്റിയ കെട്ടിട സൗകര്യമില്ല.

4. മാംസവും മത്സ്യവും വൃത്തിഹീനമായ സാഹചര്യങ്ങളിലാണ് വിൽക്കപ്പെടുന്നത്.

5. മാർക്കറ്റുകൾ വൃത്തിയായി സൂക്ഷിക്കാത്തതുകൊണ്ട് ദുർഗ്ഗന്ധം ചുറ്റുപാടും വ്യാപിച്ചിരിക്കുന്നു.

6. രണ്ടു മാർക്കറ്റുകളിലും സാനിട്ടേഷൻ സൗകര്യം ഇല്ലാത്തതുമൂലം വെയിസ്റ്റ് നിക്ഷേപിക്കാൻ സാധിക്കുന്നില്ല. ഇത് പൊതുജനാരോഗ്യത്തിന് ഒരു ഭീഷണി ആയിരിക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1. മത്സ്യം മാംസം എന്നിവയ്ക്ക് പ്രത്യേകമായി മാർക്കറ്റുകൾ നിർമ്മിക്കുക.

2. സ്റ്റോളുകൾ ഒരു പ്ലാനനുസരിച്ച് പുനർനിർമ്മിച്ച് കൂടുതൽ സ്ഥലസൗകര്യം ഉണ്ടാക്കുക.

3. രണ്ടു മാർക്കറ്റുകളിലും ജലവിതരണം നടത്തുകയും ജല നിർഗ്ഗമനത്തിന് ഓട ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.

4. ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ നിർമ്മിക്കുക.

5. അവിടവിടെ വേസ്റ്റു ബോക്സുകൾ സ്ഥാപിച്ച് വേസ്റ്റ് അതിൽതന്നെ നിക്ഷേപിക്കാനും അവ വളമായി മാറ്റാനും വേണ്ട ഏർപ്പാടുകൾ ചെയ്യുക.

6. മാർക്കറ്റ് രണ്ടും ടാർ ചെയ്ത് വൃത്തിയായി സൂക്ഷിക്കുക.

7. മാർക്കറ്റിനോട് ചേർന്ന് പൊതു കക്കൂസ് നിർമ്മിക്കുകയും അവയ്ക്ക് ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക.

8. മാർക്കറ്റിലെ ക്രവിക്രയങ്ങൾക്കുള്ള നികുതി കാലാനുസൃതവും യുക്തിസഹവും ആക്കി തീർക്കുക.

9. ന്യായമായ വിലയ്ക്ക് ആളുകൾക്ക് സാധനങ്ങൾ ലഭിയ്ക്കത്തക്കവിധം കൂടുതൽ ന്യായ വിലക്കടകൾ തുറക്കുക.

10. മോനിപ്പിള്ളി മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഒരു ശാഖ ഉഴവൂരുകൂടി തുറന്ന് അതിന്റെ പ്രവർത്തനം കൂടുതൽ വ്യാപകമാക്കണം.

V (5) കുടിവെള്ളം പൊതുജനാരോഗ്യം

ഉഴവൂർ പഞ്ചായത്തിലെ ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കുടിവെള്ള ക്ഷാമമാണ്. ജനുവരി മാസത്തോടെ മിക്ക കിണറുകളും വറ്റിത്തുടങ്ങുന്നു. ഏതാണ്ട് 80 ശതമാനത്തോളം കിണറുകൾ ഫെബ്രുവരി മുതൽ നാലുമാസത്തേക്ക് ജലരഹിതമാണ്. ബാക്കിയുള്ളവയിൽ ജലവിതാനം താഴ്ന്ന് ഒരു വീടിനുപോലും തികയാത്ത അവസ്ഥയിലെത്തുന്നു. ചെരിവുപ്രദേശങ്ങൾ കൊണ്ടും പാറക്കെട്ടുകൾകൊണ്ടും നിറഞ്ഞതാണ് ഉഴവൂർ പഞ്ചായത്ത്. ആയതിനാൽ ആവശ്യത്തിനുള്ള ശുദ്ധജല ഉറവിടം ലഭിക്കാതെ പോകുന്നു. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്ത് ഭാരവാഹികൾ അത്യദ്ധ്വാനം ചെയ്യുന്നുണ്ടെങ്കിലും ഫലപ്രദമായ നടപടികൾ കൈക്കൊള്ളുവാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ 3880 വീടുകളിലായി 18092 ആളുകൾ പാർക്കുന്നു. മനുഷ്യരെപ്പോലെതന്നെ വളർത്തുമൃഗങ്ങൾക്കും ശുദ്ധജലം ആവശ്യമാണ്. അപ്പോൾ ഭീമമായ ഒരളവിൽ വെള്ളമുണ്ടെങ്കിൽ മാത്രമേ ഒരു ദിവസത്തെ ഉപയോഗത്തിന് തികയുകയുള്ള. ഉഴവൂർ പഞ്ചായത്തിൽ രണ്ടു സപ്ലൈ സ്കീമുകളാണ് വാട്ടർ അതോറിറ്റി നടപ്പാക്കിയിട്ടുള്ളത്. അതിൽ ഒന്ന് 1996-ൽ M.N.P.യിൽപ്പെടുത്തി ഉഴവൂർ കുരിശുപള്ളി കവലയിൽ ആരംഭിച്ച റൂറൽ വാട്ടർ സപ്ലൈ സ്കീം. ഏകദേശം 3100 പേർക്ക് ഉപകാരപ്രദമാകുന്നതിനുവേണ്ടിയാണ് ഇത് രൂപകല്പന നടത്തിയിരുന്നത്. എന്നാൽ 2000 ത്തോളം പേർക്കേ അതിൽനിന്ന് പ്രയോജനം കിട്ടുന്നുള്ളൂ എന്നാണ് വാട്ടർ അതോറിട്ടി കണക്ക്. കുരിശുപള്ളിക്കയിലുള്ള കിണറ്റിൽ നിന്നും 30 H.P. പമ്പുസെറ്റ് ഉപയോഗിച്ച് 1.5 കിലോമീറ്റർ അകലെ കാക്കനാട്ടു കുന്നിൽ സ്ഥിതിചെയ്യുന്ന 8000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിലേക്ക് പമ്പു ചെയ്യുന്നു. പ്രാരംഭത്തിൽ 6 കിലോമീറ്ററോളം വിവിധ വ്യാസങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 18 ഓളം ടാപ്പുകളിൽ കൂടി ജലവിതരണം നടത്തിയിരുന്നു. കാലപ്പഴക്കം കൊണ്ട് പൈപ്പുലൈനുകളിൽ ഏറിയ ഭാഗവും കേടുപാടുകൾ സംഭവിച്ചതിനാൽ നാലു ടാപ്പുകളിൽ കൂടി മാത്രമേ ജലവിതരണമുള്ളൂ. പൈപ്പുകൾ പലഭാഗത്തുനിന്നും പൊട്ടിയൊഴുകുന്നു. വേനൽക്കാലത്ത് കിണർ വറ്റുന്നു. കിണറ്റിലെ ഉള്ള വെള്ളം ഇരുമ്പിന്റെ അംശം ഉള്ളതിനാൽ കുടിക്കുന്നതിനും യോഗ്യമല്ല. അറ്റകുറ്റപ്പണികൾ സമയത്ത് നടത്താത്തതിനാൽ ഫലത്തിൽ ഈ സ്കീം കൊണ്ട് ആർക്കും പ്രയോജനം ലഭിക്കുന്നില്ല.

രണ്ടാമത്തെ സ്കീം ഉഴവൂർ ടൗണിൽ നിന്നും നാലു കിലോമീറ്റർ അകലെ ഇടക്കോലിയിൽ ആരംഭിച്ചിട്ടുള്ള മിനി വാട്ടർ സപ്ലൈ സ്കീമാണ്. കുഴൽകിണറ്റിലെ വെള്ളം ഇടക്കോലിമലയിലുള്ള ടാങ്കിൽ സംഭരിച്ച് വിതരണം ചെയ്യുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ളതാണ്. മാസങ്ങൾക്കു മുൻപ് പമ്പിംഗ് ആരംഭിച്ചെങ്കിലും ശരിയായ രീതിയിൽ ജലവിതരണം നാളിതുവരെ നടന്നിട്ടില്ല. കുഴൽകിണറ്റിലെ വെള്ളത്തിന്റെ ലഭ്യതയനുസരിച്ച് മാത്രമേ സ്കീമിന്റെ വിപുലീകരണത്തേപ്പറ്റി തീരുമാനിക്കുവാൻ കഴിയുകയുള്ളു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹാൻഡ് പമ്പുകളോടുകൂടിയ കുഴൽ കിണറുകൾ ഉണ്ടെങ്കിലും പലതും പ്രയോജനപ്രദമല്ല. വേനൽക്കാലത്ത് ശുദ്ധജലം പഞ്ചായത്തിൽ നിന്നും ടാങ്കറുകൾ വഴി വിവിധ വാർഡുകളിലെ സൂചിത കേന്ദ്രങ്ങളിൽ എത്തിച്ച് വിതരണം ചെയ്യുന്നുണ്ടെങ്കിലും ആവശ്യത്തിന് തികയുന്നില്ല.

പരിഹാരമാർഗ്ഗങ്ങൾ

1. ഭൂമിയിൽ ജലം സംഭരിച്ചു നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കിണറിനു ചുറ്റും കുഴികൾ താഴ്ത്തി മഴവെള്ളം ഭൂമിയിൽ നിലനിർത്തുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുക.
2. തോടുകളിൽ തടയണ നിർമ്മിക്കുക.
3. കുളങ്ങൾ ആവശ്യാനുസരണം ഉണ്ടാക്കുക.
4. കൂടുതൽ ജലം ലഭിക്കുന്ന കുളങ്ങളിലും കിണറുകളിലും പമ്പുസെറ്റുകൾ സ്ഥാപിച്ച് ജലവിതരണം ചെയ്യുക.
5. തിരഞ്ഞെടുക്കാവുന്ന ചില നിർദ്ദേശങ്ങൾ

   മോനിപ്പള്ളിഭാഗത്തു കൂടി കടന്നു പോകുന്ന M.V.I.P. കനാലിൽ നിന്നും വെള്ളം ശേഖ

രിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുക. പ്രസ്തുത കനാലിന്റെ ഒരു ശാഖ ഉഴവൂർ ഭാഗത്തേക്ക് കൊണ്ടുവരിക.

നിർദ്ദിഷ്ട പിറവം പദ്ധതി നടപ്പിലാക്കുക.

മലങ്കര ഡാമിൽ നിന്നും പ്രതിദിനം ദശലക്ഷത്തിൽ പരം ഘനയടി വെള്ളം തൊടുപുഴയാറ്റിൽ കൂടി ഒഴുക്കി വിടുന്നുണ്ട്. ഇടുക്കി, കോട്ടയം, എറണാകുളം ജില്ലകളിലെ പല പഞ്ചായത്തുകളിലും പ്രയോജനപ്പെടേണ്ട വെള്ളം ഇന്ന് പാഴായി പോവുകയാണ്. മലങ്കരഡാമിലെ വെള്ളം ഉപയോഗിച്ച് ശുദ്ധജലവിതരണ പദ്ധതി ആവിഷ്ക്കരിക്കുന്നതിന് സമീപ പഞ്ചായത്തുകൾ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഉഴവൂർ പഞ്ചായത്തും ഇതിൽ ഉൾപ്പെട്ട് പദ്ധതി നടത്തണം.

പതിനഞ്ചു വർഷം മുൻപ് ആരംഭിച്ച് എസ്റ്റിമേറ്റും പ്ലാനും പൂർത്തിയാക്കി വെച്ച കോമ്പർഹെൻസീവു വാട്ടർ സപ്ലൈ സ്കീം വെളിയന്നൂർ ആന്റ് അഡ്ജോയിനിംഗ് വില്ലേജസ് എന്ന ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കുക. ജലദൗർലഭ്യം കൂടുതലുള്ള പൊയ്യാനിമല, തടിയിൽ ഭാഗം, ആല്പാറ, തുരുത്തിമല, കാക്കനാട്ടുകുന്ന്, പുല്പാറ, കലാമുകുളം, കല്ലട ഭാഗം, നെടുമ്പാറ, ഉഴവൂർ ഈസ്റ്റ്, മുപ്രാപ്പിള്ളി മല, ചേറ്റുകുളം, കൈമാറിഭാഗം, ആച്ചിക്കൽ, ചുരന്നാൽപാറ, മണിയാക്കുപാറ, കുന്നക്കാട്ടുമല, നെടുമ്പാറപ്പുറം, പയസ്മൗണ്ട്, കടുക്കപ്പാറ, മീമ്പാന്താനം, മുതുകുളംമല, ചേമ്പാല ഭാഗം, നീരുരുട്ടിഭാഗം, മേലരീക്കര വെട്ടം, കണ്ണോത്തുകുളം, കരുനെച്ചി കുന്നുംപുറം ഭാഗം, കപ്പുകാലാഭാഗം തുടങ്ങിയ ഭാഗങ്ങളിൽ ശുദ്ധജലമെത്തിയ്ക്കാൻ നടപടികൾ സ്വീകരിക്കുക.

6. മിനി വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പിലാക്കുക.

7. ശുദ്ധജല ദുർവിനിയോഗം തടയുക.

8. ജലം സുലഭമായ തോട്ടുപുറമ്പോക്കുകൾ അന്യാധീനപ്പെടാതെ പഞ്ചായത്ത് ഏറ്റെടുത്ത് കിണറുകൾ കുഴിക്കുക.

9. കുടിവെള്ളത്തിന്റെ വിതരണ ചുമതല പഞ്ചായത്തിനെ ഏല്പിക്കുക.

10. ഇപ്പോൾ കുടിവെള്ളത്തിന് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ സിമിന്റ് ടാങ്കുകൾ നിർമ്മിച്ച് വെള്ളം ടാങ്കർ ലോറികളിൽ എത്തിച്ചുകൊടുക്കണം.

11. ഏഴാം വാർഡിൽ നെടുമ്പാറ, ആനക്കല്ല്, കളരിയ്ക്കൽ എന്നീ ഭാഗങ്ങളിൽ വാഹനങ്ങൾ നിർബാധം സഞ്ചരിക്കുവാൻ നിവൃത്തിയില്ലാത്ത സ്ഥലമായതുകൊണ്ട് ഇപ്പോൾ ആറാംവാർഡിലുള്ള കണിച്ചുവയൽ നിലത്തിൽ കുത്തിയിട്ടുള്ള കിഴക്കേക്കര പഞ്ചായത്ത് കിണർ കുളമാക്കി വികസിപ്പിച്ചെടുത്ത് കാക്കനാട്ടുകുന്നിൽ അല്പം കൂടി ഉയരത്തിൽ ടാങ്ക് പണിത് വെള്ളം പമ്പുചെയ്താൽ ഏഴാം വാർഡിൽ മൊത്തമായും കുടിവെള്ളം എത്തിക്കുവാൻ സാധിയ്ക്കും. ഇതിനു ചുരുങ്ങിയ തുക ചെലവുചെയ്താൽ മതിയാവുന്നതാണ്.

12. ഒമ്പതാം വാർഡിൽ നെല്ലാമറ്റം ഭാഗത്ത് കുളം കുഴിച്ച്, വെള്ളം പമ്പ് ചെയ്ത്, കുന്നപ്പിള്ളി മലയിൽ ടാങ്ക് നിർമ്മിച്ച് സംഭരിച്ച് വിതരണം ചെയ്താൽ ടി വാർഡിലെ പകുതി ഭാഗം ജനങ്ങളുടേയും കുടിവെള്ള ക്ഷാമം പരിഹരിക്കാം.

13. ജലം സുലഭമായുള്ള മോനിപ്പള്ളി 4-ാം വാർഡിലെ നെടിയാനിക്കുഴി ഭാഗം തോട്ടുപുറമ്പോക്കിൽ കുളം തീർത്ത് പമ്പ് ചെയ്താൽ നെടുമ്പാറപ്പുറം, കപ്പട ഭാഗങ്ങളിലെ 100ലധികം വീടുകൾക്ക് കുടിവെള്ളം കിട്ടും.

കുടിവെള്ള കിണറുകൾ

No.	Ward	പേര്	Area	പ്രശ്നങ്ങൾ
1.	I	പറുദീസാ കോളനി	1.5 സെന്റ്	വെള്ളം വറ്റുന്നു.
2.	I	മാനാനി കിണർ	1.5 സെന്റ്	വെള്ളം വറ്റുന്നു.
3.	I	ഹരിജൻ കോളനി കിണർ 1	1.5 സെന്റ്	ഡിസംബറിൽ വറ്റുന്നു.
4.	I	ഹരിജൻ കോളനി കിണർ 2	1.5 സെന്റ്	ജനുവരി മാസത്തിൽ വെള്ളം വറ്റുന്നു.
5.	II	മുതുകുളം കിണർ	1.5 സെന്റ്	അരുചിയാണ്.
6.	II	സാംസ്കാരികനിലയം കിണർ	3 സെന്റ്	കിണർ താഴ്ച കുറവാണ്
7.	II	ചേമ്പാലയിൽ കിണർ	2.5 സെന്റ്	ജലം സുലഭമാണ് പമ്പിംഗ് സൗകര്യമില്ല
8.	II	സർവ്വോദയം കോളനി കിണർ	2 സെന്റ്	ഏപ്രിൽ മാസത്തിൽ ജലം വറ്റുന്നു.
9.	II	കല്ലാറ്റുകിണർ	1 സെന്റ്	താഴ്ത്തി സൈഡ് കെട്ടണം.
10.	II	കൊള്ളിയിൽ കിണർ	1 സെന്റ്	റോഡ് സൈഡിൽ കിണർ താഴ്ത്തി വലുതാക്കി കെട്ടിയിട്ടില്ല.
11.	II	കറ്റനാനി കോളനി കിണർ	1.5 സെന്റ്	
12.	II	മുതുകുളം കിണർ	1 സെന്റ്	അടിയിൽ പാറയാണ്
13.	III	കുഴുപ്പിൽ കിണർ	1 സെന്റ്	ചുറ്റുപാദകം തകർന്ന് കിടക്കുന്നു
14.	III	കുടക്കപ്പാറ കോളനി കിണർ	2 സെന്റ്	ഫെബ്രുവരി മാസത്തോടെ ജലം വറ്റുന്നു. വെള്ളം സുലഭം. താഴ്ത്തി സൈഡ് കെട്ടണം.
15.	III	കുടുക്കപ്പാറ കിണർ I	1.5 സെന്റ്	ഫെബ്രുവരി മാർച്ചിൽ ജലം വറ്റുന്നു.
16.	III	കുടക്കപ്പാറ കിണർ II	1.5 സെന്റ്	അടി പാറയാണ്.
17.	III	ചേറ്റുകുളം കോളനി കിണർ	1 .5 സെന്റ്	പാറ പൊട്ടിച്ച് താഴ്ത്തണം
18.	III	ഗവ.എൽ.പി.സ്കൂൾ കിണർ	1.5 സെന്റ്	വെള്ളം സുലഭമാണ്. പമ്പും ടാങ്കും വേണം.
19.	III	കുഴുപ്പിൽ കിണർ	2 സെന്റ്	പാദകം നന്നാക്കണം. പമ്പ് ചെയ്താൽ കുടക്കപ്പാറയിൽ വെള്ളമെത്തും
20.	III	മഞ്ഞപ്പിള്ളി കിണർ	1 സെന്റ്	ജലം സുലഭമല്ല.
21.	IV	N.S.S. ഗവ. എൽ.പി. സ്കൂൾ	1.5 സെന്റ്	വെള്ളം വറ്റുന്നു. അടി പാറയാണ്.
22.	IV	വിലങ്ങപ്പാറ M.P. കിണർ	5 സെന്റ്	സൈഡ് കെട്ട് പൂർത്തിയാക്കി പമ്പ് ചെയ്താൽ ചുരണാപ്പാറ കോളനിയിൽ ജലമെത്തും

23.	IV	മണിയാക്കുപാറ കോളനി കിണർ	1.5 സെന്റ്	ജലം ലഭ്യമാണ്
24.	IV	കുയിലംപാറ കിണർ	1.5 സെന്റ്	വലുതാക്കി താഴ്ത്തിയാൽ ജലം ലഭ്യമാണ്.
25.	V	ചേർക്കുഴി ഇരട്ട കിണർ	1.5 സെന്റ്	
26.	V	കാവുകാട്ട് കിണർ	2 സെന്റ്	അപ്രോച്ച് റോഡില്ല
27.	V	ചിറയിൽ കിണർ I	1 സെന്റ്	അടിത്തട്ടിൽ പാറയാണ് താഴ്ത്തിയാൽ കൂടുതൽ ജലം ലഭ്യമാണ്.
28.	V	ചിറയിൽ കിണർ II	1 സെന്റ്	കുളത്തിനോടുചേർന്ന് കുത്തിയിരിക്കുന്നു.
29.	V	മാങ്കാനാൽ കിണർ I	1 സെന്റ്	തോട്ടുപുറമ്പോക്കിനോടു ചേർന്നു സ്ഥിതിചെയ്യുന്നതിനാൽ ജലം കലങ്ങുന്നു.
30.	V	മാങ്കാനാൽ കിണർ II	1.5 സെന്റ്	റോഡു പുറമ്പോക്കിലാണ്
31.	V	കാവുകാട്ടുകുളം കിണർ	1 സെന്റ്	വേനൽക്കാലത്ത് ജലം പമ്പു ചെയ്യു ലോറിയിൽ കൊണ്ടുപോകുവാൻ അപ്രോച്ച് റോഡ് നിർമ്മിക്കണം.
32.	VI	കുരിക്കാട്ടു ഭാഗം കിണർ	1.5 സെന്റ്	റോഡില്ല. പ്ലാറ്റ്ഫോം ഇടിഞ്ഞിരിക്കുന്നു.
33.	VI	കൊപ്രാകുളം കിണർ	1.5 സെന്റ്	ആഴം കൂട്ടണം
34.	VI	കിഴക്കേക്കര ഭാഗം കിണർ	1.5 സെന്റ്	റോഡില്ല
35.	VI	വള്ളിപ്പടവ് കിണർ	1.5 സെന്റ്	ജലം സുലഭമല്ല
36.	VI	ഇടക്കോലി പള്ളി ഭാഗം കിണർ	1.5 സെന്റ്	ആഴം കൂട്ടണം
37.	VI	ചുഴലിമറ്റം കിണർ	1.5 സെന്റ്	ജലം വിനിയോഗിക്കുന്നില്ല. വലുതാക്കിയാൽ VI-ാം വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.
38.	VII	ഓലിക്കൽ കിണർ	1.5 സെന്റ്	വെള്ളം സുലഭമല്ല
39.	VII	കൈപ്പുങ്കൽ കിണർ	1.5 സെന്റ്	അടിത്തട്ട് പാറയാണ്.
40.	VII	എക്കാലയിൽ കിണർ	1.5 സെന്റ്	കലങ്ങിയ വെള്ളമാണ്.
41.	VIII	ചേറ്റുകുളം കിണർ	1.5 സെന്റ്	ചുറ്റുമതിൽ ഇല്ല. ആഴം കുറവാണ്
42.	VIII	കരിനെച്ചി പഞ്ചായത്ത് കിണർ	1 സെന്റ്	സൈഡുകെട്ട് ഇടിഞ്ഞു കിടക്കുന്നു.
43.	IX	ലക്ഷംവീട് കോളനി കിണർ	1.5 സെന്റ്	ജനുവരി മാസത്തോടെ ജലം വറ്റുന്നു. അടി പാറയാണ്. ആഴം കൂട്ടണം.

കുഴൽ കിണറുകൾ

N0.	Ward	പേര്	പ്രശ്നങ്ങൾ
1	I	നിരപ്പുംപുറം കുഴൽകിണർ	ജലം കുറവാണ് മാർച്ചിൽ വറ്റുന്നു.
2.	I	കപ്പിലാം ചുവട് കുഴൽകിണർ	
3.	II	മുതുകുളംമല കുഴൽകിണർ	ജലം ധാരാളം, ഇരുമ്പ് രുചി, പരിഹരിച്ച് പമ്പ് ചെയ്യണം.
4.	VI	മണ്ണാർ മറ്റം കുഴൽകിണർ	അരുചിയാണ്
5.	VI	കണ്ടത്തിൽ കുഴൽകിണർ	കുടിവെള്ളത്തിന് യോജിച്ചതല്ല.
6.	VII	മുടക്കാലിൽ കുഴൽകിണർ	ജലം അരുചിയാണ്
7.	VII	നെടുംപിള്ളി കുഴൽകിണർ	ജലം അരുചിയാണ്.
8.	VIII	ചേറ്റുകുളം കുഴൽകിണർ	
9.	IX	നീരിട്ടി കുഴൽകിണർ	ജലലഭ്യത കുറവാണ്
10.	IX	കല്ലുംപുറം കുഴൽ കിണർ	കുടിവെള്ളത്തിന് യോജിച്ചതല്ല.

പൊതുജനാരോഗ്യം

കുടിവെള്ളവുമായി അഭേദ്യബന്ധമുള്ള ഒരു വിഷയമാണല്ലോ പൊതുജനാരോഗ്യം. നമ്മുടെ ആരോഗ്യത്തിന്റെ നിലവാരമനുസരിച്ചാണ് ഒരു വ്യക്തിയുടെ ആയുസ്സിന്റെ ദൈർഘ്യം നിലകൊള്ളുന്നത്. ആയതിനാൽ ആരോഗ്യത്തിലും നമുക്ക് നല്ലൊരു പങ്ക് നിർവ്വഹിക്കാനുണ്ട്. പൊതുജനാരോഗ്യത്തിന് വിഘാതമായി നിൽക്കുന്ന കാര്യങ്ങളെപ്പറ്റി ആദ്യമായി ചിന്തിച്ച് വിലയിരുത്താം.

1. നമ്മുടെ തോടുകളിൽ ഒഴുകിയെത്തുന്ന മഴവെള്ളം പുറംപോക്കിൽ താമസിക്കുന്നവരുടെയും മറ്റും വീട് പരിസരങ്ങളിലൂടെ കടന്നുവരുന്നതിനാൽ തുറസ്സായ സ്ഥലങ്ങളിലെ മലവിസർജനം മൂലം ജലം മലിനമാകുകയും ആ ജലം തോടുകളിലൂടെ ഒഴുകി പൊതുജനങ്ങൾക്ക് ഹാനികരമായിത്തീരുകയും ചെയ്യുന്നു.

2. തോടുകൾ മലവിസർജനത്തിനും ശൗചക്രിയകൾക്കുമായി ഉപയോഗിക്കുന്നു. അഴുക്കുചാലുകൾ നീരൊഴുക്കുകളിലേക്ക് തുറന്നു വിടുന്നു.

3. ടൗൺ പ്രദേശത്തുള്ള കച്ചവടക്കാർ അവശിഷ്ടങ്ങൾ തോടുകളിലും ഓടകളിലും നിക്ഷേപിച്ച് കുന്നുകൂടുന്നത് ദോഷഫലം ചെയ്യുന്നു.

4. ഹോട്ടൽ, മാർക്കറ്റ്, പൊതുവിപണനകേന്ദ്രങ്ങൾ എന്നിവ ശുചിയായി സൂക്ഷിക്കുന്നില്ല. കൊതുക്, ഈച്ച തുടങ്ങിയ രോഗാണു സംവാഹിനികളെ വളർത്തിയെടുക്കാൻ അത് സഹായിക്കുന്നു.

5. പൊതുസ്ഥലങ്ങൾ വൃത്തിയാക്കുമ്പോൾ കിട്ടുന്ന ചപ്പുചവറുകൾ പൊതുനിരത്തുകളുടെ പരിസരങ്ങളിൽ കുന്നുകൂടി കിടക്കാൻ അനുവദിക്കുന്നത് അന്തരീക്ഷ മലിനീകരണത്തിനും രോഗാണുവർദ്ധനവിനും കാരണമാകുന്നു.

6. രോഗികളെ കിടത്തി ചികിത്സിക്കുന്ന ആശുപത്രികളിലെ ഉപകരണങ്ങളുടെ ഗുണനിലവാരം, ഔഷധങ്ങളുടെ വില നിലവാരം തുടങ്ങിയ ഘടകങ്ങൾ മനുഷ്യന്റെ ശരീരത്തേയും മനസ്സിനെയും പലപ്പോഴും പ്രതികൂലമായി ബാധിക്കുന്നു.

8. മാരകമായ നിലവധി രോഗങ്ങളാൽ കഷ്ടപ്പെടുന്ന രോഗികൾക്ക് യഥാസമയം ചികിത്സകിട്ടുവാൻ സൗകര്യങ്ങളില്ല. ഈ പഞ്ചായത്തിൽ കിടത്തി ചികിത്സിക്കുവാൻ ആരോഗ്യകേന്ദ്രങ്ങളായി സർക്കാർ സ്ഥാപിതമായ ഉഴവൂരെ P.H. സെന്ററും, പ്രൈവറ്റ് സ്ഥാപനങ്ങളായ പൗർണ്ണമി ഹോസ്പിറ്റൽ, മെഡി കെയർ ഹോസ്പിറ്റൽ, മോനിപ്പിള്ളിയിൽ MUM ഹോസ്പിറ്റൽ എന്നിവയും മാത്രമെ ഉള്ളു. മോനിപ്പിള്ളി ഭാഗത്ത് ഒരു ഹോമിയോ ആശുപത്രിയും പ്രൈവറ്റ് ആയൂർവ്വേദ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ഇവയിലൊന്നിലും ശരിയായ ചികിത്സാ സൗര്യങ്ങളില്ല. ഡോക്ടർമാർ, നേഴ്സുമാർ, മറ്റ് ഉദ്യോഗസ്ഥൻമാർ എന്നിവരുടെ സംഖ്യാതാരതമ്യേന കുറവാണ്. രോഗനിർണ്ണയം സുസാദ്ധ്യമാകുന്നതിനുള്ള ആധുനിക ഉപകരണങ്ങളും വിരളമാണ്.

9. ഈ പ്രദേശത്ത് തീരാവ്യാധികളായി നിലനിൽക്കുന്ന മലമ്പനി, ക്ഷയം, തിമിരം, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾക്ക് ഫലപ്രദമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ല.

10. കശാപ്പുശാലകളിൽ നിന്നും ലഭിക്കുന്ന മാംസം ഉത്തമവും, ഗുണനിലവാരമുള്ളതും, രോഗവിമുക്തമായതും ആണോ എന്നും മനസ്സിലാക്കുവാൻ ഉപാധികളൊന്നും നിലവിലില്ല.

11. മദ്യപാനം, പുകവലി, തഴക്കദോഷ ജന്യമായ മറ്റു വസ്തുക്കളുടെ ഉപഭോഗം എന്നിവ വർദ്ധിപ്പിക്കുന്നു. ഇങ്ങനെ ഗൗരവങ്ങളും നിസ്സാരങ്ങളുമായ നിരവധി കാരണങ്ങൾ മനുഷ്യന്റെ ആരോഗ്യത്തിനും വിലങ്ങുതടിയായി നിലനിൽക്കുമ്പോൾ നാമതിനെ കാണാതെയും കണ്ടില്ലെന്നും നടിച്ചും നിവൃത്തികേടുകൊണ്ട് ഉള്ളത് മതിയെന്നും തൃപ്തിപ്പെട്ടും കഴിയുന്ന നമ്മുടെ നിസ്സഹായവസ്ഥ വരുത്തിവയ്ക്കുന്നതോ, പല കുടുംബങ്ങളിലെയും, അകാല മൃത്യുവും. വൈധവ്യവും, ഒക്കെയാണ് നമുക്ക് ചിന്തിച്ച് തീരുമാനമെടുക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.

ഫലപ്രദമായ പരിഹാരമാർഗ്ഗങ്ങൾ

1. നമ്മുടെ നാട്ടിൽ കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കാനുപയുക്തമായ ഗവ:ആശുപത്രികൾ-അലോപ്പതി, ഹോമിയോ എന്നിവ കുറ്റമറ്റതാക്കുക. ഒരു ഗവ:ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക.

2. കക്കൂസുകൾ എല്ലാ വീടുകളിലും ഉണ്ടാക്കാൻ ശ്രമിക്കുക പന്നി കക്കൂസുകൾ നിർത്തലാക്കു

കയും സെപ്റ്റിക് കക്കൂസുകൾ നിർമ്മിക്കാൻ ബോധവല്ക്കരിക്കുകയും ചെയ്യും.

3. അഴുക്കും ജലവും ചപ്പുചവറുകളും പൊതുജനങ്ങൾ ഉപയോഗിക്കുന്ന തോട്, കുളം എന്നിവയിൽ വീഴാൻ അനുവദിക്കരുത്. ചപ്പുചവറുകൾ നിക്ഷേപിക്കാൻ പ്രത്യേകം കൂടകൾ സംഘടിപ്പിക്കുക.

4. പൊതുജനങ്ങൾ കയറിയിറങ്ങുന്ന ഹോട്ടൽ മാർക്കറ്റ്, മറ്റു പൊതുസ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവ ശുചിയായി സൂക്ഷിക്കുകയും അതിനുള്ള ചെക്കിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യുക.

5. പൊതുജനാരോഗ്യത്തിന് വിധ്വംസനം നടത്തുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ശിക്ഷ നൽകുവാൻ വ്യവസ്ഥ ചെയ്യുക.

6. ഇപ്പോഴുള്ള ഫാമിലി വെൽഫെയർ സെന്ററിൽ ആഴ്ചയിൽ രണ്ടു പ്രാവശ്യം ഡോക്ടർമാർ സന്ദർശിച്ചു ചികിത്സ നടത്തുക.

7. കശാപ്പുശാലകളിൽ കശാപ്പു ചെയ്യപ്പെടുന്ന മൃഗങ്ങളെ പരിശോധിച്ചു ആരോഗ്യത്തിനു ഹാനികരമല്ലാത്തതിനെ തിട്ടപ്പെടുത്താൻ ഡോക്ടർമാരെ നിയോഗിക്കുക.

8. കൊതുക് ഈച്ച, മൂട്ട, എലി തുടങ്ങിയ രോഗാണുസംവാഹകരെ നശിപ്പിക്കാൻ തീവ്രയത്ന പരിപാടികൾ ആസൂത്രണം ചെയ്യുക. അഴുക്കുജലം കെട്ടിക്കിടക്കാതെയും ചീഞ്ഞളിഞ്ഞ സാധനങ്ങൾ പൊതുസ്ഥലങ്ങളിൽ കാണപ്പെടാതെയും ശ്രദ്ധിക്കുക.

9. പബ്ലിക്ക് കംഫർട്ട് സൗകര്യങ്ങൾ ഏർപ്പെടുത്തുക.

10. വെയിറ്റിംഗ് ഷെഡ്ഡുകൾ വൃത്തിയാക്കി വെക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

11. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കൾ മറ്റു മൃഗങ്ങൾ എന്നിവയെ നശിപ്പിക്കുകയും പേവിഷബാധ ഉണ്ടാകാതെ മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവയ്പുകൾ നടത്തുകയും ചെയ്യുക. എലികളെ നശിപ്പിക്കാനുള്ള തീവ്രയത്ന പരിപാടി സംഘടിപ്പിക്കുക.

12. ഹെൽത്ത് ഇൻസ്പെക്ടർ പരിശോധന നടത്തി ആഹാരസാധനങ്ങളിൽ മായമോ വിഷാംശമോ ഇല്ലെന്ന് തീർച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുക.

13. ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്ന് ഉദ്യോഗസ്ഥന്മാരെ പരിശോധനക്കായി ഭവനങ്ങൾതോറും അയച്ച് ആരോഗ്യപരിപാലനങ്ങൾക്കുള്ള നടപടി സ്വീകരിക്കുക. ശുദ്ധജലശ്രോതസ്സുകളിൽ ക്ലോറിൻ തുടങ്ങിയ അണുനാശിനികൾ തളിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

14. ഹെൽത്ത് സെന്ററുകളിൽ ഉദ്യോഗസ്ഥർ സ്ഥിരമായി പ്രവർത്തിക്കാതെ നടപടികൾ കൈക്കൊള്ളുക. ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക.

15. ശിശുക്കൾ വൃദ്ധജനങ്ങൾ എന്നിവർക്ക് പ്രത്യേക ശുശ്രൂഷാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

16. അന്തരീക്ഷമലിനീകരണം പരിസര മലിനീകരണം തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ നടപടികൾ സ്വീകരിക്കുക.

17. തുറസ്സായ സ്ഥലങ്ങളിൽ ഭക്ഷണ സാധനങ്ങൾ വിൽക്കുന്നതു നിരോധിക്കുക.

18. Health is Wealth എന്ന ആശയം പരമാവധി പ്രചരിപ്പിക്കുവാനുള്ള വിവിധ മാധ്യമങ്ങളുടെ സഹായം തേടുക.

20. യോഗാഭ്യാസം, ജിംനേഷ്യം, നീന്തൽ പരിശീലന കേന്ദ്രങ്ങൾ കളിസ്ഥലങ്ങൾ മുതലായ ആരോഗ്യപരിപാലന പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക. ഇങ്ങനെ സംഘടിച്ചും ഒറ്റപ്പെട്ട പ്രവൃത്തികൾ വഴിയും നമ്മുടെ നാടിന്റെ പൊതുജനാരോഗ്യം വർദ്ധിപ്പിക്കാൻ നമുക്കു കഴിയണം. ഈ ആവശ്യങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെണമെങ്കിൽ അതിനുള്ള തുക നാം നീക്കിവയ്ക്കണം. വികസന പ്രവർത്തനങ്ങൾക്ക് അവശ്യം ആവശ്യമായ പൊതുജനാരോഗ്യം പാലിക്കണമെങ്കിൽ ന്യായമായ തുക ബഡ്ജറ്റിൽ കൊള്ളിക്കണം. 40 കോടി രൂപയെങ്കിലും ഈ ആവശ്യങ്ങൾക്കായി അടുത്ത പഞ്ചവത്സര പദ്ധതിയിൽ ഉൾക്കൊള്ളിക്കണം.

V. (6) വിദ്യാഭ്യാസം

ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രദേശം കാർഷിക മേഖലയാണ്. എങ്കിലും വിദ്യാഭ്യാസപരമായി പിന്നോക്കപ്രദേശമല്ല. ഈ പഞ്ചായത്തിലെ ആദ്യ സ്കൂൾ 1896ൽ സ്ഥാപിതമായ ഗവ.എൽ.പി. സ്കൂളാണ്. അക്കാലത്തെ പ്രശസ്തമായ നായർ തറവാടുകളിലൊന്നായ ചോതിരക്കോട്ടുവീട്ടിലെ കളപ്പുരയിലാണ് ഈ സ്കൂൾ സ്ഥാപിതമാകുന്നത്. 1890-ൽ സ്ഥാപിതമായ ക്രിസ്ത്യൻ ദേവാലയമായ മോനിപ്പിള്ളി തിരുഹൃദയപള്ളിയുടെ ആഭിമുഖ്യത്തിൽ നാട്ടുകാരുടെ സഹായസഹകരണത്തോടെ പണിയപ്പെട്ട പള്ളികോമ്പൗണ്ടിലെ കെട്ടിടത്തിലേക്ക് ഈ സ്കൂൾ മാറ്റി സ്ഥാപിച്ചു. പള്ളി കോമ്പൗണ്ടിൽ പള്ളിയുടെ വകയായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിൽ വാടകയൊന്നും നല്കാതെയാണ് സ്കൂൾ പ്രവർത്തിച്ചുവന്നത്. 1952ൽ തൊട്ടടുത്ത് സർക്കാർ അക്വയർ ചെയ്ത സ്ഥലത്ത് പണി കഴിപ്പിച്ച പുതിയ സ്കൂൾ കെട്ടിടത്തിലേക്ക് പ്രസ്തുത സ്കൂൾ മാറ്റി. അവിടെയാണ് ഇപ്പോൾ സ്കൂൾ പ്രവർത്തിച്ചു വരുന്നത്.

1904-ൽ ഉഴവൂർ പള്ളിയുടെ മാനേജ്മെന്റിൽ സെന്റ് സ്റ്റീഫൻസ് എൽ.പി. സ്കൂൾ എന്ന ഗ്രാന്റ് പള്ളിക്കുടം സ്ഥാപിക്കപ്പെട്ടു. അത് പിന്നീട് മിഡിൽ സ്കൂളായി ഉയർത്തപ്പെട്ടു. ഈ മിഡിൽ സ്കൂളിലാണ് ഇൻഡ്യയുടെ ഉപരാഷ്ട്രപതിയായ ശ്രീ കെ.ആർ. നാരായണൻ പഠനം നടത്തിയത്. ശ്രീ ജോസഫ് ചാഴികാടൻ ആദ്യകാല പ്രധാനാദ്ധ്യപകനും. അദ്ധ്യപകരിലൊരാളായിരുന്നു. പിന്നീട് 1950-ൽ O.L.H.S. എന്ന പേരിൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു.

അധികം കഴിയുന്നതിനു മുമ്പുതന്നെ വിസിറ്റേഷൻ സന്യാസിനി സമൂഹത്തിന്റെ മാനേജ്മെന്റിനാൽ സെന്റ് ജോവാനസ് എൽ.പി. സ്കൂൾ സ്ഥാപിതമായി. 1905-ൽ അതു പിന്നീട് മിഡിൽ സ്കൂളായി ഉയർത്തപ്പെട്ടു. ഈ സ്കൂൾ പെൺകുട്ടികൾക്ക് വേണ്ടിയും, സെന്റ് സ്റ്റീഫൻസ് സ്കൂൾ ആൺകുട്ടികൾക്കുവേണ്ടിയുമാണ് പ്രവർത്തിക്കുന്നത്. ഹൈസ്കൂൾ വിഭാഗം മിശ്രവിദ്യാലയമാണ്. O.L.L. ഹൈസ്കൂൾ സ്ഥാപിതമായപ്പോൾ സെൻറ് സ്റ്റീഫൻസ് എൽ.പി. സ്കൂൾ വേർതിരിച്ച് പഴയ മിഡിൽ സ്കൂൾ കെട്ടിടത്തിലേക്ക് മാറ്റി പ്രത്യേക സ്കൂളായി പ്രവർത്തിക്കാൻ തുടങ്ങി.

ഏതാണ്ട് ഒരേ കാലത്താണ് ഹോളിക്രോസ് സ്കൂളും, എൻ.എസ്.എസ്. സ്കൂളും (1933) പ്രവർത്തനമാരംഭിച്ചത്. രണ്ടും മിഡിൽ സ്കൂളായാണ് പ്രവർത്തനം തുടങ്ങിയത്. അതു സംബന്ധിച്ച് പള്ളിക്കാരും എൻ.എസ്.എസ്കാരും തമ്മിൽ തർക്കമുണ്ടാകുകയും ഹോളിക്രോസ് മിഡിൽ സ്കൂളായും എൻ.എസ്.എസ്. സ്കൂൾ പ്രൈമറി സ്കൂളായും പ്രവർത്തിക്കുന്നതിന് ഒത്തുതീർപ്പുണ്ടാകുകയും ചെയ്തു. 1979 ജൂണിൽ ഹോളിക്രോസ് സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. എൻ.എസ്.എസ്. എൽ.പി. സ്കൂൾ ഗവൺമെന്റ് സ്കൂളായി രൂപാന്തരപ്പെടുകയും ചെയ്തു. 1968-ൽ ചീങ്കല്ലേൽ സെന്റ് തോമസ് എൽ.പി. സ്കൂളും പിന്നീട് പയസ്മൗണ്ട് എൽ.പി. സ്കൂളും സ്ഥാപിതമായി.

1964-മുതൽ സെന്റ് സ്റ്റീഫൻസ് കോളേജ് പ്രവർത്തനം തുടങ്ങി. നാല് പ്രീഡിഗ്രി കോഴ്സുകളും ഡിഗ്രിക്ക് മാത്തമാറ്റിക്സ്, ഫിസിക്സ്, സുവോളജി, കെമിസ്ട്രി എന്നിവയും ആർട്ട്സിന് ഇക്കണോമിക്സ്, ലിറ്ററെച്ചർ, ബിക്കോം എന്നിവയും M.Sc. ക്ക് ഫിസിക്സ് കോഴ്സും ഇവിടെ നടക്കുന്നു. ഇവിടെ 91 അദ്ധ്യാപകരും 59 അനദ്ധ്യാപകരും സേവനം ചെയ്യുന്നു. ഇപ്പോഴത്തെ പ്രിൻസിപ്പൽ പ്രൊഫ. ജോസഫ് ജോർജ് കാനാട്ട് ആണ്. കോളേജിന് സ്വന്തമായി ഹോസ്റ്റൽ സൗകര്യം ഇല്ല. ഒരു Ist ലൈബ്രേറിയനും ഒരു 4th ലൈബ്രേറിയനും 3 ലൈബ്രറി അസിസ്റ്റന്റുമാരും അടങ്ങുന്ന, കുട്ടികൾക്ക് വളരെ വിജ്ഞാനപ്രദമായ ഒരു ലൈബ്രറി ഇവിടെ പ്രവർത്തിക്കുന്നു. പ്രധാന വിഷയങ്ങൾക്ക് ഉപകാരപ്രദമായ ലാബോറട്ടറി സൗകര്യം ഇവിടെ കുട്ടികൾക്ക് ലഭിക്കുന്നു. കൂടാതെ ഒരു വർഷത്തെയും 6 മാസത്തേയും കംപ്യൂട്ടർ കോഴ്സുകളും കോളേജിനോട് അനുബന്ധിച്ച് വളരെ വിജയകരമായി നടത്തിപ്പോരുന്നു.

രണ്ട് എയിഡഡ് സ്കൂളുകൾ (യു.പി. വിഭാഗം കൂടിയുള്ളത്) ഒരു യു.പി. സ്കൂൾ (എൽ.പി. വിഭാഗം കൂടിയുള്ള പെൺകുട്ടികൾക്ക് മാത്രമായുള്ള 3 എയി

ഡഡ് എൽ.പി. സ്കൂളുകൾ, 2 ഗവ.എൽ. പി. സ്കൂളുകൾ എന്നിങ്ങനെ 9 അംഗീകൃത വിദ്യാലയങ്ങൾ ഉണ്ട്. എൻ.എസ്.എസ്. (ഗവ.) എൽ.പി. സ്കൂളിനോടനുബന്ധിച്ച് ഒരു പ്രീ പ്രൈമറി സ്കൂൾ പ്രവർത്തിക്കുന്നുണ്ട് കൂടാതെ 2 മലയാളം മീഡിയം നേഴ്സറി സ്കൂളുകളും 2 ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂളുകളും, അംഗീകാരമില്ലാത്ത രണ്ട് ഇംഗ്ലീഷ് മീഡിയം പ്രൈമറി സ്കൂളുകളും ഉണ്ട്. കൂടാതെ 3 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഉണ്ട്.

(പട്ടിക പ്രത്യേകം ചേർത്തിട്ടുണ്ട്)

പഞ്ചായത്തിലെ എല്ലാ സ്കൂളുകളും പഠനത്തിൽ നല്ല നിലവാരം പുലർത്തുന്നു. പക്ഷേ കലാകായിക രംഗങ്ങളിൽ വിദ്യാർത്ഥികൾ കാര്യമായ നേട്ടങ്ങൾ കൈവരിച്ചിട്ടില്ല. സെൻറ് സ്റ്റീഫൻസ് എൽ.പി. സ്കൂളിന് മാത്രം ജില്ലാതല കായികമേളയിൽ 3 കുട്ടികൾക്ക് സമ്മാനം ലഭിച്ചു. വർക്ക് എക്സ്പീരിയൻസിൽ ഉഴവൂർ സെന്റ് ജോവാനാസ് യു.പിയിൽ 3 പേർക്ക് ജില്ലാതലത്തിൽ സമ്മാനം ലഭിച്ചിട്ടുണ്ട്.

ആകെ കുട്ടികളിൽ 8% മാത്രം SC/ST ഉണ്ട്. കുട്ടികളുടെ പൊഴിഞ്ഞുപോകൽ പൊതുവേ വളരെ കുറവാണ്. SC/ST കുട്ടികൾ 4% മറ്റുള്ളവർ 0.6% മാത്രമേയുള്ളു. ഹൈസ്കൂളിൽ പ്രത്യേകിച്ചും 9-ാം സ്റ്റാൻഡാർഡിലാണ് അത് കൂടുതൽ. പ്രൈമറി സ്കൂളുകളിൽ പൊഴിച്ചിൽ തീരെ ഇല്ലെന്നു തന്നെ പറയാം. മോനിപ്പള്ളി ഹോളിക്രോസ് ഹൈസ്കൂളിനും എൽ.പി. സ്കൂളിനും കളിസ്ഥലമുൾപ്പടെ സ്ഥല സൗകര്യങ്ങൾ കുറവാണ്. ദൃശ്യശ്രാവ്യ ഉപകരണങ്ങൾ സ്കൂളുകളിൽ ഇല്ലെന്ന് പറയാം.

പൊതുനിർദ്ദേശങ്ങൾ

1. ആച്ചിക്കൽഭാഗത്ത് (ഒന്നാം വാർഡ്) 6,7,9 വാർഡുകളിലും ഓരോ നേഴ്സറി സ്കൂളുകൾ ആരംഭിക്കുക.
2. 8-ാം വാർഡിൽ പയസ് മൗണ്ട് എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളാക്കുക.
3. മോനിപ്പള്ളി ഉഴവൂർ ഹൈസ്കൂളുകൾ വെക്കേഷനൽ ഹയർ സെക്കന്ററി സ്കൂളാക്കി ഉയർത്തുക.
4. ഉഴവൂർ പഞ്ചായത്തിൽ മോനിപ്പള്ളിയിലും, ഉഴവൂരും ഓരോ പോളിടെക്നിക്ക് ഇൻസ്റ്റിറ്റ്യൂട്ടോ, I.T.I. യോ സ്ഥാപിക്കുക.
5. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗൻവാടികൾ ആരംഭിക്കുക. നാലാം വാർഡിലെ പ്രീ പ്രൈമറി വിഭാഗം പഞ്ചായത്ത് ഏറ്റെടുത്ത് കാര്യക്ഷമമാക്കുക.
6. 1-ാം വാർഡിൽ ഹരിജൻ കോളനി, 3-ാം വാർഡിൽ ലക്ഷം വീടുകോളനി, 6-ാം വാർഡിൽ പുൽപ്പാറ കോളനി, 9-ാം വാർഡിലെ കോളനി ഭാഗം, 8-ാം വാർഡിലെ ചേറ്റുകുളം കോളനി എന്നീ ഭാഗങ്ങളിൽ വായനശാലകൾ സ്ഥാപിക്കുക.
7. പ്രൈമറി സ്കൂളുകളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുക. ഗവണ്മെന്റ് പ്രൈമറി സ്കൂളുകളിൽ കളിസ്ഥലം ഉണ്ടാക്കുന്നതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുക. ഹോളിക്രോസ് ഹൈസ്കൂളിന് ശരിയായ അളവിൽ ഒരു കളിസ്ഥലം നിർമ്മിക്കുക.
8. 5-ാം വാർഡിലെ പെരുന്താനം ചിറയിൽ കുളം പഞ്ചായത്തുവക നീന്തൽ കുളമാക്കി സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനത്തിന് സൗകര്യം ഉണ്ടാക്കുക.
9. വിദ്യാർത്ഥികളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുക.
10. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും തൊഴിപരവും സാങ്കേതികവുമായ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിന് ഉഴവൂർ ഒ.എൽ.എൽ. ഹൈസ്കൂളിലും മോനിപ്പള്ളി ഹോളിക്രോസ് ഹൈസ്കൂളിലും ഓരോ ഗൈഡൻസ് ബ്യൂറോ പ്രവർത്തനം ആരംഭിക്കുക.
11. സ്കൂൾ വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുക. കാർഷിക മേഖലയായ പഞ്ചായത്തിൽ കാർഷിക പരിശീലനം നിർബന്ധമാക്കുക.
12. S.S.L.C. പരീക്ഷയിൽ ഇംഗ്ലീഷിനും കണക്കിനുമാണ് വിദ്യാർത്ഥികൾ അധികപങ്കും തോൽക്കുന്നത്. ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ലിറ്ററേച്ചർ ബിരുദധാരികളെ നിയമിക്കുക. കണക്കു വിഷയം കൂടുതൽ ആകർഷിക്കുന്നതിന് പഠനോപകരണങ്ങളും ചാർട്ടുകളും ഉപയോഗിക്കുന്നത് നിർബന്ധമാക്കുക. കണക്കിലെ കളികൾ പോലെയുള്ള രസകരമായ കാര്യങ്ങൾ പ്രസാഹിപ്പിക്കുകയും ചെയ്യുക.
13. കൃഷി, ഔഷധസസ്യത്തോട്ടങ്ങൾ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും സഹകരണത്തോടെ കഴിയാവുന്ന

സ്കൂളുകളിലെല്ലാം നിർമ്മിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

14. കുടുംബാസൂത്രണം, ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള രക്ഷിതാക്കളുടെ പ്രതിപത്തി മുതലായവ സ്കൂളുകളിൽ ഡിവിഷൻ നിന്നുപോകാൻ കാരണമാകുന്നു ഇതിനു പരിഹാരം ഉണ്ടാക്കുക. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

15. എൽ.പി. സ്കൂളുകളിൽ കായിക പരിശീലനം കാര്യക്ഷമമായി നൽകുന്നതിന് അദ്ധ്യാപകർക്ക് പ്രത്യേകം പരിശീലനം നൽകുക. എല്ലാ യു.പി. സ്കൂളുകളിലും കായികാദ്ധ്യാപകരെ നിയമിക്കുക.

16. പ്രചരണമാധ്യമങ്ങളായ T.V., റേഡിയോ, സിനിമാ, പത്രമാസികകൾ, പുസ്തകങ്ങൾ മുതലായവ കൂടുതൽ കുറ്റമറ്റവയായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. മദ്യപാനം, പുകവലി, അക്രമപ്രവണത, തെറ്റായലൈംഗിക വിജ്ഞാനം മുതലായവക്ക് പ്രേരിപ്പിക്കുന്ന തരത്തിലുള്ള മാധ്യമങ്ങളുടെ പ്രവർത്തനം കർശനമായി നിയന്ത്രിക്കുക. ഹൈസ്കൂളുകളിൽ ലൈംഗിക വിദ്യാഭ്യാസം പാഠപദ്ധതിയിൽ ഉൾപ്പെടുത്തി ശരിയായ വിജ്ഞാനം ലഭിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

17. ഭാരതീയ പൈതൃകമായ യോഗ പരിശീലനവും ധ്യാനവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.

പട്ടിക 1. S.S.L.C വിജയശതമാനം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	1991-92	1992-93	1993-94	1994-95	1995-96
1.	O.L.L. ഹൈസ്കൂൾ ഉഴവൂർ പരീക്ഷയ്ക്ക് എഴുതിയവർ	58% 193	79% 180	81% 192	87% 186	86% 188
2.	ഹോളിക്രോസ് H.S. മോനിപ്പള്ളി പരീക്ഷയ്ക്ക് എഴുതിയവർ	76% 84	78% 79	64% 80	89% 66	88% 59

പട്ടിക 2 സാമ്പത്തിക സഹായം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

സ്കൂളിന്റെ പേര്	ലാംപസം ഗ്രാന്റ്	പ്രതിമാസ സ്റ്റൈഫന്റ് S.T	മെരിറ്റ് സ്കോ. ളർഷിപ്പ്	വികലാംഗ സ്കോ. ളർഷിപ്പ്	ജവാന്മാരുടെ മക്കൾക്ക് വി.കെ.	മറ്റുള്ളവ
O.L.L. H.S. ഉഴവൂർ	88	-	-	3	-	-
ഹോളിക്രോസ് H.S. മോനിപ്പള്ളി	120	3	-	-	-	-
സെന്റ് ജോസഫ്സ് U.P.S. ഉഴവൂർ	56	5	-	2	2	-
സെന്റ് സ്റ്റീഫൻസ് L.P.S. ഉഴവൂർ	13	-	-	2	2	-
പയ്സ് മൗണ്ട് L.P.S. ഉഴവൂർ	30	-	-	-	-	-
ഗവ. L.P.S. മോനിപ്പള്ളി	21	-	-	-	-	-
N.S.S. ഗവ. L.P.S. മോനിപ്പള്ളി	8	-	-	-	-	-
St. Thomas L.P.S. ചീങ്കല്ലേൽ	29	-	-	2	-	4

പട്ടിക 2 ആകെ വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള വിവരങ്ങൾ

ഉഴവൂർ ഗ്രാമപഞ്ചായത്ത്

സ്കൂളിന്റെ പേര്	ആകെ വിദ്യാർത്ഥികൾ						തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ	
	മൊത്തം			S.C./S.T.			S.C./S.T.			മറ്റുള്ളവർ			S.C./S.T.	മറ്റുള്ളവർ
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		
O.L.L. H.S. ഉഴവൂർ U.P.	242	-	242	28	-	28	3	-	3	9	9	18	6	8
O.L.L. H.S. ഉഴവൂർ H.S.	347	261	608	36	25	61	13	3	16	20	7	27	-	-
ഹോളിക്രോസ് H.S. മോനിപ്പള്ളിU.P.	94	101	195	14	11	25	3	3	6	7	5	12	2	3
ഹോളിക്രോസ് H.S. മോനിപ്പള്ളിH.S.	149	117	266	14	11	25	3	2	5	3	15	18	-	-
സെന്റ് ജോസഫ്സ് L.P.S. ഉഴവൂർ	-	209	209	-	1	1	-	1	1	-	9	9	-	-
സെന്റ് ജോസഫ്സ് U.P.S. ഉഴവൂർ	-	212	212	-	3	3	-	3	3	-	14	14	-	-
സെന്റ് സ്റ്റീഫൻസ് L.P.S. ഉഴവൂർ	238	-	238	13	-	13	1	-	1	12	-	12	-	-
പയ്സ് മൗണ്ട് L.P.S. ഉഴവൂർ	63	48	111	6	10	16	-	2	2	3	3	6	-	-
ഗവ. L.P.S. മോനിപ്പള്ളി	54	56	110	8	6	14	3	-	3	3	-	3	-	2
N.S.S. ഗവ. L.P.S. മോനിപ്പള്ളി	31	26	57	4	1	5	1	-	1	1	-	1	-	-
St. Thomas L.P.S. ചിറമേൽ	106	136	242	6	2	8	2	1	3	-	-	-	-	2

5 (7)സാമൂഹ്യ ക്ഷേമം ഭവനനിർമ്മാണം

ഈ ഗ്രാമത്തിലെ 20% ആളുകളും സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരാണ്. തലമുറതലമുറകളായി അടിച്ചമർത്തപ്പെട്ടവർ ഭക്ഷണമില്ലാതെ, വസ്ത്രമില്ലാതെ, വീടില്ലാതെ ഇന്നും അവശരായി തുടരുന്നു. അവരുടെ ക്ഷേമപ്രവർത്തനത്തെ കരുതി കാലാകാലങ്ങളിൽ വന്ന സർക്കാരുകൾ പല പദ്ധതികളും നടപ്പിലാക്കാൻ ശ്രമിച്ചെങ്കിലും ഇടത്തട്ടുകാരുടെ കടന്നാക്രമണ ഫലമായി അവ എത്തേണ്ടയിടത്ത് എത്തിയിട്ടില്ല. "കുമരന് ഇന്നും കഞ്ഞി കുമ്പിളിൽ തന്നെ" ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പിന്നോക്കവർഗ്ഗത്തിന്റെ ഉദ്ധാരണം നമ്മുടെ പുരോഗതിയുടെ വലിയ ഒരു അളവുകോലാണ്. ഈ ഗ്രാമപഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങൾ വഴിവിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കൾ കിന്റൽ കണക്ക്

അരി	27828
ഗോതമ്പ്	19234
റവ	2373.2
മണ്ണെണ	103560
മൈദ	7961
പഞ്ചസാര	4746

ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമ മേഖലയിൽ ഐ.ആർ.ഡി.പി. ട്രൈസം, D.W.CRA തുടങ്ങിയ പദ്ധതിപ്രകാരം നാളിതുവരെ ചിലവഴിച്ച തുകയ്ക്ക് ഗണ്യമായ പുരോഗതി കൈവരുത്തുവാൻ കഴിഞ്ഞിട്ടില്ല. നാമമാത്രമായ ആളുകൾക്ക് മാത്രമെ ഇതുകൊണ്ട് പ്രയോജനം ലഭിച്ചിട്ടുള്ളു.

ട്രൈസം: ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പതിനെട്ടിനും മുപ്പത്തഞ്ചിനും മദ്ധ്യേ പ്രായമുള്ള യുവജനങ്ങൾക്ക് ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ സ്വയം തൊഴിൽ പരിശീലനത്തിന് വേണ്ടിയുള്ള ഈ പദ്ധതി ഈ പഞ്ചായത്തിൽ വ്യാപകമല്ല. 45 ആളുകൾക്ക് പരിശീലനം നൽകിയിട്ടുണ്ടെങ്കിലും അതുമൂലം സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം 24 മാത്രമെ ഉള്ളൂ

ഡി.ഡബ്ല്യു.സി.ആർ.എ.

സംയോജിത വനിതാ ശിശുവികസന പരിപാടിപ്രകാരം 10 സ്ത്രീകൾ വീതം അടങ്ങുന്ന 3 ഗ്രൂപ്പുകൾ പശുവളർത്തൽ, പന്നിവളർത്തൽ എന്നീ തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടു കഴിഞ്ഞു.

ഐ.ആർ.ഡി.പി. പ്രോജക്ടിലുള്ള തെരഞ്ഞെടുപ്പ് തികച്ചും പ്രയോജനപ്രദവും വരുമാനത്തിലുന്നിയും ആയിരിക്കണം. ട്രൈയിസം D.W.C.R.A. പദ്ധതികൾ ഇനിയും വളരെയേറെ വ്യാപകമാക്കേണ്ടതുണ്ട്.

ഐ.ആർ.ഡി.പി.

ഈ പഞ്ചായത്തിൽ ആകെ ഐ.ആർ.ഡി.പി. സ്കീം പ്രകാരം കണ്ടത്തിയ 139 കുടുംബങ്ങൾക്ക് സഹായധനം ലഭിച്ചതായി കാണുന്നു സഹായധനം ലഭിച്ചവർ ഉൾപ്പെടെ വീണ്ടും 1016 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്.

പ്രോജക്ടുകളുടെ തെരെഞ്ഞെടുപ്പിലുള്ള അപാകതയും തിരിച്ചടയ്ക്കുന്നതിനുള്ള അലംഭാവവുമാണ് ഇതിനെ ബലഹീനമാക്കുന്നത്. ഇതുകൊണ്ട് ഈ പദ്ധതിവിതരണം കൂടുതൽ ഭാഗവും ഗുണത്തേക്കാൾ ഉപരി ദോഷമായിത്തീരുന്നു.

വാർഡ് തിരിച്ചുള്ള ലിസ്റ്റ്

	I	II	III	IV	V	VI	VII	VIII	IX
പരിശീലനം ലഭിച്ചവരുടെ എണ്ണം	2	1	4	-	11	6	4	5	12
സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	2	-	3	-	8	3	1	1	6

IRDP സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച തുവഴി ദാരിദ്ര്യ രേഖയ്ക്കു മുക ളിലെത്തിയ	ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബ ങ്ങൾ(സഹായംല ഭിച്ചവർ ഉൾപ്പെടെ
1	2	3	4	5	6	7
I	117	3	11	2	6	111
II	109	2	20	1	11	98
III	119	3	35	6	18	101
IV	95	1	10	1	6	89
V	123	1	13	3	5	118
VI	151	1	16	5	9	142
VII	132	—	7	—	4	128
VIII	111	—	15	—	8	103
IX	141	—	12	—	5	136
ആകെ	1098	11	139	18	72	1016

റേഷൻ കടകൾ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ ഗുണമേന്മയുള്ളതായിരിക്കാൻ ശ്രദ്ധ കൊടുക്കണം. ഇത്രയുംപോലും മോശമല്ലാത്ത ഭക്ഷ്യവസ്തുക്കൾ വില്പന നടത്തുന്ന മറ്റ് ഇടങ്ങളിൽ വ്യാപകമായ പരിശോധനകൾ നടത്തുമ്പോൾ റേഷൻ വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങളുടെ ഗുണ മേന്മ സംരക്ഷിക്കാൻ ബന്ധപ്പെട്ടവർ ബാദ്ധ്യസ്ഥരാ ണ്.

പെൻഷനുകൾ:-

ഈ പഞ്ചായത്തിൽ വിതരണം ചെയ്യുന്ന വിവിധയിനം പെൻഷനുകളും സഹായങ്ങളും

1. അഗതി പെൻഷൻ Nil
2. വിധവാ പെൻഷൻ 3
3. വികലാംഗ പെൻഷൻ
4. വാർദ്ധക്യകാല പെൻഷൻ 12
5. അവശകലാകാര പെൻഷൻ Nil
6. അവശകായികതാര പെൻഷൻ Nil
7. ക്ഷയരോഗി പെൻഷനുകൾ Nil
8. കുഷ്ഠരോഗി പെൻഷൻ Nil
9. ക്യാൻസർരോഗി പെൻഷൻ Nil
10. കർഷകത്തൊഴിലാളി പെൻഷൻ 134
11. തൊഴിലില്ലായ്മാ വേതനം 145

ടി പെൻഷനുകൾ അർഹരായവർക്ക് ഇനി യും ലഭിക്കാനുണ്ട്.

4. സാനിട്ടേഷൻ:-

ജനങ്ങളുടെ ആരോഗ്യപരമായ വളർച്ചയ്ക്ക് ആരോഗ്യപരമായ ചുറ്റുപാട് (പരിസ്ഥിതി) ഏറ്റവും അത്യാവശ്യമാണ്. ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം 877 കുടുംബങ്ങൾക്ക് സുരക്ഷിതമായ കക്കൂസുകൾ ഇനിയും ഉണ്ടാക്കേണ്ടിയിരിക്കുന്നു. സർക്കാരിന്റെ CRSP പദ്ധതി പ്രകാരം വിവിധ വാർഡുകളിലായി 39 കക്കൂസുകൾ അനുവദിച്ചത് പണി പൂർത്തീകരിക്കുകയുണ്ടായി.

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

വാർ നമ്പർ	സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം)	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992നു ശേഷം)	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
1	2	3	4	5
I	81	1	1	80
II	91	2	2	89
III	112	4	4	108
IV	98	2	2	96
V	52	3	3	49
VI	188	12	12	176
VII	77	1	1	76
VIII	81	11	11	71
IX	135	3	3	132
Total	915	39	39	877

സഹായധനങ്ങൾ

മരം കയറ്റ തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾക്ക്, തീപിടുത്തം മൂലം വീടു നശിച്ചവർക്കുള്ള ധനസഹായം, പ്രകൃതിക്ഷോഭം മൂലം വീട് നശിച്ചവർക്കുള്ള ധനസഹായം, അപകടമരണം മൂലമുള്ള ധനസഹായം, രോഗങ്ങൾ, അത്യാഹിതം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം എന്നിവകൾ അജ്ഞതകൊണ്ട് പലർക്കും ലഭിക്കുന്നില്ല. റബ്ബർ ടാപ്പിംഗ് തൊഴിലാളികളുടെ മക്കൾക്ക് പഠനത്തിനുള്ള സ്കോളർഷിപ്പുകളും, അവർക്ക് വീട്, കക്കൂസ്, മുതലായവ നിർമിക്കുന്നതിനുള്ള ധനസഹായങ്ങളും, വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സഹായധനങ്ങളും വാങ്ങിച്ചെടുക്കുന്നതിന് ആവശ്യമായ പരിജ്ഞാനം കാണുന്നില്ല. ഇതിന് പഞ്ചായത്തു തലത്തിൽ ആവശ്യമായ പ്രചരണം ഏർപ്പെടുത്തണം.

അംഗൻവാടി:-

ഈ പഞ്ചായത്തിൽ നാളിതുവരെ അംഗൻവാടികളൊന്നും സ്ഥാപിതമായിട്ടില്ല. ഒരു വാർഡിൽ ഒരംഗൻവാടി എന്ന കണക്കിന് 9 അംഗൻവാടിയെങ്കിലും സ്ഥാപിതമാക്കണം. ഇതുവഴി അടുക്കള മുതൽ ഉള്ള ശുചീകരണത്തെപ്പറ്റിയും ബോധവൽക്കരണം അധികമായി നടത്തേണ്ടതാണ്.

അംഗവൈകല്യം:-

ഈ പഞ്ചായത്തിൽ 18 അന്ധരും, 17 ബധിരരും, 21 മൂകരും, 19 ബധിരമൂകരും 87 ചലനവൈകല്യമുള്ളവരും, 47 മന്ദബുദ്ധികളുമുണ്ട്. ഇവരെ സഹായിക്കാനുള്ള സംഘടകളുമായി ഇവരെ ബന്ധപ്പെടുത്താൻ രക്ഷിതാക്കൾ തയ്യാറാകുന്നില്ല. അതിനു പ്രധാനകാരണം രക്ഷിതാക്കളുടെ അപകർഷതാബോധവും അജ്ഞതയുമാണ്.

സാമൂഹ്യക്ഷേമ രംഗത്ത് പ്രധാനമായും ശ്രദ്ധ കൊടുക്കേണ്ട ഒന്നാണ്, ദുർബ്ബല വിഭാഗങ്ങളുടെ ഭവനനിർമ്മാണം.

അടിസ്ഥാന സൗകര്യങ്ങളുള്ള വീടുകളാണ് നമുക്കാവശ്യം. 1991ലെ സെൻസസ് പ്രകാരം വീടുകളായിരുന്നു അധികം വേണ്ടയിരുന്നത്. ഇന്നത് 317 എണ്ണമായി വർദ്ധിച്ചു. ഒരു വർഷം ശരാശരി 270 വീടുകൾ എന്ന കണക്കിൽ ഉണ്ടാകുന്നുണ്ട്.

വാസഗൃഹനിർമ്മാണത്തിൽ വ്യയം കാണുന്നുണ്ട്. വിദേശപണമാണ് 90% അതിവ്യയം നടത്തുന്നത്.

ദുർബ്ബല വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം വാർഡടിസ്ഥാനത്തിൽ

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം)	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീരിക്കാനുള്ള വീട്	ഇനിയും അനുവദിക്കേണ്ടകളുടെ എണ്ണം
1	2	3	4	5	6
I	69	20	17	3	49
II	57	10	8	2	47
III	78	22	20	2	56
IV	49	14	13	1	35
V	22	8	8	—	14
VI	52	11	11	—	41
VII	18	4	3	1	14
VIII	39	1	1	—	38
IX	23	—	—	—	23
ആകെ	407	90	81	9	317

ഭവനനിർമ്മാണം.

ജനസ്രോതം തുടർന്നു പോകേണ്ടതും ഏറെ പ്രാധാന്യം കൊടുക്കേണ്ടതുമായ ഒന്നാണ് ഭവനിർമ്മാണം. വർഷം തോറും കുടുംബങ്ങൾ വർദ്ധിക്കുന്നു. പാർപ്പിടം എന്നും കണ്ടെത്തിക്കൊണ്ടിരിക്കണം. ഈ പ്രക്രിയയിൽ ഒരു ഇടവേള കണ്ടെത്തുന്നത് ബുദ്ധിശൂന്യമാണ്. നാളെ ഏറെ ഭാരം താങ്ങുവാനത് ഇടവരുത്തും.

ഉദ്ദേശം 3600 കുടുംബങ്ങളുള്ള ഈ പഞ്ചായത്തിൽ ഇന്ന് 3283 പണിതീർന്ന വീടുകളാണ് ഉള്ളത്

പ്രശ്നങ്ങൾ

ഭൂമിയുടെ വിലവർദ്ധന കാരണം ദുർബല വിഭാഗങ്ങൾക്ക് സ്വന്തമായി വീടിന് സ്ഥലം കണ്ടെത്താനുള്ള വിഷമം.

സ്വന്തം പേരിൽ സ്ഥലമില്ലാത്ത കുടികിടപ്പുകാർക്ക് ഇനിയും ഭൂമി പതിച്ചുകിട്ടാനുണ്ട്.

നിർമ്മാണം പൂർത്തിയാക്കിയ 1704 എണ്ണം വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന്.

തടിയുൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന.

വൈദഗ്ദ്യമുള്ള തൊഴിലാളികളുടെ കുറവ്.

ഗതാഗത സൗകര്യങ്ങളുടെ അഭാവം.

കുന്നിൻപ്രദേശങ്ങളുടെ കുടിവെള്ള കുറവും

ഭവന നിർമ്മാണ വായ്പാപേക്ഷകളുടെ അനുബന്ധസർട്ടിഫിക്കറ്റിനായുള്ള സങ്കീർണ്ണത.

തവണ തുക കിട്ടാൻ ഒരേ സ്റ്റേജും കഴിഞ്ഞുള്ള കാത്തിരിപ്പ്.

നിർദ്ദേശങ്ങളും സാധ്യതകളും

1. നിശ്ചിത കാലം വീടുവച്ച് കഴിയുന്നവർക്ക് ഉടൻ ഭൂമി പതിച്ചു കൊടുക്കുക.
2. പണിത വീടുകളുടെ അറ്റകുറ്റ പണികൾക്ക് അടിയന്തിരമായി വായ്പ കൊടുക്കുക.
3. ജാതി നോക്കാതെ ദുർബ്ബലവിഭഗങ്ങൾക്കെല്ലാം വീട് കൊടുക്കുക.

വാർഡ്	1	2	3	4	5	6	7	8	9	ആകെ
കുടുംബങ്ങൾ	382	337	425	368	391	480	374	417	420	3600
വീടുകൾ	333	290	369	333	377	439	360	379	397	3283
കോൺക്രീറ്റ്	146	31	30	78	28	30	54	22	66	565
ഓടിട്ടത്	191	267	205	161	380	419	305	340	333	2575
ഓലമേഞ്ഞത്	17	32	140	113	3	6	5	15	10	341
കുടിലുകൾ	30	7	50	16	10	25	10	10	11	169
അറ്റകുറ്റ പണിവേണ്ടത്	190	175	180	168	181	215	180	201	208	1704
പണിയേണ്ട വീടുകൾ	49	47	56	35	14	41	14	38	23	317

4. മോനിപ്പള്ളി ആച്ചിയ്ക്കൽ വാങ്ങിയിട്ടുള്ള 3 ഏക്കർ 12 സെ.മി. ഭൂമി ഉടനടി വിതരണം ചെയ്യുക.
5. ഇടക്കോലിയിൽ പണിതീർന്ന 50 കൈരളി വീടുകൾക്ക് വൈദ്യുതി, വെള്ളം, വഴി എന്നിവ സജ്ജമാക്കുക.
6. ചിലവു കുറഞ്ഞ വീടുകൾക്ക് മാർഗ്ഗനിർദ്ദേശം കൊടുക്കുക.
7. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ എണ്ണം വർദ്ധിക്കാൻ പരിശീലനം നൽകണം.
8. വഴി, വെള്ളം, വെളിച്ചം ഇവയുടെ സാമിപ്യമുള്ള സ്ഥലങ്ങൾക്ക് മുൻഗണന നൽകുക.
9. ആഡംബര വീടുകളുടെ നിർമ്മാണം നിരുത്സാഹപ്പെടുത്തുക.
10. നിശ്ചിത മുടക്കിൽ തറവിസ്തീർണ്ണത്തിൽ കവിഞ്ഞുള്ള നിർമ്മാണത്തിന് പ്രത്യേക ഫീസ് ഈടാക്കി ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതിക്ക് ഫണ്ട് സ്വരൂപിക്കുക.
11. നിശ്ചിത മുടക്കിൽ/തറ വിസ്തീർണ്ണത്തിൽ കുറവുള്ള നിർമ്മാണത്തിന് നികുതിയിളവ് പ്രഖ്യാപിക്കുക.
12. സ്റ്റാൻഡാർഡ് കെട്ടിടങ്ങളുടെയും ഇരുനിലക്കെട്ടിടങ്ങളുടെയും പണികൾക്ക് പ്രോത്സാഹനം നല്കുക. തന്മൂലം സ്ഥലലാഭം ഉണ്ടാകുന്നു.
13. നിർമ്മാണ വസ്തുക്കളുടെ ഉപയോഗം നിർമ്മിക്കുന്നതിനുപകരിക്കുവാൻ ശീലിപ്പിക്കുക.
14. അനുബന്ധമായി കക്കൂസുകൾ തീർക്കാത്ത വീടുകൾക്ക് നമ്പർ കൊടുക്കാതിരിക്കുക.
15. ദുർബ്ബലർക്കുള്ള ഹൗസിംഗ് ലോണിനനുവദിക്കുന്നതിന് അനുബന്ധ സർട്ടിഫിക്കറ്റുകളുടെ സമ്പാദനം ബന്ധപ്പെട്ട ഏജൻസി ഏറ്റെടുക്കുക.
16. വാസ്തു ശില്പ മോഡലുകൾ പ്രചരിപ്പിക്കുക.
17. എല്ലാ കോളനികൾക്കും വൈദ്യുതി, വെള്ളം, വഴി എന്നിവ സജ്ജമാക്കുക.

V. (8) സംസ്ക്കാരം

സംസ്ക്കാരം എന്നാൽ സാഹിത്യവും കലയും മാത്രമല്ല, ആ ജനതയുടെ കായികവും മാനസികവുമായ ആരോഗ്യം, ധാർമ്മികത, വിശ്വാസങ്ങൾ, മൂല്യബോധം, ആചാരനുഷ്ഠാനങ്ങൾ, സാമൂഹ്യ ബന്ധങ്ങൾ, കുടുംബബന്ധങ്ങൾ, ജാതിമതകെട്ടുപാടുകൾ, ആദർശങ്ങൾ, ശാസ്ത്ര സാങ്കേതികവിദ്യകളിലുള്ള പ്രാവീണ്യം ഇവയെല്ലാം കണക്കിലെടുക്കേണ്ടതാണ്. മേൽപറഞ്ഞവയെല്ലാം സംസ്ക്കാരം എന്ന നൂലിൽ കോർക്കപ്പെട്ടിരിക്കുന്നു.

അനാദികാലം മുതൽക്കേ മനുഷ്യ സമൂഹത്തിന്റെ വളർച്ചയ്ക്ക് പ്രേരകമായും പോഷണമായും വർത്തിക്കുന്നത് സംസ്ക്കാരമാണ്. മതത്തിന്റേയോ മാനവികതയുടേയോ ധർമ്മദീക്ഷയുടെയോ പേരിൽ മനുഷ്യമനസ്സിൽ പരിവർത്തനം വരുത്തി ലോകത്തെ നന്മയിലേക്കു നയിക്കുന്നത് സംസ്ക്കാരമാണ്. സംസ്ക്കാരത്തിന്റെ മറ്റൊരു സുപ്രപധാന ഘടകമാണ് കായിക സംസ്ക്കാരം. കായികരംഗം, അന്തർദേശീയ മത്സരങ്ങളിൽ മാത്രം പങ്കെടുത്ത് മെഡലുകൾ നേടാൻ മാത്രമുള്ളതല്ല. പ്രത്യുത ഒരു കായിക സംസ്ക്കാരത്തിന്റെ വളർച്ചയാണ് ലക്ഷ്യം. ഒരു സമൂഹത്തിൽ നടത്തുന്ന വിവിധകായിക പ്രവർത്തനങ്ങളുടെ ഫലമായി മുഴുവൻ ജനങ്ങളിലും വളർത്തിയെടുക്കുവാൻ കഴിയുന്ന സ്വഭാവവിശേഷങ്ങളുടെ ആകെത്തുകയാണ് കായികസംസ്ക്കാരമെന്നു പറയാം. കളികൾ ശരീരത്തിനും മനസ്സിനും ആരോഗ്യം നൽകുന്നതാണ്. ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സ് എന്ന ചെല്ല് നിലവിലുണ്ടല്ലോ. കായിക കഴിവുകളുടെ വികാസം ആരോഗ്യകാര്യങ്ങളിൽ മാത്രമല്ല, വിദ്യാഭ്യാസത്തിലും ഉൽപ്പാദനപ്രക്രിയയിലും വിശ്രമവേളകളുടെ സംപൂഷ്ടമായ വിനിയോഗത്തിലും ദൈനംദിന ജീവിതത്തിലൂടനീളവും സ്വാധീനം ചെലുത്തുന്നു. കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഓരോ പഞ്ചായത്തിനും കായിക സംസ്കൃകാരത്തിന്റെ ചുമതല കൈവന്നിരിക്കുകയാണ്.

ഹൈന്ദവരും ക്രൈസ്തവരും ഒത്തൊരുമിച്ച് അധിവസിക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങളുടെ സംസ്ക്കാരം ഹൈന്ദവ ക്രൈസ്തവ സംസ്ക്കാരങ്ങളുടെ ഒരു സമന്വയരൂപമാണെന്നു പറയാം. ഹൈന്ദവ ദേവാലയങ്ങളെയും ക്രൈസ്തവദേവാലയങ്ങളെയും ചുറ്റിപ്പറ്റിയുള്ള തനിമയാർന്ന ആചാരാനുഷ്ഠാനങ്ങൾ ഇന്നും നിലവിലുണ്ട്. എന്നാൽ അവയൊക്കെയും പരസ്പരം അംഗീകരിക്കാനും ഉൾക്കൊള്ളാനും കഴിയുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ഒരു പഞ്ചായത്താണ് ഇത്. എന്നാൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ ഒന്നുതന്നെയില്ല. സാംസ്ക്കാരികസ്ഥാപനങ്ങളും സംഘടനകളും നിരവധിയുണ്ട്. എന്നാൽ കായിക സംസ്ക്കാരത്തിന്റെ കാര്യത്തിൽ നാം പിന്നിലാണ്. സാമ്പത്തികമായി ഒരു നല്ല വിഭാഗം ജനങ്ങൾക്കും അഭിവൃത്തി ഉണ്ടായിട്ടുണ്ട്. വിദ്യാസമ്പന്നരകായ യുവജനങ്ങൾ അമേരിക്കയിലും ഗൾഫ് രാജ്യങ്ങളിലും ജോലിചെയ്യുന്നതും റബ്ബർ കൃഷിയിൽനിന്നു വരുമാനമുള്ളതുമാണ് പ്രധാന കാരണങ്ങൾ.

സ്കൂളുകളോടനുബന്ധിച്ചും അല്ലാതെയും പലതരം കളികൾ ഇവിടെ നിലവിലുണ്ട്. ഫുട്ബോൾ കളി ഈ പ്രദേശത്തെ പ്രധാന കായിക വിനോദമാണ്. ടൂർണമെന്റുകൾ നടത്തപ്പെടുകയും അത് ആസ്വദിക്കാൻ വളരെയധികം ജനങ്ങൾ സമയം കണ്ടെത്തുകയും ചെയ്യാറുണ്ട്. അഭിനയരംഗത്ത് ശോഭിച്ചവരും ഏറെപ്പേരുണ്ട്. ഭാവനാ ആർട്ട്സ് ക്ലബ്ബ് നിരവധി നാടകങ്ങൾ പഠിച്ച് പല സ്ഥലങ്ങളിൽ അവതരിപ്പിച്ചിട്ടുണ്ട്. ഭാവനാ ക്ലബിന്റെ ഓണാഘോഷങ്ങൾ, ഘോഷയാത്ര, വടംവലി മത്സരങ്ങൾ എന്നിവ കണ്ടാസ്വദിക്കാൻ വളരെ അകലങ്ങളിനിന്നു പോലും ആളുകൾ വന്നെത്താറുണ്ട്. ഉഴവൂർ ഫൈൻ ആർട്സ് സൊസൈറ്റി, വി.ഹെൽപ്പ് ക്ലബ്, കലാമുകളം ക്ലബ്, അമലാ മഹിളാ സമാജം, ബ്രദേഴ്സ് ക്ലബ്, സെവൻ ആർട്ട്സ് ക്ലബ്, മൈമാ ക്ലബ്, ലേബർ ഇൻഡ്യാ ക്ലബ്, ദോത്തി ക്രിക്കറ്റ് ക്ലബ് തുടങ്ങിയവ ഈ പ്രദേശത്തെ സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ സേവനം അനുഷ്ഠിക്കുന്നു.

ഉഴവൂരെ ഏറ്റവും വലിയ സാംസ്കാരിക സ്ഥാപനമായ ജയ്ഹിന്ദ് പബ്ലിക്ക് ലൈബ്രറി 1996-ൽ കനക ജൂബിലി ആഘോഷിക്കുകയുണ്ടായി. ആയിരത്തിലേറെ അംഗങ്ങളും പതിനായിരത്തിലേറെ പുസ്തകങ്ങളും ലൈബ്രറിക്കുണ്ട്. അക്ഷര ശ്ലോകസദസ്സ്, കയ്യെഴുത്തുമാസിക, എന്നിവ ഈ ലൈബ്രറിയുടെ മറ്റു പ്രവർത്തനങ്ങളാണ്. മോനിപ്പ

ള്ളിയിൽ ഒരു സാംസ്കാരിക കേന്ദ്രവും പഞ്ചായത്തു വക ലൈബ്രറിയുമുണ്ട്. അരനൂറ്റാണ്ടു മുമ്പു മുതൽക്കേ ഉഴവൂരിൽ പത്രമാസികകൾ ലഭ്യമായിരുന്നു. ഉഴവൂരിനു കിഴക്കുമാറി നെഹൃജി ലൈബ്രറിയും പ്രവർത്തിക്കുന്നു.ഈ പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലും നല്ല നിലയിൽ പ്രവർത്തിക്കുന്ന ലൈബ്രറികളുണ്ട്. ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ ഒരു ഫസ്റ്റ് ഗ്രേഡ് ലൈബ്രറിയും കംപ്യൂട്ടർ സംവിധാനവുമുണ്ട്. വിവിധ ദേവാലയങ്ങളോടനുബന്ധിച്ച് സാമൂഹ്യകമ്മിറ്റികളും, ഭക്തസംഘടനകളും, യുവജനപ്രസ്ഥാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. പള്ളികൾ, ക്ലബ്ബുകൾ എന്നിവയുടെ നേതൃത്വത്തിൽ വിനോദയാത്രകൾ നടത്താറുണ്ട്. 7-ാം വാർഡിലെ നെടുമ്പാറയും ആനക്കല്ലും, 6-ാം വാർഡിലെ പുൽപ്പാറയും സമീപവാസികൾ നേരംപോക്കിനായി സമ്മേളിക്കുന്ന വേദികളാണ്. വിദേശികളെ പോലും ആകർഷിക്കുന്ന പ്രകൃതിരമണീയമായ സ്ഥലങ്ങളാണ് ഇവ.

ഉഴവൂർ ഹൈസ്കൂളിലും കോളേജിലും എൻ.സി.സി. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കോളേജിൽ പ്രവർത്തിക്കുന്ന എൻ.എസ്.എസ്. എന്ന സേവന സംഘടന ഈ നാട്ടിലും സമീപ പ്രദേശങ്ങളിലും സൃഷ്ടിപരമായ വളരെയധികം കാര്യങ്ങൾ ചെയ്യുന്നുണ്ട്. വിവിധ ക്ഷേത്രങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കരയോഗങ്ങൾ സാമൂഹ്യ സേവനങ്ങൾ നൽകിവരുന്നു. ക്രൈസ്തവസന്യാസ സമൂഹങ്ങൾ സാമൂഹ്യരംഗത്ത് നടത്തപ്പെടുന്ന സേവനം എടുത്തുപറയേണ്ടവയാണ്.

നിർദ്ദേശങ്ങൾ

1. നാടകങ്ങൾ പഠിച്ച് അവതരിപ്പിക്കുന്ന പ്രസ്ഥാനങ്ങൾക്ക് പ്രോത്സാഹനമെന്നോണം സാമ്പത്തിക സഹായം നൽകുക. മറ്റു കലകളെയും പ്രോത്സാഹിപ്പിക്കുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുക.
2. കലാ സാംസ്കാരിക മൂല്യങ്ങൾ ഉള്ള പുരാവസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും മ്യൂസിയം സ്ഥാപിക്കുക.
3. പുരാതനങ്ങളായ പാട്ടുകൾ, ശ്ലോകങ്ങൾ ഗ്രന്ഥങ്ങൾ തുടങ്ങിയവ അച്ചടിച്ച് പ്രസിദ്ധീകരിക്കുക.
4. ഗ്രന്ഥകാരന്മാർക്കും സാഹിത്യകാരന്മാർക്കും പ്രോത്സാഹനം നൽകുക.
5. നാടൻ കളികളെ പ്രോത്സാഹിപ്പിക്കുക.
6. സാംസ്കാരിക കേന്ദ്രങ്ങളുടെ പ്രവർത്തനം സജീവമാക്കുവാൻ സഹായം ചെയ്യുക. അവയോടനുബന്ധിച്ച് open air തീയേറ്റർ നിർമ്മിക്കുവാൻ സാമ്പത്തിക സഹായം ചെയ്യുക.
7. ഗ്രന്ഥശാലകളിൽ കൂടുതൽ പുസ്തകങ്ങൾ വാങ്ങുവാനും ഫർണിച്ചറുകൾ ലഭ്യമാക്കുവാനും സഹായം നൽകുക.
8. ലൈബ്രറിയന്മാരുടെ പ്രതിഫലം മെച്ചപ്പെടുത്തുവാൻ ഗ്രാന്റു നൽകുക.
9. ജനങ്ങളിൽ പ്രത്യേകിച്ചു സ്ത്രീകളിൽ വായനാശീലം വളർത്തിയെടുക്കുവാൻ വീടുകളിൽ പതിവായി പുസ്തകങ്ങളെത്തിക്കുവാൻ ഗ്രന്ഥശാലകളോടനുബന്ധിച്ച് സഞ്ചരിക്കുന്ന ലൈബ്രറി സംവിധാനം ഉണ്ടാക്കുക.
10. ബുക്ക്ബൈൻഡിംഗ് പരിശീലനം ഏർപ്പെടുത്തുക. ഗ്രന്ഥശാലാ പ്രവർത്തകർക്ക് ഈ പരിശീലനത്തിന് സ്റ്റൈഫന്റ് നൽകുക.
11. മോനിപ്പള്ളി ഉഴവൂർ എന്നിവിടങ്ങളിൽ പ്രധാന കവലകളിൽ പഞ്ചായത്തുവക T.V. സെറ്റ് സ്ഥാപിക്കുക.
12. പള്ളികൾ, അമ്പലങ്ങൾ എന്നിവയോടനുബന്ധിച്ച് മതപരമായ ഗ്രന്ഥശേഖരങ്ങൾ ഉണ്ടാക്കുവാൻ പ്രത്സാഹനം നൽകുക.
13. നന്നായി പ്രവർത്തിക്കുന്ന ക്ലബുകൾക്ക് ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുക.
14. പാഴായികിടക്കുന്ന പുറമ്പോക്കു ഭൂമികൾ, കുത്തകപ്പാട്ടഭൂമികൾ, എന്നിവ ഏറ്റെടുത്തു സാംസ്ക്കാരിക പരിശീലന സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ സ്ഥാപിക്കാൻ പ്രയോജനപ്പെടുത്തുക.
15. നെടുംപാറ, പുൽപ്പാറ എന്നിവിടങ്ങളിൽ പൊതുയോഗങ്ങളും ചർച്ചതാക്ലാസ്സുകളും നടത്തുന്നതിന് ഉതുകുന്ന വിധം ഇരിപ്പിടങ്ങൾ സ്ഥിരമായി സ്ഥാപിക്കുക. കുടിവെള്ളം എത്തിക്കുക.
16. നമ്മുടെ സാംസ്ക്കാരിക പൈതൃകം നിലനിർത്താനും പരിപോഷിപ്പിക്കാനും ഉതുകുന്ന സെമിനാറുകൾ പ്രഭാഷണങ്ങൾ ഫിലിം പ്രദർശനങ്ങൾ മുതലായവ സംഘടിപ്പിക്കുക.
17. സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക്ദിനം, കേരളപിറവിദിനം മുതലായവ പഞ്ചായത്തുതലത്തിൽ ആഘോഷിക്കുക. ഘോഷയാത്രകൾ നടത്തുക.

18. ഇൻഡോർ ഗെയിംസ് പരിശീലനത്തിന് സൗകര്യമുണ്ടാക്കുക.
19. പഞ്ചായത്തിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുക.
20. നീന്തൽ കുളങ്ങൾ നിർമ്മിക്കുക.
21. സ്പോർട്സ് ക്യാമ്പുകൾ നടത്തുക.
22. കലാകായിക മത്സരങ്ങൾ നടത്തുക.
23. സ്കൂൾ കളിസ്ഥലങ്ങൾ ഉപയോഗിപ്രദമാക്കുന്നതിന് സഹായം നൽകുക.
24. ഓരോ വാർഡിലും പൊതുകളിസ്ഥലങ്ങൾ ഉണ്ടാവുക അഭികാമ്യമാണ്.
25. മോനിപ്പള്ളി പബ്ലിക് ലൈബ്രറിയിൽ പുസ്തക വിതരണം നടത്തുക.

ഉഴവൂർ പഞ്ചായത്തിലെ സാധാരണ ജനങ്ങൾ വായിക്കുന്ന പത്രമാസികകളുടെ സ്ഥിതിവിവര കണക്ക്.

1.	മലയാള മനോരമ	275
2.	ദീപിക	50
3.	മാതൃഭൂമി	300
4.	കേരളകൗമുദി	23
5.	മംഗളം	72
6.	ദേശാഭിമാനി	45
7.	ഇൻഡ്യൻ എക്സ്പ്രസ്	31
8.	ഹിന്ദു	30
9.	രാഷ്ട്രദീപിക സായാഹ്ന പത്രം	55
10.	മലയാള മനോരമ ആഴ്ചപ്പതിപ്പ്	655
11.	മാതൃഭൂമി ആഴ്ചപ്പതിപ്പ്	25
12.	മംഗളം ആഴ്ചപ്പതിപ്പ്	500
13.	കലാകൗമുദി	30
14.	കേരളശബ്ദം	50
15.	രാഷ്ട്രദീപിക ആഴ്ചപ്പതിപ്പ്	68
16.	കരിയർ ദീപിക	15
17.	ബിസ്സിനസ്സ് ദീപിക	12
18.	തൊഴിൽ വാർത്ത	36
19.	ദി വീക്ക്	14
20.	ബാലരമ	140
21.	വനിത	145
22.	കളിക്കുടുക്ക	40
23.	ബാലഭൂമി	125
24.	പൂമ്പാറ്റ	100
25.	ബാലമംഗളം	50
26.	കുട്ടികളുടെ ദീപിക	50
27.	ഇന്ത്യാ ടുഡേ	30
28.	മുത്തശ്ശി	15
29.	കർഷക ശ്രീ	10
30.	കർഷകൻ	14
31.	അമർ ചിത്രകഥ	10
32.	കസ്തൂരി ചിത്രകഥ	10
33.	വിജയവീഥി	13
34.	സ്ത്രീധനം	34
35.	ഗൃഹലക്ഷ്മി	37
36.	മഹിളാരത്നം	20
37.	കന്യക	5
38.	വിദ്യാരംഭം	21
39.	Success Line	2
40.	മാതൃഭൂമി സ്പോർട്സ്	11
41.	ചിത്രഭൂമി	19
42.	വെള്ളിനക്ഷത്രം	5
43.	നാനാ	30
44.	അസ്സീസി	53
45.	വചനോത്സവം	150
46.	ശാലോം	50
47.	അമ്മ മാസിക	20

ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജ് ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം 24,000.

ഉഴവൂർ ജയ്ഹിന്ദ് പബ്ലിക് ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം 9100.

ഉഴവൂർ ഈസ്റ്റ് നെഹ്റുജി പബ്ലിക് ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം 2350.

മോനിപ്പള്ളി പബ്ലിക് ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം 1025.

V. (9). വനിത

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം പഞ്ചായത്തുതലത്തിൽ ജനങ്ങളുടെ സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവും ആത്മീയവും ബൗദ്ധികവുമായ ഉന്നമനവും സ്വയംപര്യാപ്തതയുമാണ്. ജനസംഖ്യയുടെ 50% വരുന്ന സ്ത്രീകളുടെ കാര്യത്തിൽ പുരുഷന്മാരുടെ ഒപ്പം തുല്യ പരിഗണ ലഭിക്കേണ്ടത് ആവശ്യമാണ്. ഇന്നുവരെ അർഹമായ പരിഗണന ലഭിക്കാതെ ടാജ്യകോടിയിൽ തള്ളിയിട്ടിരുന്ന ഒരു വിഭാഗമാണല്ലോ സ്ത്രീകൾ. മാനവരാശിയുടെ മുഴുവൻ പരോഗതിയിലാണ് ലക്ഷ്യം വയ്ക്കുന്നതെങ്കിൽ സ്ത്രീകളെ ഒട്ടുംതന്നെ അവഗണിക്കുവാൻ പാടില്ലാത്തതാണ്. ലോകചരിത്രത്തിൽ സ്ത്രീകൾ അവരുടെ കഴിവ് തെളിയിച്ചിട്ടുണ്ട്. കഴിഞ്ഞ ഗൾഫ് യുദ്ധത്തിൽപോലും പങ്കെടുത്തുകൊണ്ട് സ്ത്രീകൾക്ക് പ്രവർത്തിക്കുവാൻ പറ്റാത്ത ഒരു മേഖലയും ഇല്ലെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്.

ഉഴവൂർ പഞ്ചായത്തിലെ ജനസംഖ്യയിൽ കൂടുതലും സ്ത്രീകളാണ്. ആയുർദൈർഘ്യത്തിലും രോഗികളുടെ നിലവാരത്തിലും കൂടുതലും സ്ത്രീകളാണ്. വിദ്യാഭ്യാസയോഗ്യതയുടെ കാര്യത്തിൽ സ്ത്രീകളും പുരുഷന്മാരും തുല്യരാണ്.

ഭൂവുടമകൾ: പുരുഷന്മാരെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ ഭൂവുടമകളായ സ്ത്രീകൾ കുറവാണ്.

വിവാഹക്കാര്യം: വിവാഹക്കാര്യത്തിൽ സ്ത്രീധന സമ്പ്രദായം ഇപ്പോഴും നിലനില്ക്കുന്നു. സാമ്പത്തികം കുറവുള്ള രക്ഷാകർത്താക്കൾ തങ്ങളുടെ പെൺമക്കളെ കെട്ടിച്ചയയ്ക്കാൻ ബുദ്ധിമുട്ടുന്നുണ്ട്. പഞ്ചായത്തുതലത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സ്ത്രീധനനിരോധനത്തെ സംബന്ധിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത് നല്ലതാണ്. നിർദ്ധനരായ സ്ത്രീകൾക്ക് വിവാഹത്തിന് സാമ്പത്തികസഹായം പഞ്ചായത്ത് തലത്തിൽ ചെയ്യാൻ കഴിയുന്നത് നന്നായിരിക്കും. സ്ത്രീപീഡനങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കണം. സ്ത്രീകളെയും പെൺകുട്ടികളെയും വഴിതെറ്റിക്കുന്ന സാമൂഹ്യവിരുദ്ധർക്കെതിരെ കർശന നടപടിയെടുക്കണം.

കാർഷിക മേഖല: കാർഷികമേഖലയിൽ സ്ത്രീകൾക്ക് പുരഷന്മാരെ അപേക്ഷിച്ച് പരിജ്ഞാനം കുറവാണ്. കാർഷിക മേഖലയിൽ സ്ത്രീകൾക്ക് പരിജ്ഞാനം നൽകുന്നതിനുവേണ്ട നടപടികൾ എടുക്കണം. ജനസേചന സൗകര്യം വർദ്ധിപ്പിക്കുക, ഗ്രൂപ്പ് ഫാമിംഗ് നടത്തുക, വിത്ത്, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ എന്നിവ സൗജന്യമായി സ്ത്രീകൾക്ക് നല്കി പ്രോത്സാഹനം കൊടുക്കുക.

സ്വയം തൊഴിൽ മേഖലകൾ: പച്ചക്കറികൃഷി നടത്തുവാനും കൂൺകൃഷി നടത്തുവാനും സൗജന്യമായി വിത്തുകൾ നല്കുക. കൂൺ കൃഷിക്ക് പരിശീലനം നൽകുക.

കുടിൽ വ്യവസായം: കോഴിവളർത്തൽ, തേനീച്ച വളർത്തൽ, പലഹാരനിർമ്മാണം, കറിപൗഡർ നിർമ്മാണം അച്ചാറുകൾ എന്നിവ ഉണ്ടാക്കുന്നതിനും വേണ്ട സാമ്പത്തികസഹായ സഹകരണങ്ങൾ നൽകുന്നതോടൊപ്പം ആവശ്യമായ പരിശീലനം സൗജന്യമായി പഞ്ചായത്തുതലത്തിൽ നൽകുക.

കാലിവളർത്തൽ, പന്നിവളർത്തൽ: D.W.C.R.A. പദ്ധതി പ്രകാരം 20 പേർ പശുവളർത്തലിലും 9 പേർ പന്നിവളർത്തലിലും ഏർപ്പെട്ടിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ എല്ലാ വാർഡിലും ഈ രീതി പ്രാബല്യത്തിൽ വരുത്തണം. പന്നിവളർത്തൽ ശാസ്ത്രീയമാവണം.

കൂലിനിരക്ക്: പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലി കുറവാണ്. തുല്യജോലിക്ക് തുല്യ വേതനം കിട്ടണം.

മഹിളാസമാജം: മഹിളാസമാജം എല്ലാ വാർഡുകളിലും ഉണ്ടെങ്കിലും എല്ലാവരെയും സംഘടിപ്പിക്കുന്നതിന് അയൽകൂട്ടാടിസ്ഥാനത്തിൽ നടത്തുന്നത് നന്നായിരിക്കും. മഹിളാസമാജം വഴി സ്ത്രീകൾക്ക് പല രംഗത്തും പരിശീലനം നേടാൻ കഴിയണം. അംഗൻവാടികൾ, വൃദ്ധമന്ദിരങ്ങൾ, കുടിൽ വ്യവസായങ്ങൾ എന്നിവ മഹിളാസമാജത്തിന്റെ കീഴിൽ സംഘടിപ്പിക്കുക.

സാമൂഹ്യസേവനരംഗം: സാമൂഹ്യ സേവന രംഗത്ത് വേതനത്തോടുകൂടി പ്രവർത്തിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ സത്രീകളെ നിയോഗിക്കണം. സ്ത്രീകൾക്ക് സാമൂഹ്യരംഗത്ത് നിർബാധം പ്രവർത്തിക്കാൻ കഴിയണം. അപവാദങ്ങൾ, എതിർപ്പുകൾ ഇവ ഉണ്ടാകുന്നതിനാൽ സ്ത്രീകൾ മുന്നോട്ടു വരാൻ മടിക്കുന്നു. ഇതിന് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ സാമൂഹ്യബോധവൽക്കരണ സെമിനാറുകൾ നടത്തുന്നത് നന്നായിരിക്കും.

പെൻഷൻ: വിധവാ പെൻഷൻ, വികലാംഗപെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, അഗതി പെൻഷൻ എന്നിവ നിലവിലുണ്ട്. എന്നാൽ ഇവയുടെ വിതരണത്തിൽ വളരെയധികം അപാകതകൾ ഉണ്ട്. അവ പരിഹരിക്കണം.

കലാമേഖല: സംഗീതം, ഡാൻസ്, ചിത്രകല എന്നിവയിൽ പ്രാവീണ്യം ഉള്ള സ്ത്രീകൾ ധാരാളമുണ്ട്. അവർക്ക് വേണ്ട പ്രോത്സാഹനം നൽകണം. കായിക-കലാരംഗത്ത് അഭിരുചിയുള്ളവർക്കുവേണ്ടി സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ എടുക്കുന്നത് നല്ലതാണ്.

പ്രാഥമികാവശ്യം: സ്ത്രീകൾക്ക് പ്രാഥമികാവശ്യം നടത്തുന്നതിന് നമ്മുടെ പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളായ ഉഴവൂരും, മോനിപ്പള്ളിയിലും മൂത്രപ്പുരയും കക്കൂസ്സും നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ദിവസവും ഓഫീസ് കാര്യങ്ങൾക്കും സ്കൂളുകളിലും പോകുന്ന സ്ത്രീകളുടെ എണ്ണം അനവധിയാണ്.

ഇന്ധനക്ഷാമം: നമ്മുടെ പഞ്ചായത്തിൽ ദൗർലഭ്യം അനുഭവപ്പെടുന്ന ഒരിനമാണ് ഇന്ധനം. ഇത് പരിഹരിക്കുന്നതിന് കൂടുതൽ ബയോഗ്യാസ് പ്ലാന്റുകളും, വിറക് ഉപയോഗം കുറയ്ക്കുന്നതിന് ഉതകുന്ന പരിഷത് അടുപ്പുകളും നടപ്പിൽ വരുത്തേണ്ടതാണ്. ഇവയുടെ അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്തുതലത്തിൽ സംവിധാനം ഉണ്ടാക്കുക.

പ്രശ്നങ്ങൾ

1. അഭ്യസ്ഥവിദ്യരായ വനിതകളുടെ തൊഴിലില്ലായ്മ.
2. സ്ത്രീകളുടെ വർഗ്ഗബോധമില്ലായ്മ.
3. സ്ത്രീകളുടെ ഐക്യമില്ലായ്മ.
4. പൊതുരംഗത്ത് ഇറങ്ങുവാനുള്ള വിമുഖത.
5. തുല്യജോലിക്ക് തുല്യവേതനമില്ലാത്ത അവസ്ഥ.
6. തൊഴിൽ സംരഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള ധൈര്യക്കുറവ്.
7. സ്ത്രീകളുടെ മാന്യത നഷ്ടപ്പെടുത്തുന്ന പരസ്യങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ വർദ്ധനവ്.
8. സ്ത്രീകളുടെ ബലഹീനത ചൂഷണം ചെയ്തുകൊണ്ട് കൂടുതൽ ജോലിയും അടിമത്തവും അടിച്ചേല്പിക്കപ്പെടുന്നു.

നിർദ്ദേശങ്ങൾ

1. ഉഴവൂരും മോനിപ്പള്ളിയിലും സ്ത്രീകൾക്ക് പ്രത്യേകം മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക.
2. പച്ചക്കറികൃഷി, കുടിൽവ്യവസായമായി പ്രഖ്യാപിച്ച് നടപ്പിൽവരുത്തുക.
3. വനിതാ സഹകരണസംഘങ്ങൾ സ്ഥാപിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
4. ഗ്രന്ഥശാലയോട് അനുബന്ധിച്ച് സ്ത്രീകൾക്ക് പ്രത്യേ റീഡിംഗ് റൂം ഏർപ്പെടുത്തുക.
5. മഹിളാസമാജത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുക.
6. പഞ്ചായത്തടിസ്ഥാനത്തിൽ സ്ത്രീകൾക്കായി ആരോഗ്യശുചീകരണ സെമിനാറുകൾ സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തുക.
7. എല്ലാ കോളനികളിലും കമ്മ്യൂണിറ്റി ഹാളുകൾ സ്ഥാപിച്ച് ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക.
8. സ്ത്രീകളുടെ കലാവാസന പരിപോഷിപ്പിക്കുന്നതിനുവേണ്ടി, പരിശീലനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുക.
9. വിധവകളുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനുള്ള ധനസഹായത്തിനുള്ള വരുമാന പരിധി 10,000 രൂപയായി ഉയർത്തി നടപടിക്രമങ്ങൾ ലഘൂകരിക്കുക.
10. സ്ത്രീകൾ പങ്കെടുക്കുന്ന പരിപാടികൾ കൃത്യസമയത്ത് ആരംഭിക്കുകയും കൃത്യസമയത്തുതന്നെ അവസാനിപ്പിക്കുകയും ചെയ്യണം.
11. സ്വത്തിന്മേലുള്ള ഉടമസ്ഥാവകാശം സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമാക്കുക.
12. മതപരമായ നിലയിൽ N.S.S. കരയോഗങ്ങളിലും, S.N.D.P. യോഗങ്ങളിലും, പള്ളിപ്പൊതുയോഗങ്ങളിലും സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യം നൽകുക.

ഉഴവൂർ ഗ്രാമപഞ്ചായത്ത് - വാർഡുതലത്തിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം

വാർഡ്	1	2	3	4	5	6	7	8	9	ആകെ
1. കർഷകർ	20	16	40	19	35	28	12	50	82	402
2. കർഷകത്തൊഴിലാളികൾ	90	39	55	45	32	63	32	75	68	499
3. വ്യാപാരവ്യവസായം	4	-	3	5	2	1	3	5	-	23
4. കുടിൽ വ്യവസായം	4	2	1	1	-	18	6	8	4	44
5. കെട്ടിടനിർമ്മാണം	21	22	55	3	20	6	16	20	14	177
6. വിദേശജോലി	20	33	11	6	48	19	26	30	27	220
7. മറ്റു സംസ്ഥാനത്ത് ജോലി	23	14	22	25	36	18	32	20	34	221
8. സർക്കാർ സഹകരണമേഖല	11	18	19	13	9	7	2	15	18	112
9. സ്വകാര്യ മേഖല	16	3	110	5	22	18	6	4	7	91
10. കരിങ്കൽ പണി	14	2	8	3	4	3	16	1	1	52
11. മരം മുറിക്കൽ	6	-	12	3	-	1	-	1	-	23
12. കാലിവളർത്തൽ	5	4	10	6	11	166	104	2	1	329
13. മറ്റ് ജോലിക്കാർ	1	-	4	-	-	-	-	-	-	5
ആകെ	235	153	350	234	219	348	255	231	276	2301

V. (10). സഹകരണം

ഉഴവൂർ പ്രദേശത്ത് ആദ്യമായി പ്രവർത്തന മാരംഭിച്ച സഹകരണ പ്രസ്ഥാനമാണ് 91-ാം നമ്പർ നായർ സർവ്വീസ് സഹകരണ സംഘം. അതിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. രാമൻ നായർ മാടവന ആയിരുന്നു. പിന്നീട് ശ്രീ. കെ.കെ. മാത്യു കപ്പടക്കുന്നേൽ പ്രസിഡണ്ടായി 1845-ാം നമ്പർ വിവിധോദ്ദേശ സഹകരണ സംഘം സ്ഥാപിതമായി. അതിനുശേഷമാണ് ശ്രീ. എം.എൻ. നാരായണൻ ഇളയത് മറ്റവന ഇല്ലം പ്രസിഡന്റായി 3810-ാം നമ്പർ ഉഴവൂർ സർവ്വീസ് സഹകരണ ബാങ്ക് 1955-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു തുടങ്ങിയത്. കുറെ വർഷങ്ങൾക്ക് ശേഷം 1845-ാം നമ്പർ സഹകരണസംഘവും 91-ാം നമ്പർ സഹകരണസംഘവും 3810-ാം നമ്പർ ഉഴവൂർ സർവ്വീസ് സഹകരണ ബാങ്കിനോട് അമാൽഗമേറ്റ് ചെയ്തു. രണ്ട് വില്ലേജുകൾക്കുള്ള ഏക സ്ഥാപനമാണിത്. മോനിപ്പള്ളി ഇടക്കോലി എന്നീ സ്ഥലങ്ങളിൽ ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്.

ഉഴവൂർ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ളതും എറ്റവും കൂടുതൽ വായ്പകൾ വിതരണം ചെയ്യുന്നതുമായ ഏക സഹകരണസ്ഥാപനമാണിത്. വർഷങ്ങളായി മീനച്ചിൽ താലൂക്കിലെ ഒരു ''എ' ക്ലാസ്സ് ബാങ്ക് എന്ന നിലയിൽ വളരെ ലാഭകരമായി പ്രവർത്തിച്ചുവരുന്നു. അംഗങ്ങൾക്ക് ഓഹരി ഒന്നിന് 20% ലാഭവിഹിതം ഇപ്പോൾ കൊടുക്കുന്നുണ്ട്. അംഗങ്ങളുടെ എല്ലാവിധ ആവശ്യങ്ങൾക്കും വായ്പകൾ നൽകുന്നുണ്ട്. ഈ ബാങ്കിൽ നിലവിൽ 22 നമ്പരുകളിലായി 5.5 ലക്ഷം രൂപ സലയുള്ള പ്രതിമാസച്ചിട്ടികൾ നടത്തുന്നുണ്ട്. വളരെ എളിയ നിലയിൽ പ്രവർത്തനമാരംഭിച്ച ഈ ബാങ്ക് ഇപ്പോൾ 19 ലക്ഷം രൂപാ ഓഹരി മൂലധനവും ഏഴുകോടിയിൽപരം രൂപ ഡിപ്പോസിറ്റുമുള്ള ഒരു വൻപ്രസ്ഥാനമായി വളർന്നിരിക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ ഉഴവൂർ സഹകരണ ബാങ്ക് ഈ പഞ്ചായത്തിലെ കൃഷിക്കാരുടേയും സാധാരണക്കാരുടേയും ആശാകേന്ദ്രമായി പ്രവർത്തിച്ചുവരികയാണ്.

ഇഞ്ചി കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി അഡ്വ. ശ്രീ. എ.സി. പത്രോസ് അറയ്ക്കൽ പ്രസിഡണ്ടായി 1957-ൽ പ്രവർത്തന മാരംഭിച്ച സഹ സ്ഥാപനമാണ് മോനിപ്പള്ളി ജിഞ്ചർ മാർക്കറ്റിംഗ് സഹകരണസംഘം. പില്ക്കാലത്ത് ഇതിന്റെ പ്രവർത്തനപരിധിയും പ്രവർത്തനമേഖലകളും വർദ്ധിപ്പിച്ച് മോനിപ്പള്ളി മാർക്കറ്റിംഗ് സഹകരണ സംഘം എന്ന പേരിലാണിപ്പോൾ അറിയപ്പെടുന്നത്. ദേശീയ സഹകരണ സ്ഥാപനമായ നാഫെഡിൽ അംഗത്വമുള്ള ചുരുക്കം സഹകരണ സ്ഥാപനങ്ങളിൽ ഒന്നായ ഈ സംഘത്തിന് റബ്ബർ, കുരുമുളക്, ചുക്ക്, മഞ്ഞൾ തുടങ്ങിയ വിവിധ കാർഷിക വിളകളിലായി 95-96-ൽ 8 കോടി രൂപയുടെ വിറ്റുവരവുണ്ട്. കേരകർഷകരുടെ താല്പര്യപ്രകാരം കോക്കനട്ട് പ്രോക്യൂയർമെന്റ് ആന്റ് പ്രോസസിംഗ് യൂണിറ്റ് എന്ന പേരിൽ ഒരു കൊപ്ര ഡ്രയറും, റബ്ബർ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി ഒരു ക്രീം ലാറ്റക്സ് ഫാക്ടറിയും ഉള്ള ഈ സ്ഥാപനം കാർഷിക മേഖലയ്ക്ക് ഉണർവ്വും പ്രചോദനവും പ്രദാനം ചെയ്യുന്നു.

നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും ഗുണമേന്മയുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിനും വേണ്ടി 1974-ൽ ഉഴവൂർ കൺസ്യൂമർ സഹകരണ സംഘം സ്ഥാപിതമായി. നല്ല നിലയിൽ വളർന്നുവന്നെങ്കിലും ഇടക്കാലത്ത് പ്രവർത്തനം അല്പം മന്ദീഭവിക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ ഈ സംഘം നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

സ്കൂൾ കോളേജ് അദ്ധ്യാപകരുടേയും, അനദ്ധ്യാപകരുടേയും ഉന്നമനം ലക്ഷ്യമാക്കി 1975-ൽ ഉഴവൂർ അദ്ധ്യാപകസഹകരണസംഘം പ്രവർത്തനമാരംഭിച്ചു. മീനച്ചിൽ താലൂക്കിലെ എംപ്ലോയീസ് സഹകരണ സംഘങ്ങളിൽ നന്നായി പ്രവർത്തിക്കുന്ന ഒന്നാണിത്. അംഗങ്ങൾക്ക് മിതമായ പലിശനിരക്കിൽ വായ്പകൾ നല്കുന്നതിനുള്ള ഡിപ്പോസിറ്റുകൾ ഈ സംഘത്തിനുണ്ട്.

വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെ പാഠപുസ്തകങ്ങളും മറ്റ് അവശ്യസാധനങ്ങളും ന്യായമായ വിലയ്ക്ക് കൃത്യസമയത്ത് ലഭിക്കുന്നതിന് വേണ്ടി 1976-ൽ ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജ് സഹക

രണ സംഘവും മോനിപ്പള്ളി ഹോളിക്രോസ് ഹൈസ്കൂൾ സഹകരണ സംഘവും പ്രവർത്തനമാരംഭിച്ചു. അവ എല്ലാം തന്നെ ഇപ്പോൾ വളരെ ഭംഗിയായി പ്രവർത്തിച്ചു വരുന്നു.

1976-ൽ മോനിപ്പള്ളിയിലും 1977-ൽ ഉഴവൂരും ഓരോ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ആരംഭിച്ചു. പാൽവില പരമാവധി കൂട്ടിയിട്ടും ഉഴവൂർ മോനിപ്പള്ളി പ്രദേശങ്ങളിൽ പാലിന്റെ ഉല്പാദനം കുറവായതിനാൽ ഉഴവൂർ മിൽക്ക് സൊസൈറ്റിയിൽ മൊത്തം ടേൺ ഓവർ കുറവാണ്. എല്ലായ്പ്പോഴും പ്രാദേശികാവശ്യങ്ങൾക്ക് പാൽ തികയാതെ വരുന്ന ഒരു സാഹചര്യമാണിപ്പോഴുള്ളത്.

ഉഴവൂർ പഞ്ചായത്തിലെ വനിതാക്ഷേമം പരിഗണിച്ച് 1991-ൽ ഉഴവൂർ ബ്ലോക്ക് വനിതാ സംഘം സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. വനിതകളുടെ ഉന്നമനം ലക്ഷ്യമാക്കി ചിട്ടി, തയ്യൽ പരിശീനം, ടൈപ്പ് റൈറ്റിംഗ്, പാചകം ഈ മേഖലകളിലെല്ലാം വളരെയേറെ പ്രവർത്തന സാദ്ധ്യതകളുള്ള ഒരു നല്ല സഹ.സംഘമാക്കി ഇതിനെ വളർത്തിയെടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കാം.

പാലായിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാർഷിക വികസന ബാങ്കിൽ നിന്ന് റബ്ബർകൃഷി, റൂറൽ ഹൗസിംഗ്, മൈനർ ഇറിഗേഷൻ, കാർഷികേതരം, വാഹനം എന്നീ ഇനങ്ങളിലായി ഈ പഞ്ചായത്തിലെ 117 അംഗങ്ങൾ ഏകദേശം 32,45540 രൂപ വായ്പ എടുത്തിട്ടുണ്ടെന്നറിയുന്നു. ഈ ബാങ്കിന്റെ സേവനം ജനങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

മീനച്ചിൽ താലൂക്ക് അർബ്ബൻ ബാങ്കിന്റെ ഒരു ബ്രാഞ്ച് ഉഴവൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ ധാരാളം ആളുകൾ ഈ ബാങ്കിൽ അംഗത്വമെടുത്ത് കാർഷികേതര ആവശ്യങ്ങൾക്കായി വായ്പകൾ എടുക്കുന്നുണ്ട്.

കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖ വളരെ നല്ല നിലയിൽ ഉഴവൂരിൽ പ്രവർത്തിക്കുന്നുണ്ട്.

കിടങ്ങൂർ ഭവനനിർമ്മാണ സൊസൈറ്റിയുടെ പ്രവർത്തന പരിധിയിലാണ് ഉഴവൂർ പഞ്ചായത്തും ഉൾപ്പെടുന്നത്. നിലവിൽ ഉഴവൂർ പഞ്ചായത്തിലെ 16 പേർക്ക് ഈ സൊസൈറ്റിയിൽ അംഗത്വമുണ്ടെന്നും, മൊത്തം ഏകദേശം 7,23,000 രൂപയോളം വായ്പ എടുത്തിട്ടുണ്ടെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത സൊസൈറ്റിയുടെ ഒരു ശാഖ ഉഴവൂരിൽ തുറന്ന് പ്രവർത്തിക്കേണ്ടത് അവശ്യം ആവശ്യമാണ്.

സഹകരണ പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ വേരൂന്നി വളർന്നിട്ടുണ്ട്. നാടിന് അതിന്റേതായ ഉണർവ്വും അഭിവൃദ്ധിയും ഉണ്ടായിട്ടുണ്ടെന്ന് നിസ്സംശയം പറയാം. സഹകരണ പ്രസ്ഥാനങ്ങൾ വഴി ജനങ്ങൾക്ക് ഭാവിയിലും കൂടുതൽ അഭിവൃദ്ധി ഉണ്ടാകേണ്ടതുണ്ട്. അത് നാടിന്റെ പുരോഗതിക്ക് ആവശ്യമാണ്. ആയതിലേയ്ക്ക് താഴെപ്പറയുന്നു നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

നിർദ്ദേശങ്ങൾ

1. ചെറുകിട പരിമിത കർഷകരുടെ വായ്പയ്ക്ക് പലിശനിരക്ക് കുറയ്ക്കുക. വൻകിട-ചെറുകിട കർഷകരുടെ വായ്പകൾക്ക് സർവ്വീസ് സഹകരണബാങ്ക് ഒരേ പലിശ നിരക്ക് ഈടാക്കുന്നു. ഈ നയം മാറണം. നിശ്ചിത ഏക്കറിൽ താഴെ ഭൂമിയുള്ള (1 ഏക്കറോ, 1.5 ഏക്കറോ) കർഷകർക്ക് നല്കുന്ന നിശ്ചിത തുകയിൽ താഴെയുള്ള വായ്പയ്ക്കു കുറഞ്ഞ നിരക്കിൽ പലിശ ഈടാക്കുക.

2. സഹകരണ സംഘത്തിൽ നിന്നും കാർഷികാവശ്യത്തിന് എടുക്കുന്ന വായ്പയ്ക്ക്, പണയാധാരം രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള രജിസ്റ്റർ ഫീസ് നിർത്തലാക്കുക.

3. സഹകരണ സ്ഥാപനങ്ങളിൽ റഗുലേറ്റഡ് മാർക്കറ്റിംഗ് സമ്പ്രദായം നടപ്പിലാക്കി കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുക. പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളിൽ കോടിക്കണക്കിന് തുക ഡിപ്പോസിറ്റ് ഉണ്ട്. ഈ തുക റബ്ബർ, കുരുമുളക് തുടങ്ങിയ കാർഷികോല്പന്നങ്ങളുടെ ഈടിന്മേൽ നിശ്ചിത തുക വായ്പയായി കർഷകർക്ക് നല്കുക. കാർഷോകോല്പന്നങ്ങളുടെ സംഭരണത്തിനായി ഒരു വെയർഹൗസ് നിർമ്മിക്കുക.

4. മോനിപ്പള്ളി മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. ഇടനിലക്കാരെ ഒഴിവാക്കി കർഷകരിൽ നിന്നും ഉല്പന്നങ്ങൾ വാങ്ങുക നിക്ഷേപസമാഹരണം നടത്തി പ്രവർത്തന ഫണ്ട് സമാഹരിക്കുക. ദേശീയ സമ്പാദ്യപദ്ധതിയിൽ പങ്കുചേർന്ന് സമ്പാദ്യം വർദ്ധിപ്പിക്കുക.

5. സഹകരണ ബാങ്കുകളിലെ കാർഷിക വായ്പയുടെ പരിധിയുയർത്തി ബ്ലെയിഡു കമ്പനികളിൽനിന്നും കർഷകനെ മോചിപ്പിക്കുക.

6. സഹകരണ ബാങ്കുകളിലെ നിക്ഷേപം ഉപയോഗിച്ചു ഹൗസിംഗ് ലോൺ നൽകുക.

7. മിൽക്ക് സൊസൈറ്റികളോടനുബന്ധിച്ച് മിൽക്ക് ചോക്ലയിറ്റ്, കട്‌ലറ്റ് തുടങ്ങിയ പാൽ ഉല്പന്ന സാധനങ്ങൾ നിർമ്മിച്ചു വില്ക്കുക.

8. പഞ്ചായത്തിൽ വനിത സഹകരണ സംഘം സ്ഥാപിച്ചു പ്രവർത്തനം നടത്തുക.

9. മോനിപ്പള്ളിയിൽ ജില്ലാ സഹകരണബാങ്കിന്റേയും മോനിപ്പള്ളി ഉഴവൂർ എന്നിവടങ്ങളിൽ കിടങ്ങൂർ ഹൗസിംഗ് സൊസൈറ്റിയുടെയും ബ്രാഞ്ചുകൾ ആരംഭിച്ചു പ്രവർത്തിക്കുക.

10. മോനിപ്പള്ളി മാർക്കറ്റിംഗ് സഹകരണസംഘത്തിന്റെ ബ്രാഞ്ച് ഉഴവൂരിൽ ആരംഭിക്കുക.

11. സഹകരണ അടിസ്ഥാനത്തിൽ റബ്ബർ കൊക്കോ നാളികേരം എന്നിവയെ അടിസ്ഥാനമാക്കി വ്യവസായ സംരഭങ്ങൾ ആരംഭിക്കേണ്ടതാണ്.

12. സഹകരണസംഘത്തിലെ കോമൺഫണ്ട് സാമൂഹിക സേവനത്തിനായി ഉപയോഗിക്കുക.

13. ഉഴവൂർ കൺസ്യൂമർ സഹകരണ സംഘത്തിൽ ചിട്ടി നടത്തുന്നതിന് അനുവാദം നൽകുക.

14. ബാങ്ക് ലോൺ അനുവദിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ലഘൂകരിച്ചു ലോൺ ലഭ്യമാക്കുക.

15. സഹകരണ സ്ഥാപനങ്ങളിലെ ലാഭവിഹിതം അംഗങ്ങൾക്കു കൂടുതൽ നല്കുക.

സഹകരണ പ്രസ്ഥാനങ്ങൾ ഒറ്റ നോട്ടത്തിൽ

ക്രമ നമ്പർ	സംഘത്തിന്റേ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	അംഗസംഖ്യ	പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	സ്റ്റാഫ്
1.	ഉഴവൂർ സർവ്വീസി സഹ.ബാങ്ക്	1955	8802	19,23,910-00	23
2.	മോനിപ്പള്ളി മാർക്കറ്റിംഗ് സഹകരണ സംഘം	1957	2756	2548825.00	14
3.	ഉഴവൂർ കൺസ്യൂർ സഹകരണ സംഘം	1974	2153	1,33,380.00	2
4.	ഉഴവൂർ അദ്ധ്യാപക സഹകരണ സംഘം	1975	579	421140.00	3
5.	സെന്റ് സ്റ്റീഫൻസ്കോളജ് സഹ.സംഘം	1976	11970	144389.00	2
6.	ഉഴവൂർ ഒ.എൽ.എൽ. ഹൈസ്കൂൾ സഹ.സംഘം	1976	5308	6280.00	1
7.	മോനിപ്പള്ളി ഹോളിക്രോസ് ഹൈസ്കൂൾ സഹ.സംഘം	1976	2700	2700	1
8.	മോനിപ്പള്ളി ക്ഷീരോദ്പാദക സഹ. സംഘം	1976	461	4610.00	3
9.	ഉഴവൂർ ക്ഷീരോദ്പാദക സഹകരണ സംഘം	1977	252	2940.00	2
10.	ഉഴവൂർ ബ്ലോക്ക് വനിത സഹകരണ സംഘം	1991	226	34,225.00	1

V. (11). പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

നമ്മുടെ സംസ്ഥാനത്തിലെ ഗ്രാമങ്ങളുടെ സമഗ്രവികസനത്തെ ലക്ഷ്യമാക്കി ആസൂത്രണം ചെയ്യുന്ന പുതിയ ജനകീയാസൂത്രണ പദ്ധതിയിൽ ഹരിജന ഗിരിജന ക്ഷേമത്തിനായി സർക്കാർ പ്രത്യേകമായ ഊന്നൽ കൊടുത്തിരിക്കുന്നത് വളരെയധികം പ്രോത്സാഹജനകമാണ്. തലമുറ തലമുറകളായി നൂറ്റാണ്ടുകളായി അടിമത്തത്തിലും അവഗണനയിലും കഴിഞ്ഞുകൂടിയ ഒരു ജനവിഭാഗമായിരുന്നു ഹരിജനങ്ങൾ. പ്രഭാതം മുതൽ പ്രദോഷം വരെ പാടത്തും പറമ്പിലും പണിയെടുക്കാനും ഉല്പാദനം വർദ്ധിപ്പാക്കാനും മാത്രം വിധിക്കപ്പെട്ടവരായിരുന്നു. അവർക്കുള്ള അവകാശങ്ങൾ ഭൂവുടമയുടെ ഔദാര്യങ്ങൾ മാത്രമായിരുന്നു. ഗിരിജനങ്ങളാകട്ടെ ഉഴവൂർ പഞ്ചായത്തിൽ വിരളമായിട്ടു മാത്രമെ താമസക്കാരായി ഉള്ളു. അതായത് 12 കുടുംബങ്ങൾ.

ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിൽ മഹാത്മജി നയിച്ച ഹരിജനോദ്ധാരണ പ്രവർത്തനങ്ങളുടെ ഫലമായി അസ്പൃശ്യത കുറയൊക്കെ മാറുകയും വിദ്യാഭ്യാസത്തിൽ കുറച്ച് താല്പര്യം ഉണ്ടാകുകയും ചെയ്തതോടെ സാമൂഹ്യ നിലവാരം അല്പമൊക്കെ മെച്ചപ്പെട്ടു. ഈ പഞ്ചായത്തിൽ ഹരിജൻ കോളനികൾ 1,3,4,9 വാർഡുകളിൽ നിലവിലുണ്ട്. ഒന്നാം വാർഡിൽ 30, മൂന്നാം വാർഡിൽ 15, നാലാം വാർഡിൽ 10, ഒമ്പതാം വാർഡിൽ 15 വീതം ഹരിജൻ വീടുകകൾ ഉണ്ട്. ഈ പഞ്ചായത്തിലെ 9 വാർഡുകളിലും കൂടി 295 ഹരിജൻ വീടുകളുണ്ട്. കോളനിയിലെ അടിസ്ഥാനസൗകര്യങ്ങൾ തീരെ തൃപ്തികരമല്ല. കുടിവെള്ളം, വൈദ്യുതി, കക്കൂസ്, റോഡ് എന്നിവ എല്ലാവർക്കും ലഭ്യമല്ല.

സാമ്പത്തിക ഭദ്രതയിൽ പിന്നോക്കാവസ്ഥയാണ്. അക്ഷരാഭ്യാസമില്ലാത്തവർ വിരളമായിട്ടായാലും ഉണ്ട്. നിരക്ഷരർ കൂടുതൽ പ്രായമായവരിലുണ്ട്. കുട്ടികൾ സ്കൂളിൽ പോകുന്നുണ്ടെങ്കിലും ഇടയ്ക്ക്വച്ച് പഠനം നിർത്തുന്ന അവസ്ഥയും ഉണ്ട്. ഇതിന് കാരണം മാതാപിതാക്കളുടെ ഉപേക്ഷയും സാമ്പത്തിക ബുദ്ധിമുട്ടും മറ്റു തൊഴിലിന് പോകേണ്ടി വരുന്നതും ആണ്.

ഹരിജനങ്ങൾ കൂലിപ്പണിചെയ്താണ് ജീവിക്കുന്നത്. അധികം പേരും കൃഷിപ്പണിയാണ് ചെയ്യുന്നത്. സ്വന്തമായി വീടില്ലാത്തവർ ധാരാളമുണ്ട്. സ്വന്തമായി ഭൂമിയില്ലാത്തതാണ് വീടില്ലാത്തതിന് കാരണം.

ബഹുജനസംഘടനകളുടെ നേതൃത്വത്തിൽ ഹരിജനങ്ങൾ ആരുമില്ല. ജാതിപരമായ ഉച്ചനീചത്വങ്ങൾ കുറയൊക്കെയുണ്ട്. ഇവരുടെ വീടുകളിൽ ഇതരർ അത്യാവശ്യ ചടങ്ങുകളിൽ സംബന്ധിയ്ക്കുന്നുണ്ട്. ചില ഭാഗങ്ങളിൽ ജാതിപ്പേര് ചേർത്ത് വിളിക്കാറുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വന്നു താമസിയ്ക്കുന്നവരും വഴിയോരവാസികളും കുറെയൊക്കെയുണ്ട്.

പൊതുനിർദ്ദേശങ്ങൾ

1. പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, വിദ്യാഭ്യാസ സൗകര്യങ്ങൾ, കക്കൂസ്, കുളിമുറി, റോഡ്, വഴിവിളക്കുകൾ എന്നിവ അത്യവശ്യമായും നൽകണം.

2. പകർച്ചരോഗങ്ങൾ വരുമ്പോൾ രോഗികളെ മാറ്റിപാർപ്പിച്ച് ചികിത്സിക്കുന്നതിന് ഹരിജൽ കോളനിയോടനുബന്ധിച്ച് എല്ലാ സൗകര്യങ്ങളോടും കൂടിയ പൊതു ആരോഗ്യ സംരക്ഷണ കേന്ദ്രം സ്ഥാപിക്കണം.

3. ഈ പഞ്ചായത്തിൽ രണ്ടു വില്ലേജുകളിലും ഒരു പൊതു ശ്മശാനമെങ്കിലും വേണം.

4. ബാലവാടി-അംഗൻവാടി സൗകര്യങ്ങൾ ഉണ്ടാകണം.

5. വാനശാലകൾ, വ്യവസായ യൂണിറ്റുകൾ എന്നിവയും ഹരിജനോദ്ധാരണത്തിന് ആവശ്യമാണ്.

6. സ്വന്തമായി സ്ഥലമില്ലാത്ത കാരണത്താൽ വീട് വയ്ക്കുവാൻ സാധിക്കാത്തവർക്ക്, സർക്കാർ ചെലവിൽ സ്ഥലം വാങ്ങി വിതരണം ചെയ്യണം. കൈവശഭൂമിക്ക് പട്ടയം കൊടുക്കുക.

7. വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ജോലി ലഭ്യമാക്കണം.

8. വിദ്യാഭ്യാസ യോഗ്യതയില്ലാത്ത ഹരിജനങ്ങൾക്കും അർഹമായ തൊഴിൽ ലഭ്യമാക്കണം.

9. ഹരിജനങ്ങളിൽ കലാപരമായി വാസനയുള്ളവരെ പ്രോത്സാഹിപ്പിക്കേണ്ടതും അവർക്ക് കലയിൽ ഉപരിപഠനത്തിനുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതുമാണ്.

10. ദേവസ്വം ബോർഡിന്റെ കീഴിലുള്ള ആഫീസുകളിലും ക്ഷേത്രങ്ങളിലും ഹരിജനങ്ങൾക്ക് പ്രത്യേകം പരിശീലനം നൽകി ജോലികൊടുക്കണം.

11. ആര്യവേപ്പ് തുടങ്ങിയ ഔഷധ ചെടികൾ കൊണ്ടുള്ള അതിർവേലികൾ ഉണ്ടാക്കുന്നതിനുള്ള അറിവും പ്രോത്സാഹനവും കൊടുക്കുക.

12. അർഹരായ എല്ലാ തൊഴിലാളികൾക്കും വിവിധ തൊഴിൽ ആനുകൂല്യങ്ങളും വിവിധ ഇനം പെൻഷനുകളും ലഭിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.

13. ഹരിജൻ കുട്ടികൾ വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമാണ്. അവരുടെ S.S.L.C. വരെയെങ്കിലും വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിനുള്ള കർമ്മപരിപാടി നടപ്പിലാക്കണം. പഞ്ചായത്ത് തലത്തിൽ S.S.L.C., P.D.C., ക്ക് ഏറ്റവും കൂടുതൽ മാർക്ക് മേടിക്കുന്ന കുട്ടികൾക്ക് നല്ല പ്രോത്സാഹനസമ്മാനം കൊടുക്കുക.

14. ഹരിജനാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

15. ഓരോ വീടിനും ഒരു പച്ചക്കറിതോട്ടം ഉണ്ടാക്കുന്നതിന് വേണ്ട പ്രോത്സാഹനം കൊടുക്കുക.

16. പശു, ആട്, പന്നി, മുയൽ, കോഴി തുടങ്ങിയവ ഓരോരുത്തരുടെയും സൗകര്യങ്ങൾക്കനുസൃതമായി വളർത്തുന്നതിന് പ്രോൽസാഹനങ്ങൾ ചെയ്തുകൊടുത്തു ഓരോ കുടുംബത്തിന്റെയും വരുമാനം വർദ്ധിപ്പിക്കുക.

17. ഹരിജനോദ്ധാരണം ലക്ഷ്യമാക്കി പഞ്ചായത്ത തിസ്ഥാനത്തിൽ സൊസൈറ്റികൾ സ്ഥാപിക്കുക.

ഹരിജൻ കോളനികളുടെ സ്ഥിതിവിവരക്കണക്കുകൾ താഴെ ചേർക്കുന്നു.

ഉഴവൂർ ഗ്രമാപഞ്ചായത്തിലെ ഹരിജൻ കോളനികളുടെ സ്ഥിതിവിവരക്കണക്കുകൾ

വാർഡ്	കോളനിയുടെ പേര്	ആകെ വീടുകൾ	പണിപൂർത്തിയായ വീടുകൾ	പണിയേണ്ട വീടുകൾ	അനുവാദം ലഭിച്ചിട്ടും പണിയാത്ത വീടുകൾ	കക്കൂസ് ഉള്ള വീടുകൾ	വൈദ്യുതി കണക്ഷൻ ലഭിച്ചവീട്	സൗജന്യ സ്ലാബിൽ വൈദ്യുതി ഉപയോഗി വീടുകൾ	കുടിവെള്ള സൗകര്യം	പ്രശ്നങ്ങളും നിർദ്ദേശങ്ങളും
1.	മോനിപ്പള്ളിഹരിജൻ കോളനി	46	35	7	4	7	26		8 മാസത്തേക്ക് മാത്രം കോളനി കിണറിൽ വെള്ളം കിട്ടുന്നുള്ളു	26 വീടുകളിൽ വൈദ്യുത കണക്ഷൻ ലഭിക്കണം.
3.	കുടുക്കപ്പാറ കോളനി O.L.H.	32	20	11	1	20	6		കുടിവെള്ളം 8 മാസം കഴിഞ്ഞാൽ ബുദ്ധിമുട്ടുണ്ട്	കുടിവെള്ളവും വെളിച്ചവും, വഴിയും എത്രയും വേഗം സാധിച്ചുതരണം
4.	മണിയാക്കുപാറ	14	9	5	-	-	1	1	കുടിവെള്ള സൗകര്യം ഉണ്ട്	വെളിച്ചവും വഴിയും എത്രയും വേഗം സാധിച്ചുതരണം.
9.	അരീക്കരക്കോളനി (മുള്ളൻകുഴി)	20	20	-	-	20	ഇല്ല	-	8മാസത്തേക്ക് വെള്ളമുള്ള കിണർ	ഒരു വീട്ടിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ജലലഭ്യത ഉണ്ടാകണം..
6.	തറയ്ക്കാനൽ (പുൽപ്പാറ) കോളനി	20	17	3	-	7	-	-	"	ഒരു വീട്ടിലും വൈദ്യുതി ലഭിച്ചിട്ടില്ല. വഴിയും ഇല്ല. വെള്ളവും ഇല്ല. അംഗീകരിക്കണം
4.	ചുരണാപ്പാറ കോളനി	6	6	-	-	6	6	-	-	വിലങ്ങുപാറ എംപി കിണറ്റിൽനിന്നും കുടിവെള്ളം പമ്പ് ചെയ്യാവുന്നതാണ്.

V. (12) വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്ന വിഭവങ്ങളായ മനുഷ്യൻ, മണ്ണ്, ജലം, ധനം, സസ്യങ്ങൾ തുടങ്ങിയവയുടെ പരസ്പരബന്ധിതമായ ഉപയോഗത്തിലൂടെ മാത്രമേ വരുംകാലങ്ങളിൽ പുരോഗതി ലഭിക്കുകയുള്ളു.

നമ്മുടെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വളരെ കുറവാണ്. മനുഷ്യവിഭവത്തെ വികസനപ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഉപയോഗിക്കുവാൻ നാളിതുവരെ നമുക്കു സാധിച്ചിട്ടില്ല.

ജനപ്പെരുപ്പത്തിനനുസരിച്ച് കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിക്കാത്തതിനാൽ ഉള്ളഭൂമിയുടെ ഫലസമൃദ്ധി ആവർത്തന കൃഷിയിലൂടെയും അമിതമായ രാസവളപ്രയോഗത്തിലൂടെയും നശിച്ചുകൊണ്ടിരിക്കുകയാണ്. ജൈവവളാധിഷ്ഠിതമായ കൃഷി സമ്പ്രദായത്തിലൂടെ മാത്രമേ നമുക്ക് മണ്ണിനെ രക്ഷിക്കാനാവൂ.

മഴവെള്ളം മുഴുവൻ നിമിഷനേരംകൊണ്ട് ഒഴുകി കടലിലെത്തുന്നു. ജനുവരിമാസം തുടങ്ങുമ്പോൾ തന്നെ തോടുകളിൽ വെള്ളം വറ്റാൻ തുടങ്ങുന്നു. ജലവിഭവം ഉപയോഗപ്പെടുത്താൻ പഞ്ചായത്തിനു സാധിച്ചിട്ടില്ല. പഞ്ചായത്തിന്റെ മാത്രം പരിശ്രമം കൊണ്ട് ജലവിഭവം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ സാധിക്കുകയില്ല.

ഗ്രാമിവികസനത്തിനുവേണ്ടി പഞ്ചായത്തിന്റെ വിഭവസമാഹരണവും ശരിയായി നടക്കുന്നില്ല. പഞ്ചായത്തു പിരിക്കുന്ന നികുതി ദൈനംദിന ചെലവുകൾക്കു മാത്രമേ തികയുന്നുള്ളു. 95-96 സാമ്പത്തിക വർഷത്തിൽ നമ്മുടെ പഞ്ചായത്തിൽ നികുതിയിനം വരവ് 618310.83രൂപയാണ്. മൊത്തം വരവ് മുൻ ബാക്കിയുൾപ്പെടെ 26251 31.24 രൂപയും ആകെ ചെലവ് 1443065.20 രൂപയുമാണ്. പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിൽക്കുന്ന ധനകാര്യസ്ഥാപനങ്ങളിൽ സഹകരണ സ്ഥാപനങ്ങൾ മാത്രമാണ് നാട്ടുകാരിൽ നിന്നും പിരിച്ചെടുക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നത്. കൊമേർഷ്യൽ ബാങ്കുകളിൽ കോടിക്കണക്കിന് നിക്ഷേപം ഉണ്ടെങ്കിലും കാർഷിക വ്യവസായ മേഖലകളിൽ ഇവിടെ ചെലവഴിക്കുന്നത് വളരെ നാമമാത്രമാണ്.

പഞ്ചായത്തിലുള്ള ബാങ്കുകളിലെ നിക്ഷേപങ്ങൾ

1. ഉഴവൂർ സർവ്വീസ് സഹകരണബാങ്ക് 700 ലക്ഷം
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മോനിപ്പള്ളി 525 ലക്ഷം
3. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഉഴവൂർ - കണക്ക് തരുവാൻ വിസമ്മതിച്ചു.
4. സൗത്ത് ഇൻഡ്യൻ ബാങ്ക് ഉഴവൂർ - കണക്ക് തരുവാൻ വിസമ്മതിച്ചു.

റിസർവ്വ് ബാങ്കിന്റെ നിർദ്ദേശമനുസരിച്ചുള്ള ആനുപാതിക സാമ്പത്തിക സഹായം ചെറുകിടകാർഷിക വ്യവസായ മേഖലകളിൽ ചെലവഴിക്കുന്നില്ല. വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്നവർ. അവരുടെ സമ്പാദ്യം പഞ്ചായത്തിനുള്ളിലെ ഉൽപാദന മേഖലകളിൽ നിക്ഷേപിക്കുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ ധാരാളം പുറംപോക്കു സ്ഥലങ്ങളുണ്ട്. ഈ പ്രദേശങ്ങളിലെ തടികൾ മോഷണം പോകുന്നുണ്ടെന്നു മാത്രമല്ല തോടിന്റെ വീതി ഗണ്യമായി കുറയുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിന് പലപ്പോഴും പുറമ്പോക്കു തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല. പഞ്ചായത്തിനു വിഭവസമാഹരണ ശേഷിയുളവാക്കുന്ന പുറംപോക്കുപുരയിടങ്ങളിലെ ആദായം പഞ്ചായത്തിനുലഭിക്കുന്നില്ല.

മനുഷ്യൻ, മണ്ണ്, ജലം, കാലാവസ്ഥ ധനം എന്നിവയുടെ ശരിയായ വിനിയോഗം സമൂഹത്തിന്റെയും തഥൈവ പഞ്ചായത്തിന്റെയും ശേഷി വർദ്ധിപ്പിക്കുന്നു.

വിഭവ സമാഹരണത്തിന് ആദ്യമായി ചെയ്യേണ്ടത് നികുതി ചോർച്ച കർശനമായും തടയുകയാണ്. കെട്ടിടനികുതി, വിനോദനികുതി, സ്റ്റാമ്പ് ഡ്യൂട്ടി, തൊഴിൽ നികുതി തുടങ്ങിയവ നിലവിലുള്ള നിയമമനുസരിച്ചും കൃത്യമായും അസ്സസ് ചെയ്ത് പിരിച്ചാൽ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ

സാധിക്കും.

നിർദ്ദേശങ്ങൾ

1. ഗവണ്മെന്റ് നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് നിർബന്ധമായും കെട്ടിടനികുതി, വിനോദ നികുതി, തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുക.

2. നിശ്ചിത തറവിസ്തീർണ്ണത്തിൽ കൂടുതൽ വരുന്നവയും അലങ്കാരപ്പണികൾ നടത്തിയിട്ടുള്ളവയും ആയ വീടുകൾക്ക് നിർമ്മാണ ചെലവു കണക്കാക്കി ഒരിക്കൽ മാത്രം ഈടാക്കുന്ന പ്രത്യേക നികുതി ചുമത്തുക.

3. നിശ്ചിത എക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവരിൽ നിന്നും തൊഴിൽക്കരം ഈടാക്കുക.

4. തോട്ടു പുറമ്പോക്കുകൾ അളന്നു തിട്ടപ്പെടുത്തി കല്ലുകൾ സ്ഥാപിച്ചു പഞ്ചായത്തിനു കൈമാറുവാൻ റവന്യൂ ഉദ്യോഗസ്ഥന്മാർ തയ്യാറാകണം. ഇങ്ങനെ ചെയ്താൽ പഞ്ചായത്തിനു വരുമാനം വർദ്ധിക്കുകയും തോട്ടുപുറമ്പോക്കുകളിൽ ജല ലഭ്യതയുള്ള സ്ഥലങ്ങളിൽ കുടിവെള്ളം ലഭ്യമാക്കാൻ കിണറുകൾ സ്ഥാപിക്കുവാൻ സാധിക്കും. കൂടാതെ പുറമ്പോക്കു കയ്യേറ്റങ്ങൾ കണ്ടുപിടിക്കുവാനും ഒഴിവാക്കുവാനും കഴിയും.

5. തോട്ടുപുറമ്പോക്കുകൾ ആണ്ടുതോറും ലേലം ചെയ്ത് പാട്ടത്തിനു നൽകുക.

6. മോനിപ്പള്ളി, ഉഴവൂർ എന്നീ ടൗണുകളിലെ പുറമ്പോക്കു ഭൂമിയിൽ ഷോപ്പിംഗ് കോംപ്ലെക്സ് പണിത് വാടകയ്ക്കു കൊടുക്കുക.

7. ഉഴവൂർ, മോനിപ്പള്ളി എന്നീ ടൗണുകളിൽ ടാക്സി സ്റ്റാന്റുകൾ പണിത് ടോൾ പിരിച്ചെടുക്കുക.

8. നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കു കെട്ടിടം പണിയുന്നവർ അടയ്ക്കുന്ന തുകയുടെ ലേബർ വിഹിതം കഴിച്ചു ബാക്കി തുക പഞ്ചായത്തിനു കൈമാറേണ്ടതാണ്.

9. വ്യവസായം നടത്താൽ താൽപര്യമുള്ളവർക്കായി സ്ഥലം വാങ്ങി തറവാടകയ്ക്കു നൽകുക. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.

10. മോനിപ്പള്ളി ഉഴവൂർ ടൗണുകളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിച്ച് ശുചിയായി സൂക്ഷിക്കാൻ ആളിനെ നിയോഗിക്കുകയും ഇതിന് ഉപഭോക്താക്കളിൽ നിന്ന് ടോൾ പിരിക്കുകയും ചെയ്യുക.

11. തരിശായി കിടക്കുന്ന പഞ്ചായത്തു പുറമ്പോക്കുഭൂമികളിൽ മരങ്ങൾ വച്ചുപിടിപ്പിച്ച് വെട്ടിയെടുക്കുന്നതിന് നിശ്ചിതകാലത്തേക്ക് പാട്ടത്തിനു നൽകുക.

12. വസ്തുക്കൾ ആധാരം ചെയ്യുമ്പോൾ ലഭിക്കുന്ന സ്റ്റാമ്പുവില മുഴുവനും ആതാത് പഞ്ചായത്തുകളിൽ ചെലവഴിക്കത്തക്കവിധം ലഭ്യമാക്കുക. ആധാരങ്ങൾ നടത്തുമ്പോൾ വസ്തുവിന്റെ യഥാർത്ഥ വില കാണിക്കുന്നില്ല. പഞ്ചായത്ത് അധികൃതർ വസ്തുവിന്റെ വില തിട്ടപ്പെടുത്തിക്കൊടുക്കുന്ന സമ്പ്രദായം നിലവിൽ വന്നാൽ പഞ്ചായത്തിന് ലാഭമുണ്ടാകും. ശ്രമദാനത്തിലൂടെ വികസനപ്രവർത്തനങ്ങൾ നടത്തുക.

ഇങ്ങനെ പലപദ്ധതികൾ ആസൂത്രണം ചെയ്ത് പഞ്ചായത്തിലെ വിഭവസമാഹരണം ചെയ്ത് പഞ്ചായത്തിലെ വിഭവസമാഹരണം വർദ്ധിപ്പിക്കാം.

ഉഴവൂർ ഗ്രാമപഞ്ചായത്ത് 93-94, 94-95, 95-96 വർഷങ്ങളിലെ വരുവുകൾ

	ഇനവിവരം	1993-94	94-95	95-96
1	കെട്ടിടനികുതി	152809.35	154984.20	165751.00
2.	തൊഴിൽ നികുതി	136640.00	162075.00	199730.00
3.	ലൈസൻസ് ഫീസ്	5274.00	6549.65	7369.50
4.	വിനോദനികുതി	8921.49	7703.45	8998.00
5.	മാർക്കറ്റ്	31945.00	43534.00	57050.00
6.	മറ്റുള്ളവ	160855.54	254329.41	179412.33
	ആകെ	496445.43	629175.71	618310.83

	ഗ്രാന്റുകൾ	1993-94	94-95	95-96
1.	V.R.M. Grant	18597.00	18965.00	18713.00
2.	M.I. Grant	2487.00	2487.00	4621.00
3.	V.T.C. Grant	4,50,000.00	-	144121.00
4.	25% duty	50,000.00	1,00,000.00	22815.00
5.	75% duty	130261.00	86404.00	102958.00
6.	Untied fund	174990.00	249050.00	259030.00
7.	മറ്റുള്ളവ	45659.00	47650.00	-
8.	J.R.Y.	121100.00	131500.00	170000.00
	ആകെ	993094.00	636056.00	722258.00

ഉഴവൂർ ഗ്രാമപഞ്ചായത്ത്

1993-94, 94-95, 95-96 എന്നീ വർഷങ്ങളിലെ ചെലവ് സംബന്ധിച്ച വിവരം.

	ഇനം	1993-94	94-95	95-96
1.	ഭരണം	341748.30	402451.75	466366.25
2.	പൊതുമരാമത്ത്	448733.50	326749.00	862529.00
3.	വിദ്യാഭ്യാസം	7090.00	33431.00	16012.00
4.	ജലവിതരണം ഓടകൾ, പൊതുജനാരോഗ്യം	38006.00	38164.00	8760.00
5.	തെരുവുവിളക്കുകൾ	30224.00	33051.00	38024.00
6.	മറ്റുള്ളവ	8312.75	12559.00	51374.00
	ആകെ	874114.55	846405.75	1443065.20

VI. ഉപസംഹാരം

ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ അപഗ്രഥനം നടത്തുന്നതിന് ഈ റിപ്പോർട്ടു വഴി പരമാവധി പരിശ്രമിച്ചിട്ടുണ്ട്. അതിൽ പൂർണ്ണമായി വിജയിച്ചു എന്ന് അവകാശപ്പെടുന്നില്ല. ചുരുങ്ങിയ സമയത്തിനുള്ളിൽ കിട്ടാവുന്നിടത്തോളം വിവരങ്ങൾ ശേഖരിച്ച് തയ്യാറാക്കിയ ഈ റിപ്പോർട്ടിൽ പല അപാകതകളും അപൂർണ്ണതകളും കടന്നുകൂടിയിട്ടുണ്ടാവാം. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി പലരും ശ്രമിച്ചിട്ടുണ്ട്. അവർക്കെല്ലാം നന്ദി രേഖപ്പെടുത്തുവാൻ ഈ അവസരം ഉപയോഗിക്കുന്നു.

നമ്മുടെ സമ്പത്തും വിഭവശേഷികളും കണ്ടുപിടിച്ച്, മനുഷ്യശക്തി ഉപയോഗിച്ച് പുരോഗതിയിലേക്കുള്ള മുന്നേറ്റത്തിന് ആക്കം കൂട്ടുന്നതിലാണ് ജനകീയ ആസൂത്രണത്തിന്റെ വിജയം അടങ്ങിയിരിക്കുന്നത്. ആ നിലയിൽ കഴിഞ്ഞകാല തലമുറയുടെ കഠിനമായ പരിശ്രമവും നമ്മുടെ സംഘടിതശ്രമവും ഒത്തൊരുമിച്ച് മഹാന്മാരായ നമ്മുടെ മുൻകാല സമകാലീന നേതാക്കന്മാർ വെട്ടിത്തെളിച്ച പാതയിലൂടെ ഔന്നിത്യത്തിന്റെ, പുരോതിയുടെ ഉന്നതസോപാനത്തിലേക്ക് നമുക്ക് നടന്നു കയറാം.

ദുർബ്ബലവിഭാഗങ്ങളുൾപ്പടെ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും ഗാന്ധിജി സ്വപ്നം കണ്ട ഗ്രാമസ്വരാജിലേക്ക് കൈപിടിച്ച് നടത്താൻ ഈ ജനകീയാസൂത്രണം വഴി തെളിക്കട്ടെ. അങ്ങനെ ഈ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണകാരുടെ വളരെക്കാലമായുള്ള സ്വപ്നങ്ങൾ യാഥാർത്ഥ്യമായിത്തീരട്ടെ.

ജെ. ജോൺ തറപ്പിൽ
കൺവീനർ
ജനകീയ ആസൂത്രണ കമ്മിറ്റി



സ്ഥലനാമങ്ങൾ

1. മുണ്ടിയാനിപ്ലാം
2. ചീങ്കല്ലേൽ
3. മുക്കട
4. മോനിപ്പള്ളി ജംഗ്ഷൻ
5. കൊക്കരണി
6. കല്ലിടുക്കി
7. കോമാക്കിൽ
8. കോലടി
9. പറുദീസാ ജംഗ്ഷൻ
10. അരുവാവളവ്
11. ആച്ചിക്കൽ
12. കുടുക്കപ്പാറ
13. പയസ്മൗണ്ട്
14. കുഴുപ്പിൽ
15. ചെമ്മല
16. ചേറ്റുകുളം
17. മണിയാക്കുപാറ
18. പൂവത്തുങ്കൽ
19. വഴമാംചോട്
20. കോളേജ് ജംഗ്ഷൻ
21 പള്ളിക്കവല
23. കുരിശുപള്ളി കവല
24 കരയോഗകവല
25. ചോറാടി
26. പുല്ലാറ
27. കലാമുകുളം
28. ഇടക്കോലി പള്ളി
29. നെടുമ്പാറ
30. ആനക്കല്ലുമല
31. മരോട്ടിച്ചുവട്
32. മാങ്കുഴിനീരിട്ടി വെട്ടം





Printed at St. Rochs Offset Press, Areekkara